# പുതിയനിയമ
# പഠനസഹായി

റ്റി. കെ. ഏബ്രഹാം

ഗ്രെയ്സ് ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ്
ന്യൂ ടെസ്റ്റമെന്റ് കമന്ററി
പി.ബി. നമ്പർ 8, ഏറ്റുമാനൂർ- 686 631, കേരള, ഇന്ത്യ

# ആമുഖം

മനുഷ്യജീവിതത്തോടു ബന്ധമുള്ള അമൂല്യ ആത്മീയ സത്യങ്ങൾ വെളിപ്പെടുത്തുന്ന ഗ്രന്ഥമാകുന്നു പുതിയനിയമം. യേശുക്രിസ്തുവിൽ അധിഷ്ഠിതമായ രക്ഷാമാർഗ്ഗം അതു വെളിപ്പെടുത്തുന്നു. ക്രിസ്തുമാർഗ്ഗം ഉപദേശിക്കുന്ന ആത്മീയവും സാന്മാർഗ്ഗികവും ധാർമ്മികവും ചരിത്രപരവുമായ സത്യങ്ങൾ ഗ്രഹിക്കുവാൻ പുതിയനിയമം പഠിക്കേണ്ടത് ഒഴിച്ചുകൂടാത്ത ആവശ്യം ആകുന്നു. മാറ്റങ്ങൾകൊണ്ടു നിറഞ്ഞ ലോകത്തിൽ പുതിയ നിയമ സത്യങ്ങൾ മാറാത്ത സത്യങ്ങളായി പ്രശോഭിക്കുന്നു. സത്യാന്വേഷികൾ ക്കുള്ള ഉത്തരം അതിൽ കണ്ടെത്താവുന്നതാണ്. സത്യത്തിനു സാക്ഷി നിൽ ക്കുവാൻ വന്ന ക്രിസ്തുവാണ് പുതിയനിയമത്തിലെ കേന്ദ്രവിഷയം. സത്യത്തിന്റെ പരിജ്ഞാനം ലഭിക്കുവാൻ ആഗ്രഹിക്കുന്നവർ ഈ ദിവ്യഗ്രന്ഥം പഠിക്കണം.

ജി.ബി.സി.സിയുടെ പ്രാഥമിക പാഠങ്ങൾ പഠിച്ചവരുടെ ഉപരി പഠനാർത്ഥം തയ്യാറാക്കിയിട്ടുള്ളതാണ് 'പുതിയനിയമ പഠനസഹായി' എന്ന കമന്ററി. അടിസ്ഥാന ഉപദേശസത്യങ്ങൾക്കും പ്രായോഗിക ജീവിത ഉപദേശങ്ങൾക്കും പ്രാധാന്യം നൽകുന്ന ഒരു ഗ്രന്ഥമാകുന്നു ഇത്. ലളിതമായ ഭാഷയിൽ ഈ കമന്ററി എഴുതുവാൻ ആവോളം ശ്രദ്ധിച്ചിട്ടുണ്ട്. പുതുതായി രക്ഷിക്കപ്പെട്ട വിശ്വാസികളുടെ ആത്മീയ അഭിവൃദ്ധിയെ ലക്ഷ്യമാക്കിയാണ് ഇത് രചിച്ചിട്ടുള്ളത്. ഗ്രന്ഥരചനയ്ക്കു മലയാളഭാഷയിലും ഇംഗ്ലീഷിലുമുള്ള അനേകം വിലപ്പെട്ട ഗ്രന്ഥങ്ങൾ സഹായകരമായി തീർന്നിട്ടുണ്ട്. അനേക വർഷത്തെ വചനപഠനവും ഈ ഗ്രന്ഥം രചിക്കുവാൻ എനിക്കു പ്രേരണ നൽകി. ഈ ഗ്രന്ഥം വായനക്കാർക്ക് ആത്മീയ അഭിവൃദ്ധിക്കു കാരണമാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. പാഠങ്ങൾ വായിക്കുന്നതിനു മുൻപ് ഓരോ അദ്ധ്യായവും വായിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

ഈ ഗ്രന്ഥത്തിന്റെ പ്രൂഫു നോക്കി സഹായിച്ച സഹോദരൻ ജോൺസൺ കുളങ്ങരയോടും, ഇതിന്റെ അച്ചടി സംബന്ധമായ ഉത്തരവാദി ത്വങ്ങൾ വഹിച്ച എബനേസർ പ്രിന്റേഴ്സിനോടുമുള്ള നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

അല്പമാം ഉപകരണംകൊണ്ടു മഹത്തായ വേലകൾ ചെയ്യുന്ന കർത്താവ് ഈ പഠനസഹായി മുഖാന്തരം അനേകർക്ക് മാർഗ്ഗദീപവും അനുഗ്രഹങ്ങളും പ്രദാനംചെയ്യട്ടെ എന്നുള്ള പ്രാർത്ഥനയോടെ ഈ ഗ്രന്ഥം കർത്തൃപാദത്തിൽ സമർപ്പിച്ചുകൊള്ളുന്നു.

ക്രിസ്തുവിൽ സഹോദരൻ,
**റ്റി. കെ. ഏബ്രഹാം**

# അവതാരിക

"ആരും ബൈബിൾ വായിക്കരുത്"- പ്രസിദ്ധനായൊരു ക്രൈസ്തവനേതാവിന്റെ വാക്കുകളാണ് ഇതെന്നറിയുമ്പോൾ നമ്മുടെ ഞെട്ടലിന് ആക്കം കൂടും. പക്ഷെ ബാക്കി കൂടെ കേൾക്കൂ - "ബൈബിൾ വായിച്ചു മാറ്റിവെക്കാനുള്ള ഗ്രന്ഥമല്ല പഠിച്ച് ഹൃദിസ്ഥമാക്കാനുള്ള ദൈവവചനമാണ്."

"ഞാൻ വരുവോളം വായന, പ്രബോധനം, ഉപദേശം എന്നിവയിൽ ശ്രദ്ധിച്ചിരിക്ക" എന്നു സുവിശേഷകനായ തിമൊഥെയൊസിനോട് പിതൃസ്ഥാനീയനായ പൗലൊസ് ഓർമ്മിപ്പിക്കുന്നു. ഈ വായന, പ്രബോധനത്തിനും ഉപദേശത്തിനും വേണ്ടിയുള്ളതാണ്. വെറുതെ ഒരു ദിനചര്യയായി വായിക്കുക എന്ന അർത്ഥത്തിലല്ല. വചനം നിരന്തരം വായിക്കുന്നവർക്കു മാത്രമേ അതിലെ ആത്മീയ സത്യങ്ങൾ വെളിപ്പെട്ടു കിട്ടുകയുള്ളൂ. അപ്പോൾ മാത്രമേ മറ്റുള്ളവരെ പ്രബോധിപ്പിക്കാനും ഉപദേശിക്കാനും കഴിയൂ.

"എസ്രാപുരോഹിതൻ പുരുഷന്മാരും സ്ത്രീകളും കേട്ടു ഗ്രഹിക്കാൻ പ്രാപ്തിയുള്ള എല്ലാവരുമായ സഭയുടെ മുമ്പാകെ ന്യായപ്രമാണം കൊണ്ടുവന്നു. നീർവ്വാതി ലിനെതിരെയുള്ള വിശാല സ്ഥലത്തുവെച്ച് രാവിലെ തുടങ്ങി ഉച്ചവരെ പുരുഷന്മാരും സ്ത്രീകളും ഗ്രഹിക്കാൻ പ്രാപ്തിയുള്ള എല്ലാവരും കേൾക്കെ ന്യായപ്രമാണപുസ്തകം വായിച്ചു. സർവ്വജനവും ശ്രദ്ധിച്ചു കേട്ടു... ജനം താന്താന്റെ നിലയിൽ തന്നെ നിന്നി രിക്കെ യേശുവ, ബാനി... എന്നിവരും ലേവ്യരും ജനത്തിന് ന്യായപ്രമാണത്തെ പൊരുൾ തിരിച്ചു കൊടുത്തു. ഇങ്ങനെ അവർ ദൈവത്തിന്റെ ന്യായപ്രമാണപുസ്തകം തെളിവായി വായിച്ചു കേൾപ്പിക്കുകയും വായിച്ചതു ഗ്രഹിപ്പാൻ തക്കവണ്ണം അർത്ഥം പറഞ്ഞുകൊടുക്കുകയും ചെയ്തു" (നെഹെ. 8:2, 3, 7, 8).

"ഒരുത്തൻ പൊരുൾ തിരിച്ചു തരാതിരുന്നാൽ എങ്ങനെ ഗ്രഹിക്കും?" എന്ന എത്യോപ്യ രാജ്ഞിയുടെ ഷണ്ഡന്റെ ചോദ്യം ഇവിടെ ചിന്തനീയമാണ്. പിസിദ്യാ ദേശത്തിലെ അന്ത്യൊക്ക്യയിൽ പള്ളിയിൽ വെച്ച് കർത്താവിന്റെ ക്രൂശുമരണത്തെ പരാമർശിച്ച് പ്രസംഗിക്കുന്ന പൗലൊസിന്റെ വാക്കുകൾ ശ്രദ്ധിച്ചാൽ അന്നത്തെ യെഹൂദന്മാർക്കു പറ്റിയ പരാജയത്തിന്റെ കാരണം വ്യക്തമാണ്. "യെരൂശലേം നിവാസികളും അവരുടെ പ്രമാണികളും അവനെയോ ശബ്ബത്തുതോറും വായിച്ചു വരുന്ന പ്രവാചകന്മാരുടെ വചനങ്ങളെയോ തിരിച്ചറിയാതെ അവനെ ശിക്ഷയ്ക്കു വിധിച്ചു" (പ്രവൃ. 13:27).

ശബ്ബത്തിൽ നസറെത്തിലെ പള്ളിയിൽ ചെന്ന് യെശയ്യാ പ്രവാചകന്റെ പുസ്തക ത്തിലെ ഒരു ഭാഗം വായിച്ച കർത്താവ് ഇങ്ങനെ പൊരുൾ തിരിച്ചുകൊടുത്തു: "ഇന്ന് നിങ്ങൾ എന്റെ വചനം കേൾക്കയിൽ ഈ തിരുവെഴുത്തിന് നിവൃത്തി വന്നിരി

ക്കുന്നു" (ലൂക്കൊ. 4:21). തുടർന്നുണ്ടായ സംഭവവികാസങ്ങൾ നമുക്ക് അറിവുള്ളതാണല്ലോ.

വചനം ലിഖിതരൂപത്തിൽ ലഭ്യമായ കാലം മുതലേ തന്നെ അത് വായിച്ചു കേൾപ്പിക്കുകയും പൊരുൾ തിരിച്ചു കൊടുക്കുകയും ചെയ്യുന്ന പതിവുണ്ടായിരുന്നു. അതു ശരിയായി പഠിച്ചു മനസ്സിലാക്കാത്തതിനാൽ ഉണ്ടായ തിക്താനുഭവങ്ങളെ കുറിച്ചും നാം വായിച്ചു. ഫലകരമായ ക്രിസ്തീയ ജീവിതത്തിനും ദൈവസാമീപ്യം അനുഭവിച്ചറിയുന്നതിനും വചനപഠനം അത്യന്താപേക്ഷിതമാണ്.

സമയം വിലപ്പെട്ടതാണ്. ഇന്നത്തേതിൽനിന്ന് അല്പം നാളത്തേക്ക് മാറ്റിവെക്കാനോ നാളത്തേതിൽനിന്ന് അഡ്വാൻസായി ഇന്നേക്ക് അല്പം എടുക്കാനോ, വായ്പ വാങ്ങാനോ വായ്പ കൊടുക്കാനോ കഴിയാത്ത അമൂല്യ സ്വത്താണ് സമയം. കാളവണ്ടിക്കു പകരം കാറും പ്ലെയിനും, അരകല്ലിന്റെ സ്ഥാനത്ത് ഗ്രൈന്ററും മിക്സിയും, അലക്കുകല്ലിനോട് മല്ലടിച്ചവർക്ക് വാഷിങ് മെഷിനും, അഞ്ചലോട്ടക്കാരന്റെ ഡ്യൂട്ടി ഈമെയിലും ഇന്റർനെറ്റും മൊബൈലും ഏറ്റെടുത്തിട്ടും പക്ഷെ മനുഷ്യന് ഒന്നിനും സമയമില്ല. തിരക്കോട് തിരക്കാണവന്. വീണുകിട്ടുന്ന ഇടവേളകൾ വേണ്ടവിധം പ്രയോജനപ്പെടുത്താനും സാധിക്കുന്നില്ല. ഈ പശ്ചാത്തലത്തിൽ ആണ് ബ്ര. റ്റി. കെ. ഏബ്രഹാമിന്റെ 'പുതിയനിയമ പഠനസഹായി' എന്ന ഗ്രന്ഥം വിലപ്പെട്ടതായി തീരുന്നത്. ബൈബിൾ സ്കൂളിലോ സെമിനാരിയിലോ പോയി പഠിക്കാൻ കഴിയാത്തവർക്ക് ബൈബിളിനെപ്പറ്റി ഒരു സാമാന്യജ്ഞാനം ആർജ്ജിക്കുവാൻ ഈ പുസ്തകം സഹായകമായിരിക്കും. ബൈബിൾ കയ്യിലെടുത്താൽ ഉറക്കം വരുന്നത് വായിക്കുന്നത് മനസ്സിലാവുന്നില്ല എന്നതിന്റെ സൂചന കൂടിയാണ്. ഒരു പുസ്തകം മനസ്സിലാക്കി വായിക്കുമ്പോൾ മനസ്സുണർന്നിരിക്കും.

പുതിയനിയമം - 27 പുസ്തകങ്ങളും - വളരെ ലളിതമായി പൊരുൾ തിരിച്ചു തരികയാണ് ഗ്രന്ഥകാരൻ ചെയ്തിരിക്കുന്നത്. ഓരോ പുസ്തകത്തിനും മുഖവുര, ചരിത്രപശ്ചാത്തലം, ലക്ഷ്യം, വിഷയവിഭജനം ഇവ കൊടുത്തിരിക്കുന്നു. നാലോ അഞ്ചോ വാക്കുകളിലൊതുങ്ങുന്ന വാചകങ്ങൾ, ലളിതമായ ഭാഷ, ഏതു സാധാരണക്കാരനും പരാശ്രയമില്ലാതെ വായിച്ചു മനസ്സിലാക്കാവുന്ന അവതരണശൈലി. അദ്ധ്യായങ്ങൾ, സംഭവങ്ങൾ, വിഷയങ്ങൾ, വ്യക്തികൾ എന്നിങ്ങനെ തരംതിരിച്ചുള്ള പഠനരീതി നവാഗതർക്കു മാത്രമല്ല സഭാശുശ്രൂഷകന്മാർക്കും പ്രയോജനപ്പെടും.

പ്രവചനവിഷയവീക്ഷണങ്ങളിൽ വ്യക്തിപരമായി ചില വിയോജിപ്പുകൾ ഉണ്ടെങ്കിലും തന്റെ ദീർഘവർഷങ്ങളിലെ കഠിനാദ്ധ്വാനവും പ്രാർത്ഥനയും ഏറെക്കുറെ ഫലവത്തായിട്ടുണ്ട്. കുമ്പനാട് ബൈബിൾ സ്കൂളിന്റെ പ്രാരംഭകാല പ്രവർത്തകരിൽ മുൻനിരക്കാരൻ, സുവിശേഷകൻ, വേദാദ്ധ്യാപകൻ, ഗ്രന്ഥരചയിതാവ്, പരിഭാഷകൻ എന്നീ നിലകളിൽ കഴിഞ്ഞ തലമുറയിൽ പ്രശസ്തനായിരുന്ന ബ്ര. റ്റി. എ. കുര്യന്റെ മകനായ റ്റി. കെ. ഏബ്രഹാം ഭക്തിമാർഗ്ഗത്തിൽ പിതാവിന്റെ പാത തന്നെ പിന്തുടരാനാണാഗ്രഹിക്കുന്നത്. ബൈബിൾ സ്കൂൾ അദ്ധ്യാപകൻ എന്ന നിലയിൽ ബ്ര. റ്റി. കെ. യുടെ ശിഷ്യനായിരിക്കാനും എനിക്കവസരം കൈവന്നിട്ടുണ്ട്. കേരളത്തിൽ അറിയപ്പെടുന്ന പല ബൈബിൾ കറസ്പോണ്ടൻസ് കോഴ്സുകളുടെയും ടെക്സ്റ്റ് ബുക്കുകൾ ഇദ്ദേഹത്തിന്റെ രചനകളാണ്. ഈ കോഴ്സുകളിലൂടെ കർത്താവിനെ രക്ഷിതാവായി സ്വീകരിച്ചവരും നിരവധിയാണ്.

അതിനാൽ ഈ 'പുതിയനിയമ പഠനസഹായി'യും അനേകർക്ക് ആത്മികാഭിവൃദ്ധിക്കും അനുഗ്രഹങ്ങൾക്കും വഴിയൊരുക്കും എന്ന ദൃഢവിശ്വാസത്തോടെ, ഇനിയും ഇത്തരം രചനകൾ തന്റെ തൂലികത്തുമ്പിൽനിന്നുരുത്തിരിയട്ടെയെന്ന പ്രാർത്ഥനയോടെ ഈ കൃതി സജ്ജനസമക്ഷം സസന്തോഷം അവതരിപ്പിക്കുന്നു.

അങ്കമാലി
24-10-06

**ജോൺസൺ കുളങ്ങര** (Evng.)

# മുഖവുര

ബൈബിൾ ദൈവവചനമാകുന്നു. ദിവ്യസത്യങ്ങളുടെ സമാഹാരമാണിത്. അതു വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്യുന്നവർ ആത്മസന്തോഷവും സമാധാനവും പ്രത്യാശയും ഉള്ളവർ ആകും. ദൈവം ആരാണെന്നും മനുഷ്യനും ദൈവവുമായി എങ്ങനെ ബന്ധപ്പെടാമെന്നും ബൈ ബിൾ വ്യക്തമാക്കുന്നു. അതിലെ കേന്ദ്രബിന്ദു ക്രിസ്തുവാണ്. മാറ്റങ്ങൾ കൊണ്ടു നിറഞ്ഞ ലോകത്തിൽ മാറാത്ത സത്യമായി ബൈബിൾ ഇരിക്കുന്നു. ഈ ദിവ്യഗ്രന്ഥത്തിൽ ദൈവത്തിന്റെ മനസ്സ്, മനുഷ്യസ്ഥിതി, രക്ഷയ്ക്കുള്ള മാർഗ്ഗം, പാപിയുടെ നാശം, വിശ്വാസികളുടെ സൗഭാഗ്യം എന്നിവ രേഖപ്പെടുത്തിയിരിക്കുന്നു. ഇതിലെ ഉപദേശങ്ങൾ വിശുദ്ധമാണ്, പ്രമാണങ്ങൾ ലളിതമാണ്, ചരിത്രം സത്യമാണ്. ബൈബിൾ ഒരു ദിവ്യലൈബ്രറി ആകുന്നു. ഇതിൽ 66 പുസ്തകങ്ങളുണ്ട്. പഴയനിയമം, പുതിയനിയമം എന്നിങ്ങനെ രണ്ടായി വിഭജിച്ചിരിക്കുന്നു. പഴയനിയമത്തിൽ 39 പുസ്തകങ്ങളും പുതിയനിയമത്തിൽ 27 പുസ്തകങ്ങളും അടങ്ങിയിരിക്കുന്നു. നാല്പതോളം എഴുത്തുകാർ 1600 വർഷങ്ങൾകൊണ്ട് രചിച്ചിട്ടുള്ളതാണ് ബൈബിൾ. അതിലെ ആലോചനകൾ മനുഷ്യന്റെ ബുദ്ധിമൂശയിൽ രൂപംകൊണ്ടതല്ല. ദൈവകല്പനയാൽ മനുഷ്യർ പരിശുദ്ധാത്മനിയോഗം പ്രാപിച്ചിട്ട് രചിച്ചിട്ടുള്ള തത്രെ. ആത്മരക്ഷയ്ക്കും വിശുദ്ധജീവിതത്തിനും ശക്തി നൽകുന്ന ദൈവവചനം വായിക്കുകയും ധ്യാനിക്കുകയും അനുസരിക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാർ ആകുന്നു.

### പഴയ നിയമം

ക്രിസ്തുവിനുമുമ്പുള്ള ഏകദേശം നാലായിരം വർഷങ്ങളിലെ മാനവചരിത്രമാണ് 39 പുസ്തകങ്ങൾ അടങ്ങിയ പഴയനിയമം. ദൈവം സകലവും സൃഷ്ടിച്ചു എന്ന സത്യം ബൈബിൾ വെളിപ്പെടുത്തുന്നു. ഈ ഭൂമിയിൽ

ജാതികൾ, വംശങ്ങൾ, രാജ്യങ്ങൾ, സംസ്കാരങ്ങൾ, പരിഷ്കാരങ്ങൾ എന്നിവയെല്ലാം എങ്ങനെയുണ്ടായി എന്ന് പഴയനിയമത്തിൽ കാണാം. മനുഷ്യനോട് എങ്ങനെ ദൈവം ബന്ധപ്പെടാൻ ആഗ്രഹിക്കുന്നു എന്നറിയുവാൻ ബൈബിൾ പഠിക്കണം. ദൈവത്തിന്റെ കല്പനകൾ വെളിപ്പെടുത്തുന്ന ഈ ദിവ്യഗ്രന്ഥം അവന്റെ സ്വഭാവം മനുഷ്യനു വരച്ചുകാണിക്കുന്നു. ദൈവത്തെ സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്ത വ്യക്തികൾക്കും രാജ്യങ്ങൾ ക്കും ഉണ്ടായ അനുഗ്രഹങ്ങൾ ബൈബിളിൽ കാണാം. അതുപോലെ തന്നെ അവനെ നിരാകരിച്ചവർക്ക് ഉണ്ടായ ന്യായവിധിയും ബൈബിൾ വെളിപ്പെടു ത്തുന്നു. പഴയനിയമത്തെ, ന്യായപ്രമാണം, പ്രവാചകപുസ്തകങ്ങൾ, സങ്കീർ ത്തനങ്ങൾ എന്നിങ്ങനെയാണ് ക്രിസ്തു വിഭജിച്ചിട്ടുള്ളത് (ലൂക്കൊ. 24:44). നമ്മുടെ പഠനത്തിനു സഹായകരമായി ബൈബിളിനെ എട്ടായി വിഭജിക്കാം.

### 1. ന്യായപ്രമാണ പുസ്തകങ്ങൾ

ഉല്പത്തി മുതൽ ആവർത്തനം വരെയുള്ള അഞ്ചു പുസ്തകങ്ങൾ; പഞ്ചഗ്രന്ഥങ്ങൾ എന്ന് ഇവ അറിയപ്പെടുന്നു. മോശെയാണ് ഗ്രന്ഥകാരൻ. ഉല്പത്തി സകലത്തിന്റെയും ആരംഭം വിവരിക്കുന്നു. യെഹൂദാജാതിയുടെ ആരംഭം നാം ഉല്പത്തിയിൽ കാണുന്നുണ്ട്. അവർ ഈജിപ്റ്റിൽ അടിമകളായി കഴിയേണ്ടിവന്നു. ദൈവം അവരെ അടിമത്തത്തിൽനിന്നും വിടുവിക്കുന്ന ചരിത്രമത്രെ പുറപ്പാടുപുസ്തകം. അവർ ദൈവത്തെ ആരാധിക്കുവാനും സേവിക്കുവാനും ആവശ്യമായ കല്പനകൾ ലേവ്യാപുസ്തകം നൽകുന്നു. സംഖ്യാപുസ്തകം യിസ്രായേലിന്റെ മരുപ്രയാണ ചരിത്രമാണ്. ആവർത്തനപുസ്തകത്തിൽ മോശെയുടെ അന്ത്യവാക്കുകൾ കാണാം. ദൈവം യിസ്രായേലിനെ വിടുവിക്കുകയും പരിപാലിക്കുകയും ചെയ്ത വിധങ്ങൾ വിവരിച്ചശേഷം അവരെ പുനഃപ്രതിഷ്ഠയ്ക്ക് ആഹ്വാനം ചെയ്യുന്നു.

### 2. ചരിത്ര പുസ്തകങ്ങൾ

യോശുവ മുതൽ എസ്ഥേർ വരെയുള്ള പുസ്തകങ്ങൾ യിസ്രായേൽ കനാൻദേശം കൈവശപ്പെടുത്തുന്നതും തുടർന്ന് ന്യായാധിപന്മാരും രാജാക്കന്മാരും അവരെ ഭരിക്കുന്നതുമായ ചരിത്രവിവരണം ആകുന്നു. അവർ ദൈവകല്പനകൾ അനുസരിക്കാഞ്ഞതിനാൽ പ്രവാസത്തിലേക്ക് പോകേണ്ടിവന്നു. അനുതപിച്ച് ദൈവത്തിങ്കലേക്ക് ജനം മടങ്ങിവരികയും എസ്രാ, നെഹെമ്യാവ് എന്നിവരുടെ നേതൃത്വത്തിൽ കനാൻദേശത്തേക്ക് മടങ്ങിവരികയും ചെയ്തു.

### 3. കാവ്യ പുസ്തകങ്ങൾ

ഇയ്യോബ് മുതൽ ഉത്തമഗീതം വരെയുള്ള അഞ്ചു പുസ്തകങ്ങൾ കവിതകളാണ്. സങ്കീർത്തനങ്ങളിൽ പകുതിയോളം ദാവീദ് രചിച്ചതാണ്. കഷ്ടതകളിൽ സഹിഷ്ണുത ഉള്ളവരാകണം എന്ന പാഠം ഇയ്യോബിൽ കാണാം. സങ്കീർത്തനങ്ങൾ യിസ്രായേലിന്റെ സ്തുതിഗീതങ്ങളാണ്. ഉത്തമ ഗീതത്തിൽ നിഷ്കളങ്കസ്നേഹത്തിന്റെ ചിത്രം കാണാം. സദൃശവാക്യങ്ങളും സഭാപ്രസംഗിയും വിജ്ഞാനഗ്രന്ഥങ്ങൾ ആകുന്നു. ഉത്തമഗീതം, സദൃശവാക്യങ്ങൾ, സഭാപ്രസംഗി എന്നിവ ശലോമോൻ രചിച്ചുവെന്ന് കരുതപ്പെടുന്നു.

### 4. പ്രവചന പുസ്തകങ്ങൾ

യെശയ്യാവ് മുതൽ മലാഖി വരെയുള്ള പുസ്തകങ്ങളാണ് അവ. അവയെ വലിയ പ്രവാചകന്മാർ, ചെറിയ പ്രവാചകന്മാർ എന്നിങ്ങനെ രണ്ടായി വിഭജിക്കാം. ഇവ പ്രവാചകന്മാരുടെ വലിപ്പച്ചെറുപ്പത്തെയല്ല കാണിക്കുന്നത്. പ്രത്യുത അവർ എഴുതിയ പുസ്തകങ്ങളുടെ വലിപ്പച്ചെറുപ്പത്തെ കുറിക്കുന്നു. ചെറിയ പ്രവാചകരുടെ പുസ്തകങ്ങൾ ഹോശേയ മുതൽ മലാഖി വരെയാണ്. ദൈവം പ്രവാചകരിലൂടെയാണ് അരുളിച്ചെയ്തിരുന്നത്. ആ ആലോചനകൾ ഇക്കാലത്തും പ്രസക്തമാണ്. “മുന്നെഴുതിയിരിക്കുന്നതൊക്കെയും നമ്മുടെ ഉപദേശത്തിനായിട്ട്, നമുക്ക് തിരുവെഴുത്തുകളാൽ ഉളവാകുന്ന സ്ഥിരതയാലും ആശ്വാസത്താലും പ്രത്യാശ ഉണ്ടാകേണ്ടതിന് തന്നെ എഴുതിയിരിക്കുന്നു” (റോമർ 15:4).

### 5. സുവിശേഷങ്ങൾ

മത്തായി മുതൽ യോഹന്നാൻ വരെയുള്ള നാലു പുസ്തകങ്ങൾ ആണിവ. ക്രിസ്തുവിന്റെ ജീവചരിത്രം സംക്ഷിപ്തമായി സുവിശേഷങ്ങളിൽ കാണാം. ക്രിസ്തുവിന്റെ ജനനം, ജീവിതം, പരസ്യശുശ്രൂഷ, മരണം, പുനരുത്ഥാനം, സ്വർഗ്ഗാരോഹണം എന്നീ വസ്തുതകൾ സുവിശേഷങ്ങളിൽ കാണാം.

### 6. അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ

ഇത് ആദിമസഭയുടെ ചരിത്രമാകുന്നു. ക്രിസ്തുവിന്റെ ജീവിതത്തെയും സഭയുടെ വളർച്ചയെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു കണ്ണിയായി ഈ പുസ്തകമിരിക്കുന്നു. ലേഖനങ്ങൾ മനസ്സിലാക്കുവാൻ ഈ പുസ്തകപഠനം ഒഴിച്ചുകൂടാത്തതാണ്. പെന്തക്കൊസ്തിൽ സഭ ആരംഭിച്ച് റോമിൽ പൗലൊസ് തടവുകാരനാകുന്നതുവരെയുള്ള ചരിത്രമാണ് അപ്പൊസ്തല പ്രവൃത്തികൾ.

### 7. ലേഖനങ്ങൾ

റോമർ മുതൽ യൂദാ വരെയുള്ള 21 പുസ്തകങ്ങളാണിവ. ഉപദേശഗ്രന്ഥങ്ങൾ എന്നും ഇവ അറിയപ്പെടുന്നു.

ലേഖനങ്ങൾ ക്രിസ്തീയ ജീവിത ത്തിന് ആവശ്യമായ ഉപദേശങ്ങളും പ്രായോഗിക നിർദ്ദേശങ്ങളും നൽകുന്നു. പതിമൂന്നോളം ലേഖനങ്ങൾ പൗലൊസിന്റേതാണ്.

### 8. വെളിപ്പാട് പുസ്തകം

പുതിയനിയമത്തിലെ പ്രവചനപുസ്തകം ആകുന്നു ഇത്. ക്രിസ്തുവിനെ മഹത്വസമ്പൂർണ്ണനായി ഇവിടെ കാണാം. വിശ്വാസികൾക്ക് മുന്നറിയിപ്പും പ്രത്യാശയും നൽകുന്ന ഗ്രന്ഥമാണിത്. ദൈവത്തിന്റെ സർവ്വാധികാരം, ക്രിസ്തുവിന്റെ തിരിച്ചുവരവ്, ലോകത്തിനുണ്ടാകുവാൻ പോകുന്ന ന്യായവിധി, ദൈവജനം വിശ്വസ്തരാകുവാനുള്ള ആഹ്വാനം, അവരുടെ ഭാഗ്യകരമായ പ്രത്യാശ എന്നീ വിഷയങ്ങൾ വെളിപ്പാടുപുസ്തകത്തിൽ കാണാം.

### ബൈബിളിലെ കേന്ദ്രവിഷയം

ബൈബിളിലെ കേന്ദ്രബിന്ദു ക്രിസ്തുവാകുന്നു. പഴയനിയമം വരുവാനുള്ള നന്മകളുടെ നിഴൽ മാത്രമാണ്. ക്രിസ്തുവിനെക്കുറിച്ചുള്ള പ്രവചനങ്ങൾ പഴയനിയമത്തിൽ കാണാം. ക്രിസ്തുവിന്റെ പ്രതിരൂപങ്ങൾ പഴയനിയമത്തിൽ ധാരാളമായിട്ടുണ്ട്. ക്രിസ്തു ഈ സത്യം യെഹൂദമതഭക്തന്മാരോടു പ്രസ്താവിച്ചതായി കാണാം. “നിങ്ങൾ തിരുവെഴുത്തുകളെ ശോധന ചെയ്യുന്നു; അവയിൽ നിങ്ങൾക്കു നിത്യജീവനുണ്ട് എന്നു നിങ്ങൾ നിരൂപിക്കുന്നുവല്ലോ; അവ എനിക്കു സാക്ഷ്യം പറയുന്നു” (യോഹ. 5:39). അതുപോലെ തന്നെ ഉയിർത്തെഴുന്നേറ്റ കർത്താവ് തന്റെ അരുമശിഷ്യന്മാരോട് അരുളിച്ചെയ്തതും ശ്രദ്ധേയമത്രെ: “മോശെ തുടങ്ങി സകല പ്രവാചകന്മാരിൽനിന്നും എല്ലാ തിരുവെഴുത്തുകളിലും തന്നെക്കുറിച്ചുള്ളത് അവർക്കു വ്യാഖ്യാനിച്ചു കൊടുത്തു” (ലൂക്കൊ. 24:27,44).

### ക്രിസ്തു ബൈബിളിലെ പുസ്തകങ്ങളിൽ

1. ഉല്പത്തിയിൽ അവൻ സ്ത്രീയുടെ സന്തതിയാണ് (3:15).
2. പുറപ്പാടിൽ അവൻ പെസഹ കുഞ്ഞാടാണ് (12:1-14).
3. ലേവ്യാപുസ്തകത്തിൽ അവൻ പ്രായശ്ചിത്തയാഗമാണ് (17:11).
4. സംഖ്യാപുസ്തകത്തിൽ അവൻ താമ്രസർപ്പമാണ് (21:8,9).
5. ആവർത്തനപുസ്തകത്തിൽ അവൻ വാഗ്ദത്തം ചെയ്യപ്പെട്ട പ്രവാചകനാണ് (18:15).
6. യോശുവയിൽ അവൻ യഹോവയുടെ സൈന്യത്തലവനാകുന്നു (5:13-15).
7. ന്യായാധിപന്മാരിൽ അവൻ നമ്മുടെ രക്ഷകൻ.
8. രൂത്തിൽ അവൻ വീണ്ടെടുപ്പുകാരൻ.
9. 1, 2 ശമൂവേൽ, 1, 2 രാജാക്കന്മാർ, 1, 2 ദിനവൃത്താന്തങ്ങളിൽ അവൻ വാഗ്ദത്തരാജാവാണ്.
10. എസ്രാ, നെഹെമ്യാവിൽ അവൻ നമ്മുടെ ഉദ്ധാരകൻ.
11. എസ്ഥേറിൽ അവൻ നമ്മുടെ വക്കീൽ അഥവാ വാദിക്കുന്ന കാര്യസ്ഥൻ ആകുന്നു.
12. ഇയ്യോബിൽ അവൻ വീണ്ടെടുപ്പുകാരനാണ് (19:25).
13. സങ്കീർത്തനങ്ങളിൽ അവൻ നമുക്ക് സകലത്തിനും സകലവും ആകുന്നു.
14. സദൃശവാക്യങ്ങളിൽ അവൻ നമുക്ക് മാതൃകാപുരുഷനാണ്.
15. സഭാപ്രസംഗിയിൽ അവൻ നമ്മുടെ ലക്ഷ്യമാണ്.
16. ഉത്തമഗീതത്തിൽ അവൻ നമ്മുടെ പ്രിയനാണ്.
17. പ്രവചനങ്ങളിൽ (യെശയ്യാവ് - മലാഖി) അവൻ വരുവാനുള്ള സമാധാന പ്രഭു ആകുന്നു.
18. മത്തായിയുടെ സുവിശേഷത്തിൽ അവൻ രാജാവാണ്.
19. മർക്കൊസിൽ അവൻ ഉത്തമദാസനാണ്.
20. ലൂക്കൊസിൽ അവൻ മനുഷ്യപുത്രനാണ്.
21. യോഹന്നാനിൽ അവൻ ദൈവപുത്രനാണ്.
22. അപ്പൊസ്തലപ്രവൃത്തിയിൽ അവൻ പുനരുത്ഥാനം ചെയ്തവനും സഭയെ പണിയുന്നവനുമാകുന്നു.
23. ലേഖനങ്ങളിൽ അവൻ വിശ്വാസികളിൽ വസിക്കുന്നവനാണ്.
24. വെളിപ്പാടിൽ അവൻ വീണ്ടും വരുന്ന രാജാവാകുന്നു.

ബൈബിളിൽ ആദിയോടന്തം ക്രിസ്തുവിനെ വെളിപ്പെടുത്തിയിരിക്കുന്നു. ക്രിസ്തുവിനെ ദൈവപുത്രനായി അംഗീകരിക്കുവാനായിട്ടത്രെ അവനെ നമുക്ക് വെളിപ്പെടുത്തിയിട്ടുള്ളത്. നമ്മുടെ വ്യക്തിപരമായ ജീവിതം ക്രിസ്തുവിനു സമർപ്പിക്കപ്പെട്ടതായിരിക്കണം. അവനെക്കുറിച്ചുള്ള അറിവു മാത്രം നമ്മെ രക്ഷിക്കുകയില്ല. യേശുക്രിസ്തുവിനെ വിശ്വാസത്താൽ സ്വന്തരക്ഷിതാവായി സ്വീകരിക്കുമ്പോൾ നാം ദൈവമക്കൾ ആകുന്നു. ക്രിസ്തു വിനെ വെളിപ്പെടുത്തുന്ന ഈ ദിവ്യഗ്രന്ഥം നമ്മുടെ പ്രമോദമായിത്തീരണം. അതിലെ ആലോചനകൾ നമുക്ക് ബുദ്ധി ഉപദേശം നൽകുന്നതാണ്. അതു വായിച്ചു ധ്യാനിക്കുന്നവർക്ക് ആത്മസമാധാനവും സന്തോഷവും പ്രത്യാ ശയും ഉള്ളവർ ആകുവാൻ കഴിയും. അതിനു സർവ്വേശ്വരൻ നമ്മെ സഹായിക്കട്ടെ.

## പുതിയ നിയമം

ബൈബിൾ ദൈവിക വെളിപ്പാടാകുന്നു. മനുഷ്യവർഗ്ഗത്തിനുവേണ്ടി ദൈവം യേശുക്രിസ്തുവിൽ ഒരുക്കിയിട്ടുള്ള രക്ഷയാണ് അതിലെ വിഷയം. ബൈബിളിനെ പഴയനിയമം, പുതിയനിയമം എന്നിങ്ങനെ രണ്ടായി വിഭജിച്ചിരിക്കുന്നു. പഴയനിയമത്തിൽ ന്യായപ്രമാണമാണ് മുഖ്യവിഷയം. പുതിയനിയമം, പ്രവചനപുരുഷനായ ക്രിസ്തുവിനെ ചരിത്രപുരുഷനായി വെളിപ്പെടുത്തുന്നു. പഴയനിയമത്തിൽ ആരംഭിച്ച ദൈവിക വെളിപ്പാടുകൾ പുതിയനിയമത്തിൽ അവസാനിക്കുന്നു.

## സുവിശേഷങ്ങൾ

പുതിയനിയമത്തിൽ നാലു സുവിശേഷങ്ങൾ കാണാം. ക്രിസ്തുവിന്റെ ആളത്വത്തിൽ അന്തർലീനമായിരിക്കുന്ന ദിവ്യരഹസ്യങ്ങളും ഉപദേശങ്ങളും അത്ഭുതപ്രവൃത്തികളും സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു. സ്നേഹവാനായ ദൈവം പാപിയായ മനുഷ്യനുവേണ്ടി യേശുക്രിസ്തുവിൽ കൂടി ഒരുക്കിയിട്ടുള്ള രക്ഷയുടെ സന്തോഷവാർത്തയാകുന്നു സുവിശേഷങ്ങൾ. സകല മനുഷ്യരുടെയും ജീവിതലക്ഷ്യം നിർണ്ണയിക്കപ്പെടുന്നത് സുവിശേഷത്തോടുള്ള അവരുടെ വ്യക്തിപരമായ ബന്ധമാകുന്നു (യോഹ. 3:36). ക്രിസ്തു പാപികളുടെ ഏകരക്ഷകനാണ് (പ്രവൃ. 4:12; 1 തിമൊ. 2:5,6). യേശു എന്ന പേരിന്റെ അർത്ഥം രക്ഷകൻ എന്നാണ് (മത്താ. 1:21). സുവിശേഷങ്ങളിൽ 89 അദ്ധ്യായങ്ങൾ ഉണ്ട്. അതിൽ ക്രിസ്തുവിന്റെ 30 വയസ്സുവരെയുള്ള ചരിത്രം വിവരിക്കുവാൻ നാലോളം അദ്ധ്യായങ്ങൾ മാത്രമേയെടുത്തിട്ടുള്ളൂ. എന്നാൽ ക്രിസ്തുവിന്റെ മരണപുനരുത്ഥാനങ്ങൾ വിശദമാക്കുവാൻ പതിനേഴോളം അദ്ധ്യായങ്ങൾ എടുത്തിരിക്കുന്നു. ശേഷം അദ്ധ്യായങ്ങളിൽ ക്രിസ്തുവിന്റെ പരസ്യശുശ്രൂഷയോടു ബന്ധപ്പെട്ട ചരിത്രം കാണാവുന്നതാണ്.

## ക്രിസ്തുവിനെക്കുറിച്ചുള്ള തെറ്റിദ്ധാരണകൾ

ക്രിസ്തുവിനെ ഒരു മതസ്ഥാപകനും പ്രവാചകനും ഗുരുവും നല്ല മനുഷ്യനുമായി അംഗീകരിക്കുന്നവർ ധാരാളമുണ്ട്. എന്നാൽ ബൈബിൾ ക്രിസ്തുവിനു നൽകുന്ന മുഖ്യസ്ഥാനം അവൻ ദൈവപുത്രനാകുന്നു എന്നതത്രെ (യോഹ. 20:31). ക്രിസ്തുവിനെ ദൈവപുത്രനായ രക്ഷിതാവായി സ്വീകരിക്കുന്നവർക്കു മാത്രമേ രക്ഷിക്കപ്പെടുവാൻ കഴിയുകയുള്ളൂ (യോഹ. 1:12,13). അവന്റെ ജീവിതം നമ്മുടെ മാതൃക ആയിരിക്കണം. അപ്പോൾ നമുക്ക് ക്രിസ്തുവിനെ ലോകത്തിനു വെളിപ്പെടുത്തുന്ന അവന്റെ ശിഷ്യന്മാർ ആകുവാൻ കഴിയും (1 പത്രൊ. 2:21). ക്രിസ്തുവിന്റെ മരണപുനരുത്ഥാനവും ജീവിതവും തുല്യപ്രാധാന്യമുള്ള വിഷയങ്ങളാകുന്നു. അവന്റെ ആളത്വമാഹാത്മ്യമാകുന്നു അവന്റെ മരണപുനരുത്ഥാനത്തിന്റെ നിസ്തുല്യ മഹിമ വ്യക്തമാക്കുന്നത്.

പുതിയനിയമത്തിലെ ആദ്യത്തെ മൂന്നു സുവിശേഷങ്ങളെ സമവീക്ഷണ സുവിശേഷങ്ങൾ എന്നു വിളിക്കുന്നു. ക്രിസ്തുവിന്റെ ജീവചരിത്ര ത്തിന്റെ സംക്ഷിപ്ത വിവരണം ആണ് അതിലുള്ളത്. യോഹന്നാന്റെ സുവി ശേഷം ക്രിസ്തുവിന്റെ ആളത്വമാഹാത്മ്യം വ്യക്തമാക്കുന്നു. ക്രിസ്തു ചെയ്ത അത്ഭുതപ്രവൃത്തികൾ വ്യക്തമാക്കിക്കൊണ്ട് അവൻ ദൈവപുത്രൻ ആണെന്ന് തെളിയിക്കുന്ന സുവിശേഷമാണിത്.

*********

# യോഹന്നാന് ഉണ്ടായ വെളിപ്പാട്

## മുഖവുര

വെളിപ്പാടു വേദപുസ്തകത്തിലെ ഒടുവിലത്തെ പുസ്തകം ആകുന്നു. പ്രവചനപരമായ സംഭവങ്ങളെ കേന്ദ്രീകരിച്ചു രചിച്ചിട്ടുള്ള പുതിയനിയമത്തിലെ ഏക ഗ്രന്ഥമാകുന്നു വെളിപ്പാടു പുസ്തകം. പുസ്തകശീർഷകം കൊണ്ടുള്ള ആശയം മറനീക്കി കാണിക്കുക എന്നാണ്. ക്രിസ്തുവിനെക്കുറിച്ചുള്ള വെളിപ്പാടെന്നോ, ക്രിസ്തുവിന്റെ വെളിപ്പാടെന്നോ വ്യാഖ്യാനിക്കാവുന്ന പുസ്തകമാണ് ഇത്. യേശുക്രിസ്തുവിനെ മഹത്വസമ്പൂർണ്ണനായി ഇവിടെ വെളിപ്പെടുത്തിയിരിക്കുന്നു. വെളിപ്പാടു പുസ്തകത്തെ പ്രതിരൂപങ്ങ ളുടെ പുസ്തകമായി പൊതുവെ അറിയപ്പെടുന്നു. വേദപണ്ഡിതന്മാർ വ്യത്യസ്ത രീതികളിൽ ഇതിനെ വ്യാഖ്യാനിച്ചിരിക്കുന്നതായി കാണാം. ചിലർക്ക് ഇതു ചരിത്ര സംഭവങ്ങളാണ്. മറ്റു ചിലർ വെളിപ്പാടിലെ പ്രവചനങ്ങൾ എ.ഡി. 70 ൽ നിവർത്തിയായി എന്നു വിശ്വസിക്കുന്നു. ചിലർക്ക് ഇതു ഭാവിയിൽ സംഭവിക്കാനിരിക്കുന്നവ മാത്രമാണ്. ചിലർ ഇതിനെ യോഹന്നാന്റെ സ്വപ്നമായി മാത്രം കരുതുന്നു. ഇനിയും ചിലർക്കു വെളിപ്പാട് ഒരു ആദർശ പുസ്തകമാണ്. ഇതിൽ ഏതു ശരി ഏതു തെറ്റ് എന്നു നിർണ്ണയിക്കുവാൻ ബുദ്ധിമുട്ടുള്ളതിനാൽ പലരും വെളിപ്പാടു പുസ്തകം പഠിക്കുവാൻ ശ്രമിക്കുന്നില്ല എന്നത് ഒരു ദുഃഖസത്യമാണ്.

വെളിപ്പാടു പുസ്തകം ബൈബിളിലെ മറ്റു പുസ്തകങ്ങൾപോലെ ദൈവവചനമാകുന്നു. അതു വായിച്ചു കേൾപ്പിക്കുന്നവരും കേൾക്കുന്നവരും അതിലുള്ളതു പ്രമാണിക്കുന്നവരും ഭാഗ്യവാന്മാർ എന്നു മുഖവുരയിൽത്തന്നെ വ്യക്തമാക്കിയിരിക്കുന്നു (1:3). അതുകൊണ്ട് ഈ പുസ്തകത്തിലെ കാര്യങ്ങൾ മനസ്സിലാക്കാൻ കഴിയുന്നതല്ല എന്നു ചിന്തിക്കുന്നതു ശരിയല്ല. പ്രവചന ങ്ങൾ പഠിക്കുന്നതു ദൈവവചനത്തിന്റെ ആധികാരികത മനസ്സിലാക്കുവാൻ ആവശ്യമാകുന്നു. കൂടാതെ ദൈവത്തിന്റെ ജ്ഞാനവും ശക്തിയും ഗ്രഹിക്കു വാൻ അതു സഹായിക്കും. പ്രവചനങ്ങളുടെ ദൈവം ചരിത്രത്തിലെ ദൈവമാകുന്നു എന്നു മനസ്സിലാക്കാം (യെശ. 7:10–12; മത്താ. 1:22,23). ദൈവിക ഉദ്ദേശങ്ങൾ പ്രവചനങ്ങളിൽ കൂടി വെളിപ്പെടുത്തിയിരിക്കുന്നു (ഉല്പ. 18:17). ക്രിസ്തുവിന്റെ വീണ്ടുംവരവിനെക്കുറിച്ച് 1800 പ്രവചന സൂചനകൾ പഴയനിയമത്തിൽ ഉണ്ടെന്ന് അഭിപ്രായപ്പെടുന്നു. പുതിയനിയമത്തിലെ 260 അദ്ധ്യായ ങ്ങളിൽ 300 ൽ അധികം പ്രവചനങ്ങൾ ക്രിസ്തുവിന്റെ വീണ്ടുംവരവിനെ ക്കുറിച്ചു കാണുന്നു. അതായത് മുപ്പതു വാക്യങ്ങളിൽ ഒന്നു കർത്താവിന്റെ രണ്ടാം വരവിനെ സൂചിപ്പിക്കുന്നു. ക്രിസ്തുവിന്റെ ഒന്നാം വരവിനെക്കുറിച്ചു ള്ളതിനേക്കാൾ എട്ടിരട്ടി പ്രവചനങ്ങൾ അവന്റെ വീണ്ടും വരവിനെക്കുറിച്ചു ള്ളതായി അഭിപ്രായപ്പെടുന്നു. വേദപുസ്തകത്തിലെ നാലിൽ ഒരു ഭാഗം പ്രവചനങ്ങൾ ആണ്. ഇതു പ്രവചനപഠനത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്നുണ്ടല്ലോ. നമ്മുടെ സങ്കല്പങ്ങൾക്കും ഭാവനകൾക്കും പ്രാധാന്യം കൊടുക്കാതെ തുറന്ന മനസ്സോടുകൂടെ പഠിക്കുന്നവർക്കു വെളിപ്പാടു പുസ്തക പഠനം അനുഗ്രഹപ്രദമായിരിക്കും. വേദപുസ്തകത്തിന്റെ അതിർത്തി വരമ്പുകൾ കടന്നുപോകാതെ വചനം വചനംകൊണ്ടു വ്യാഖ്യാനിക്കുമ്പോൾ പ്രമാദ ങ്ങൾ ഒഴിവാക്കുവാൻ കഴിയും.

വെളിപ്പാടു പുസ്തകം എങ്ങനെ മനസ്സിലാക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിലല്ല ദൈവമക്കൾ തമ്മിലുള്ള കൂട്ടായ്മയും സ്നേഹബന്ധവും നിലനിൽക്കുന്നത്. കൂട്ടായ്മയുടെ അടിസ്ഥാനം രക്ഷിക്കപ്പെടുന്നതും ക്രിസ്തുവിലുള്ള വിശ്വാസവുമാണ് (1 യോഹ. 1:1–3; 6,7). ആദ്യസഭയുടെ കൂട്ടായ്മയുടെ അടിസ്ഥാനം നാം പ്രവൃത്തികൾ 2:42 ൽ കാണുന്നു. രക്ഷിക്കപ്പെട്ടവർ ക്രിസ്തുവിൽ ഒന്നായിരിക്കുന്നതു ദൈവാത്മാവിനാലാണ് (1 കൊരി. 12:13). ഈ ആത്മാവിന്റെ ഐക്യമാണ് ദൈവസ്നേഹത്തിന്റെ ഐക്യം. അതു സമാധാനബന്ധത്തിൽ കാപ്പാൻ നാം ഉത്സാഹിക്കണം (എഫെ. 4:3).

വെളിപ്പാടു പുസ്തകം എഴുതിയത് യോഹന്നാൻ അപ്പൊസ്തലനാണ്. നാലു പ്രാവശ്യം ഗ്രന്ഥകാരന്റെ പേർ സൂചിപ്പിച്ചിരിക്കുന്നു (1:1,4,9; 22:8). ദൈവം തന്റെ ദൂതനെ അയച്ചു വെളിപ്പെടുത്തിക്കൊടുത്തതാണ് ഈ ഗ്രന്ഥം. യേശുവിന്റെ സാക്ഷ്യം നിമിത്തം യോഹന്നാൻ പത്മൊസു ദ്വീപിൽ നാടുകടത്തപ്പെട്ടു. ഈജിയൻ കടലിലുള്ള പാറക്കെട്ടുകൾ നിറഞ്ഞ ദ്വീപിൽ കുറ്റവാളികളുടെ നടുവിൽ ഏകാന്തതയിൽ കഴിയുന്ന അപ്പൊസ്തലനു ദൈവദർശനം ലഭിച്ചു. അത് ആസ്യയിലെ സഭകൾക്ക് എഴുതിയപ്പോൾ അവർക്ക് ആത്മചൈതന്യം ഉളവായി. ഇന്നും ദൈവാത്മസഹായത്തോടെ പഠിക്കുന്നവർക്ക് ഈ പഠനം ആസ്വാദ്യകരമായിരിക്കും എന്നുള്ളതിനു സംശയമില്ല. വെളിപ്പാട് 1:9 ൽനിന്നും യോഹന്നാൻ പത്മൊസ് ദ്വീപിൽനിന്നും വിമോചിത നായി എന്നു മനസ്സിലാക്കാം. അതുകൊണ്ടു വെളിപ്പാടു പുസ്തകം എഫെസൊസിൽനിന്നും എഴുതി എന്നു കരുതാം. എഴുതിയ കാലം ഏകദേശം എ.ഡി. 95 എന്നു കരുതുന്നു.

## പുസ്തക വിഭജനം

1. യോഹന്നാൻ കണ്ടതും കേട്ടതുമായ കാര്യങ്ങൾ (അദ്ധ്യായം 1)
2. ഏഴു സഭകൾക്കുള്ള സന്ദേശങ്ങൾ (അദ്ധ്യായം 2,3)
3. ഇനിയും സംഭവിക്കുവാനുള്ള കാര്യങ്ങൾ (അദ്ധ്യായം 4 മുതൽ 22 വരെ)

## അദ്ധ്യായം 1

### ആമുഖം (1:1-3)

വെളിപ്പാടു പുസ്തകം യേശുക്രിസ്തുവിന്റെ വെളിപ്പാടാണ്. ക്രിസ്തുവിനെ മഹത്വസമ്പൂർണ്ണനായി വെളിപ്പെടുത്തുന്ന ഈ പുസ്തകം പഠിക്കുവാൻ ആവശ്യമുള്ള ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ഇത് ദൈവം ക്രിസ്തുവിനെ വെളിപ്പെടുത്തിയ പുസ്തകമാണ്. വേഗത്തിൽ സംഭവിക്കുവാനുള്ളതാണ്. തന്റെ ദാസന്മാർ കാണേണ്ടതിനു നൽകിയിരിക്കുന്നു. അതു യോഹന്നാനു ദൂതൻ മുഖാന്തരം വെളിപ്പെടുത്തിയതാണ്. അതു യോഹന്നാൻ യേശുവിന്റെ സാക്ഷ്യമായി സാക്ഷിച്ചിരിക്കുന്നു. അതു വായിച്ചു കേൾപ്പിക്കേ ണ്ടതും കേൾക്കേണ്ടതുമായ വചനമാണ്. അതിലുള്ളതു പ്രമാണിക്കേണ്ടതുമാകുന്നു. അപ്പോൾ നാം ആത്മീയ സന്തോഷമുള്ളവർ ആകും. ഭാഗ്യവാന്മാർ എന്നതുകൊണ്ടുള്ള ആശയം സന്തോഷമുള്ളവർ എന്നാണ്. വെളിപ്പാടു പുസ്തകത്തിൽ ഏഴു ഭാഗ്യപദവികളെക്കുറിച്ചു സൂചിപ്പിക്കുന്നുണ്ട് (14:13; 16:15; 19:9; 20:6; 22:7,14). ക്രിസ്തുവിനെ അറിയുന്നതു നമ്മുടെ ആത്മീയജീവിതത്തിനു ശക്തിയും സന്തോഷവും ഉത്സാഹവും പ്രദാനം ചെയ്യും. സമയം അടുത്തിരിക്കുന്നു എന്നുള്ള പ്രസ്താവനയുടെ അർത്ഥം ഈ പുസ്തക ത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ സംഭവിക്കുവാൻ അധികം താമസമില്ല എന്നത്രെ (22:6).

### ഏഴു സഭകൾക്കുള്ള ആശംസകൾ (1:4-8)

ഏഷ്യ എന്ന റോമൻ സാമ്രാജ്യത്തിലുണ്ടായിരുന്ന പ്രദേശത്തെ ഏഴു സഭകൾക്കാണ് ആശംസകൾ നൽകുന്നത്. ആ സഭകൾ സ്ഥാപിക്കപ്പെട്ട സാഹചര്യം നാം പ്രവൃത്തികൾ 19-ാം അദ്ധ്യായത്തിൽ കാണുന്നുണ്ട്. കർത്താവിന്റെ വചനം ആ സഭകളിൽ വളരെ സ്വാധീനം അന്നു ചെലുത്തിയിരുന്നു (19:9,10). ഇന്ന് ആ സഭകൾക്ക് ആത്മീയ മന്ദത സംഭവിച്ചിരിക്കുന്നു. ശത്രുക്കളിൽനിന്നുള്ള ഉപദ്രവം അകത്തുനിന്നും പുറത്തുനിന്നും അനുഭവിക്കേണ്ടി വന്ന സാഹചര്യത്തിലാണ് യോഹന്നാൻ അവർക്കു ത്രിയേക ദൈവത്തിൽനിന്നും കൃപയും സമാധാനവും ആശംസിക്കുന്നത്. ഈ ദൈവം മാറ്റമില്ലാത്തവനാണ്. നമ്മുടെ സാഹചര്യങ്ങൾ മാറിയാലും ദൈവം യഥാവാനായിരിക്കുന്നു. സിംഹാസനത്തിൽനിന്നുള്ള ഏഴ് ആത്മാക്കളുടെ പക്കൽ നിന്നാണ് ആശംസകൾ വരുന്നത്. അതു പരിശുദ്ധാത്മാവിന്റെ പൂർണ്ണതയെ സൂചിപ്പിക്കുന്നു (യെശ. 11:2). യേശുക്രിസ്തുവിൽനിന്നുമാണ് കൃപയും സമാധാനവും വരുന്നത്. അവൻ വിശ്വസ്ത സാക്ഷിയായിരുന്നു (യോഹ. 18:37). മരിച്ചവരിൽനിന്നും ആദ്യജാതനാണ്. അതു ക്രിസ്തുവിന്റെ പുനരുത്ഥാനത്തെ സൂചിപ്പിക്കുന്നു. മറ്റെല്ലാവരും മരിച്ചുകിടക്കുമ്പോൾ ക്രിസ്തുമാത്രം തേജസ്ക്കരിക്കപ്പെട്ട ശരീരത്തിൽ ഉയിർത്തെഴുന്നേറ്റിരിക്കുന്നു. ആദ്യജാതൻ എന്ന വാക്കിന്റെ അർത്ഥം പുറപ്പെട്ടു വന്നവൻ എന്നാണ്. അവൻ ഭൂരാജാക്കന്മാർക്ക് അധിപതിയാണ്. അവർ മരിച്ചു മൺമറഞ്ഞപ്പോൾ ക്രിസ്തുമാത്രം ഉയിർത്തെഴുന്നേറ്റു ജീവിക്കുന്നു. കൃപയും സമാധാനവും ദൈവത്തിൽനിന്നും വരുന്നു. കൃപ അർഹതയില്ലാത്ത അനുഗ്രഹങ്ങൾ ആണ്. അതു വിശ്വാസിയുടെ ജീവിത ത്തിൽ തൽസമയത്തു ധാരാളമായി നൽകുവാൻ കർത്താവു മനസ്സുള്ളവനാകുന്നു (എബ്രാ. 4:16). സമാധാനംകൊണ്ടുള്ള ആശയം ഹൃദയത്തിനു സ്വസ്ഥത ലഭിക്കുക എന്നാണ്. അസ്വസ്ഥത നിറഞ്ഞ ലോകത്തിൽ ദൈവത്തോടും ദൈവത്തിന്റെയും സമാധാനം അനുഭവിക്കുവാൻ കഴിയുന്നതാണ്. അതു സകല ബുദ്ധിയേയും കവിയുന്നതും ഹൃദയങ്ങളേയും നിനവുകളേയും ക്രിസ്തുയേശുവിൽ ഭദ്രമായി സൂക്ഷിക്കുന്നതുമാണ് (ഫിലി. 4:7). ക്രിസ്തുവിന്റെ നിറവിൽനിന്നും കൃപമേൽ കൃപ പ്രാപിക്കുന്ന അനുഭവം എത്ര ധന്യമാകുന്നു! നിത്യതയിലും ആ കൃപയുടെ അത്യന്തധനം നാം അനുഭവിക്കുന്നവ രായിരിക്കും (എഫെ. 2:6).

### വെളിപ്പാടു ലഭിച്ച സാഹചര്യം (1:9-11)

യോഹന്നാൻ പത്മൊസ് ദ്വീപിൽ പോകുവാൻ കാരണമായത് ദൈവത്തിന്റെ വചനവും യേശുവിന്റെ സാക്ഷ്യവും നിമിത്തമായിരുന്നു. ഡൊമിഷ്യൻ ചക്രവർത്തിയുടെ കാലത്താണ് ഈ മതപീഡ ഉണ്ടായത്. അന്നു ക്രിസ്തുശിഷ്യന്മാർ വിശ്വാസത്തിനുവേണ്ടി വലിയ വില നൽകേണ്ടി വന്നിരുന്നു. ഇന്നു ദൈവവചനത്തെ മാനിക്കയും ക്രിസ്തുവിന്റെ സാക്ഷ്യം വഹിക്കയും ചെയ്യുന്നവർ പീഡ അനുഭവിക്കേണ്ടി വരും. യോഹന്നാനെ പീഡകൾ പിൻ തിരിപ്പിച്ചില്ല. ഗുരുനാഥനുവേണ്ടി കഷ്ടം സഹിക്കുന്നതു പദവിയായി താൻ കരുതിയിരുന്നു. 'ഭൂലോകമെങ്ങും നിങ്ങൾ എന്റെ സാക്ഷികൾ ആകണം' എന്ന് ക്രിസ്തു കല്പിച്ചിരുന്നു. അതിൽ യോഹന്നാൻ ജീവിതാന്ത്യത്തോളം വിശ്വസ്തനായിരുന്നു. നമുക്കും അതിന് ഇടയാകട്ടെ. യോഹന്നാൻ തന്നെ വെളിപ്പെടുത്തുന്നതു 'നിങ്ങളുടെ സഹോദരൻ' എന്നാണ്. അവൻ ദൈവത്തിൽനിന്നും ജനിച്ചവനാണ്. ക്രിസ്തുവിശ്വാസികളെയെല്ലാം സഹോദരന്മാരായി കാണുവാൻ തനിക്കു കഴിഞ്ഞിരുന്നു. ദൈവജനത്തിന്റെ മദ്ധ്യത്തിൽ തിരുമേനി-അയ്മേനി വ്യത്യാസങ്ങൾ ഉണ്ടാകരുത്.

കർത്തൃദിവസത്തിൽ ആത്മവിവശനായി യോഹന്നാൻ ദർശനങ്ങൾ കണ്ടു. അത് ആഴ്ചവട്ടത്തിന്റെ ആദ്യദിവസത്തെ കാണിക്കുന്നു എന്ന് അഭിപ്രായപ്പെടുന്നു. അന്നു കർത്താവിനെക്കുറിച്ചുള്ള സ്മരണയിൽ യോഹന്നാൻ സമയം ചിലവഴിച്ചിരിക്കണം. അവന്റെ സാഹചര്യങ്ങൾ പ്രതികൂലമായിരുന്നു. എന്നാൽ തന്റെ അരുമനാഥനെക്കുറിച്ചുള്ള ചിന്തകൾകൊണ്ടു തന്റെ ഹൃദയം നിറഞ്ഞു. അനുകൂല സാഹചര്യങ്ങളെക്കാൾ പ്രതികൂല സാഹ

ചര്യങ്ങളി ലാണ് കർത്താവിനെ അടുത്തറിയുവാൻ സഹായിച്ചിട്ടുള്ളത്. കർത്താവിനോടു സമ്പർക്കം ഉള്ളവർക്കു മാത്രമേ ദിവ്യദർശനം ലഭിക്കുകയുള്ളൂ (യോഹ. 7:17; സങ്കീ. 25:14). ക്രിസ്തുശിഷ്യന്മാർ കർത്താവിനെ അറി കയും അനുഗമിക്കയും ചെയ്യുന്നവരാണ് (യോഹ. 10:14). ആത്മവിവശനാകുക എന്നതു കൊണ്ടുള്ള ആശയം ആത്മാ വിൽ നിറയപ്പെടുക അഥവാ നിയന്ത്രിക്കപ്പെടുക എന്നാണ്. അപ്പോൾ ക്രിസ്തുവിനെ മഹത്വസമ്പൂർണ്ണനായി ദർശിക്കുവാൻ സാധിക്കും. പരിശുദ്ധാത്മാവിന്റെ ശുശ്രൂഷ ക്രിസ്തുവിനെ മഹത്വപ്പെടുത്തുക എന്നുള്ളതാണ് (യോ ഹ. 16:14). ആത്മവിവശനായ യോഹന്നാൻ ക്രിസ്തുവിന്റെ മഹത്വം നാലു നിലകളിൽ കണ്ടു. ആദ്യത്തെ മൂന്ന് അദ്ധ്യായങ്ങളിൽ ഏഴു നിലവിളക്കുകളുടെ മദ്ധ്യത്തിൽ അവൻ മഹാപുരോഹിതനായി, രാജാവായി, പ്രവാചക നായി നിൽക്കയും നടക്കയും ചെയ്യുന്നു. 4 മുതൽ 16 വരെയുള്ള അദ്ധ്യായങ്ങളിൽ അറുക്കപ്പെട്ട കുഞ്ഞാടായി സ്വർഗ്ഗത്തിലെ സിംഹാസനത്തിനു മുൻപിൽ പ്രത്യക്ഷപ്പെടുന്നു. 17-20 വരെയുള്ള അദ്ധ്യായ ങ്ങളിൽ കുഞ്ഞാടു രാജാധിരാജാവും കർത്താധികർത്താവുമാണ്. 21, 22 അദ്ധ്യായങ്ങളിൽ പുതിയ യെരൂശലേം എന്ന വിശുദ്ധ നഗര ത്തിൽ കുഞ്ഞാട് അതിന്റെ മന്ദിരവും, വെളിച്ചവുമായി സിംഹാസനസ്ഥനായി കാണപ്പെടുന്നു. ക്രിസ്തുവിനെ കൊണ്ടു ഹൃദയം നിറയുമ്പോൾ മാത്രമേ അവനെ മഹത്വ സമ്പൂർണ്ണനായി ദർശിച്ച് ആരാധിക്കുവാൻ കഴികയു ള്ളൂ.

### ആത്മവിവശതയിൽ കണ്ട ദർശനം (1:12-20)

യോഹന്നാൻ കണ്ട ദർശനം ആസ്യയിലെ ഏഴു സഭകൾക്കുള്ളതായിരുന്നു. ആത്മനിറവിൽ കാണുന്നതും കേൾക്കുന്നതുമായ കാര്യങ്ങൾ വ്യക്ത മായിരിക്കും (2 തിമൊ. 1:7). കാഹളത്തിനൊത്ത മഹാനാദമാണ് യോഹന്നാൻ കേട്ടത്. പഴയനിയമത്തിൽ കാഹളം മുഴക്കിയത് സഭയെ വിളിച്ചുകൂട്ടുവാനും, പാളയം പുറപ്പെടുവിക്കുവാനും, യുദ്ധത്തിനു സന്നദ്ധരാകുവാനും, ഉത്സ വ ങ്ങൾ കൊണ്ടാടുവാനുമായിരുന്നു (സംഖ്യാ. 10:1-10). കർത്താവു വീണ്ടും വരുന്നതു കാഹളധ്വനിയോടു കൂടെ യായിരിക്കും (1 തെസ്സ. 4:16). വിശ്വാസികൾ സുവിശേഷത്തിന്റെ കാഹളം ധ്വനിപ്പിക്കുവാൻ നിയോഗം ലഭിച്ചവരാ ണ്. നാം അവന്റെ വരവിനെ നോക്കിപ്പാർക്കേണ്ടവരാകുന്നു. യോഹന്നാൻ കേട്ട നാദം എന്തെന്ന് അറിയുവാൻ തിരിഞ്ഞുനോക്കി. അപ്പോൾ ഏഴു പൊൻനിലവിള ക്കുകളേയും അവയുടെ നടുവിൽ നിലയങ്കി ധരിച്ചു മാറത്തു പൊൻകച്ച കെട്ടി യവനായി മനുഷ്യപുത്രനോടു സദൃശനായവനേയും കണ്ടു (1:13).

ദാനീയേൽ പ്രവചനം 7-ാം അദ്ധ്യായത്തിൽ മനുഷ്യപുത്രനോടു സദൃശ നായ ഒരുവനെക്കുറിച്ചു പറയുന്നു ണ്ട്. അവന്റെ രാജത്വം നീങ്ങിപ്പോകാത്തതാകുന്നു. ഉയിർത്തെഴുന്നേറ്റ ക്രിസ്തു മനുഷ്യപുത്രനായി നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നു. അവനു നമ്മെ സഹായിക്കുവാൻ മനസ്സും കഴിവും ഉണ്ട് (പ്രവൃ. 7:55,56; മത്താ. 26:64). അവനെ നാം സാക്ഷിക്കുന്നവർ ആകണം. ക്രിസ്തു നിലയങ്കിയും പൊൻകച്ചയും ധരിച്ച നമ്മുടെ മഹാപുരോഹി തനാണ്. മഹാപുരോഹിതനെ തിരിച്ചറിയുന്നതിനാണ് നിലയങ്കിയും പൊൻകച്ചയും നൽകിയിരുന്നത്. ക്രിസ്തു എന്നേക്കും ജീവിക്കുന്ന മഹാപുരോഹിതൻ ആകുന്നു. നിലയങ്കിയും പൊൻകച്ചയും രാജത്വത്തെ കാണിക്കുന്നു. നിലയങ്കി വിശുദ്ധിയുടെ ചിഹ്നമാണ്. പൊൻകച്ച രാജത്വത്തിന്റെ പ്രതാപത്തെ നിദർശനം ചെയ്യുന്നു. ക്രിസ്തു നമ്മെ ദൈവത്തോട് അടുപ്പിക്കുന്ന മഹാപുരോഹിതനാണ്. രാജാവ് എന്ന നിലയിൽ ശക്തിയും അധികാരവുമു ള്ളവനാണ്. അവൻ ദൈവത്തെ വെളിപ്പെടുത്തിയ പ്രവാചകനും ആകുന്നു. ദൈവമക്കളുടെ പദവികൾ എത്ര ശ്രേഷ്ഠ മാകുന്നു. ക്രിസ്തു അതിന്റെ കാരണഭൂതനത്രെ.

മനുഷ്യനായി അവതരിച്ച ദൈവപുത്രന്റെ ശരീരഘടനയെക്കുറിച്ചു നാം സുവിശേഷങ്ങളിൽ കാണുന്നില്ല. എന്നാൽ പുനരുത്ഥാനം ചെയ്ത കർത്താവിന്റെ തലയും തലമുടിയും വെളുത്ത പഞ്ഞിപോലെ ഹിമത്തോളം വെള്ളയായി യോഹന്നാൻ കാണുന്നു. അത് അവന്റെ വിശുദ്ധിയെയും നിത്യാസ്തിക്യത്തെയും കാണിക്കുന്നു. അവന്റെ കണ്ണ് അഗ്നിജ്വാലയ്ക്കൊത്തതാണ്. അതു സകലത്തെയും ശോധന ചെയ്യുന്നു. കർത്താവിനു മറഞ്ഞിരി ക്കുന്ന ഒരു കാര്യവും ഇല്ല. നമ്മുടെ കണ്ണുനീർ കാണുമ്പോൾ മനസ്സലിയുന്നവനാണ് കർത്താവ്. പാപികൾക്ക് അവന്റെ ദൃഷ്ടിയിൽനിന്നും രക്ഷപ്പെടാവുന്നതല്ല. അവന്റെ കാൽ ഉലയിൽ ചുട്ടുപഴുപ്പിച്ച വെള്ളോടിനു സദൃശം ആകുന്നു. കർത്താവു ശക്തിയുള്ളവനും ശത്രുക്കളെ സംഹരിക്കുന്നവനുമാണ്. അവന്റെ ശബ്ദം പെരുവെള്ള ത്തിന്റെ ഇരച്ചിൽ പോലെയായിരുന്നു. തിരമാലകളുടെ മദ്ധ്യത്തിൽ യോഹന്നാൻ കർത്താവിന്റെ ശബ്ദം കേട്ടു. മനുഷ്യനായി ഭൂമിയിൽ ജീവിച്ച നാളുകളിൽ അവന്റെ ശബ്ദം പലരും ശ്രദ്ധിച്ചില്ല. 'ഇവനെ ക്രൂശിക്ക ക്രൂശിക്ക' എന്നു ജനം ആർത്തട്ടഹസിച്ചു. എന്നാൽ ഇപ്പോൾ അവന്റെ ശബ്ദത്തിങ്കൽ സകലരും വിറയ്ക്കുന്നു. യോഹ ന്നാൻ ആ ശബ്ദം കേട്ടു ഭയപ്പെട്ടു. അവനോടു കർത്താവു പറഞ്ഞതു 'ഭയപ്പെടേണ്ടാ' എന്നായി രുന്നു. ദൈവമ ക്കൾ കർത്താവിന്റെ ശബ്ദം കേട്ടു പരിഭ്രാന്തരാകേണ്ട ആവശ്യം ഇല്ല. അതു നമുക്ക് ആശ്വാസവും ആനന്ദവും നൽകുന്ന ശബ്ദം ആകുന്നു.

കർത്താവിന്റെ കയ്യിൽ ഏഴു നക്ഷത്രം ഉണ്ട്. ഈ ഏഴു നക്ഷത്രം ഏഴു സഭകളുടെ ദൂതന്മാരാകുന്നു എന്നു നാം 20-ാം വാക്യത്തിൽ കാണുന്നു. ഇതു സഭകൾക്കു മൊത്തത്തിലുള്ള ദൂതാണ്. ദൂതന്മാർ കർത്താവിന്റെ വലങ്ക യ്യിലാണ് ഇരിക്കുന്നത്. സഭ കർത്താവിന്റെ കരങ്ങളിൽ സുരക്ഷിതമായിരിക്കുന്നു. കർത്താവിന്റെ വായിൽനിന്നു മൂർച്ചയുള്ള ഇരുവായ്ത്തലയുള്ള വാൾ പുറപ്പെടുന്നു. ദൈവവചനത്തെ വാൾ എന്നു പറയുന്നുണ്ട്. അത് ഇരുവാ യ്ത്തലയുള്ള ആത്മാവിന്റെ വാളാകുന്നു (എബ്രാ. 4:12; എഫെ. 6:17). ദൈവവചനം പാപിക്കു പാപബോധം നൽകുന്നു. അതേസമയം വിശ്വാസികൾക്ക് ആശ്വാസം പകരുന്നു. അതു ശത്രുക്കളെ സംഹരിക്കുന്നതുമാണ് (2

തെസ്സ. 2:8). അവന്റെ മുഖം സൂര്യൻ ശക്തിയോടെ പ്രകാശിക്കുന്നതുപോലെ ആയിരുന്നു. അത് ഒരിക്കലും മങ്ങുന്നതല്ല; സൂര്യനെ കവിയുന്ന പ്രകാശമാണ്. ക്രിസ്തു ഹൃദയങ്ങളിൽ പ്രകാശിക്കുമ്പോൾ അവനെ മഹത്വസമ്പൂർണ്ണനായി കാണുവാൻ കഴിയും. യോഹന്നാൻ കർത്താവിനെ കണ്ടപ്പോൾ മരിച്ചവനെപ്പോലെ അവന്റെ കാൽക്കൽ വീണു. കർത്താവു തന്റെ വലങ്കൈ നീട്ടി അവനെ തൊട്ട്, “ഭയപ്പെടേണ്ടാ, ഞാൻ ആദ്യനും അന്ത്യനും ജീവനുള്ളവനും ആകുന്നു. ഞാൻ മരിച്ചവനായിരുന്നു. എന്നാൽ ഇതാ എന്നേക്കും ജീവിച്ചിരിക്കുന്നു. മരണത്തിന്റെയും പാതാളത്തിന്റെയും താക്കോൽ എന്റെ കൈവശമുണ്ട്” എന്നു പറഞ്ഞു. ഇവിടെ കർത്താവ് ആരാകുന്നു എന്നും അവന് എന്തു ചെയ്യുവാൻ കഴിയുമെന്നും വ്യക്തമാകുന്നു. അവനെ അനുഗമിക്കുന്നവർക്കു മരണത്തെ ഭയപ്പെടേണ്ടതില്ല. അവൻ സകലരേക്കാളും ശക്തിയുള്ളവനാണ്. നമ്മുടെ സാഹചര്യങ്ങൾ എന്തായാലും, ശത്രുക്കൾ എത്ര വർദ്ധിച്ചാലും അവന്റെ സാന്നിദ്ധ്യം നമുക്ക് ആശ്വാസവും ഭദ്രതയും നൽകുവാൻ മതിയായതാകുന്നു.

‘ഇനി സംഭവിക്കാനിരിക്കുന്നത് എഴുതുക’ എന്നു പറഞ്ഞുകൊണ്ടാണ് ഒന്നാം അദ്ധ്യായം അവസാനിക്കുന്നത്. കർത്താവ് ഏഴു നിലവിളക്കുകളുടെ നടുവിൽ നടക്കുന്നവനാണ്. സഭയെ നിലവിളക്കുകളോട് ഉപമിച്ചിരിക്കുന്നു. സമാഗമനകൂടാരത്തിലെ വിശുദ്ധ സ്ഥലത്തു പ്രകാശം നൽകുവാനുള്ളതായിരുന്നു നിലവിളക്ക്. കർത്താവാണ് സഭയ്ക്കു പ്രകാശം നൽകുന്നവൻ. ക്രിസ്തുവിനു പ്രഥമസ്ഥാനം നൽകാത്ത സഭകൾ പ്രകാശമറ്റതായിരിക്കും. ഉള്ളതും സംഭവിക്കാനിരിക്കുന്നതുമായ കാര്യങ്ങൾ ആധികാരികമായി പറയുവാൻ കർത്താവിനേ കഴികയുള്ളൂ. അവൻ സർവ്വജ്ഞാനിയായ ദൈവപുത്രൻ ആകുന്നു. അവനിൽനിന്നും പഠിക്കുന്നവർ ഇരുട്ടിൽ തപ്പിനടക്കേണ്ട ആവശ്യം വരികയില്ല.

## അദ്ധ്യായം 2

രണ്ടും മൂന്നും അദ്ധ്യായങ്ങളിൽ ആസ്യയിലുള്ള ഏഴു സഭകൾക്കുള്ള സന്ദേശമാണ് കാണുന്നത്. ഏഴ് എന്ന സംഖ്യ പൂർണ്ണതയെ കാണിക്കുന്നതിനാൽ സഭകൾക്കു മൊത്തത്തിലുള്ള സന്ദേശമായി ഇതിനെ മനസ്സിലാക്കാം. ഓരോ സന്ദേശത്തിലും ഏഴു കാര്യങ്ങൾ ശ്രദ്ധിക്കാവുന്നതാണ്. ആർക്കാണ് എഴുതിയത്, ആർ എഴുതി, അവൻ സകലവും അറിയുന്നു, പ്രവൃത്തികളെ വിലയിരുത്തുന്നവനാണ് എഴുത്തുകാരൻ അഥവാ അരുളിച്ചെയ്യുന്നവൻ, മാനസാന്തരത്തിനും ഉണർവ്വിനും ആഹ്വാനം നൽകുന്നു, സഭകൾ ശ്രദ്ധിക്കുവാൻ ആവശ്യമുള്ള ദൂതാണ് ഇത്, ജയിക്കുന്നവനു പ്രതിഫലം വാഗ്ദത്തം ചെയ്യുന്നു എന്നീ സത്യങ്ങൾ ഓരോ സന്ദേശത്തിലും കാണാവുന്നതാണ്.

### ആദ്യസ്നേഹം വിട്ടുകളഞ്ഞ സഭ (2:1-7)

ആസ്യയിലെ സഭകൾ ഉണ്ടായ ചരിത്രം നാം പ്രവൃത്തികൾ 19,20 അദ്ധ്യായ ങ്ങളിൽ കാണുന്നു. ആസ്യയിലെ പ്രധാനപ്പെട്ട ഒരു പട്ടണമായിരുന്നു എഫെസൊസ്. അർത്തെമിസ് മഹാദേവിയുടെ ക്ഷേത്രം അവിടെ ഉണ്ടായിരുന്നു. അസാന്മാർഗ്ഗികതയും ക്ഷുദ്രപ്രയോഗവും കൊടികുത്തി വാണിരുന്ന സ്ഥലമായിരുന്നു അത്. സുവിശേഷം അവിടെ പ്രസംഗിക്കപ്പെട്ടപ്പോൾ പാപികൾ രക്ഷിക്കപ്പെടുകയും സഭ ഉണ്ടാകയും ചെയ്തു.

സഭകളുടെ മദ്ധ്യത്തിൽ നടക്കയും അവയെ തന്റെ വലങ്കയ്യിൽ വഹിക്കയും ചെയ്യുന്നവനാണ് ക്രിസ്തു. അതു നമ്മുടെ സുരക്ഷിതത്വത്തേയും സംരക്ഷണത്തേയും കാണിക്കുന്നു. കർത്താവു സഭകളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. അവന്റെ സാന്നിദ്ധ്യം എവിടെയും ഉണ്ട്. അവനു മറഞ്ഞിരി ക്കുന്ന ഒന്നും തന്നെയില്ല. അവൻ നമ്മെ മുഴുവനായി അറിയുന്നു. നമ്മുടെ പ്രവൃത്തിയും പ്രയത്നവും സഹിഷ്ണുതയും കർത്താവ് അറിഞ്ഞു ശ്ലാഘിക്കുന്നവനാണ്. അതിന്റെ പിൻപിലുള്ള കർത്താവിനോടുള്ള സ്നേഹവും ആത്മാർത്ഥതയും കർത്താവിനറിയാം. നമ്മുടെ പ്രവൃത്തികൾ വിശ്വാസത്തിന്റെ പ്രവൃത്തികളും പ്രയത്നം സ്നേഹത്തിന്റെ പ്രയത്നങ്ങളും ആയിരിക്കണം. അതുപോലെ പ്രത്യാശ സ്ഥിരതയുള്ളതാകണം. എഫെസൊസ്യ സഭയുടെ ന്യൂനവശവും കർത്താവു ചൂണ്ടിക്കാണിക്കുന്നുണ്ട്. അവർ ആദ്യസ്നേഹം വിട്ടുകളഞ്ഞു. ഒരിക്കൽ അവർ വിഗ്രഹങ്ങളെ സ്നേഹിക്കയും സേവിക്കയും ചെയ്തവരാണ്. സുവിശേഷം കേട്ടതിന്റെ ഫലമായി അവരുടെ സ്നേഹം ക്രിസ്തുവിൽ ആയിത്തീർന്നു. അപ്പോൾ അവരുടെ പഴയ പരിചയ ങ്ങൾ ഉപേക്ഷിച്ചു. ദൈവവചനത്തെയും ദൈവമക്കളെയും സ്നേഹിക്കുവാൻ തുടങ്ങി. അതിൽ സന്തോഷവും സംതൃപ്തിയും കണ്ടെത്തിയിരുന്നു. എന്നാൽ അവർ മനഃപൂർവ്വം ആസ്നേഹം ഉപേക്ഷിച്ചു. എത്ര ദുഃഖകരമായ ഒരു ആത്മീയ സ്ഥിതിയാണ് ഇതെന്ന് ഓർത്തുനോക്കുക!

കർത്താവ് അവർക്കു നൽകുന്ന ആഹ്വാനം ശ്രദ്ധേയമാണ്. ഏതിൽ നിന്നു വീണിരിക്കുന്നു എന്ന് ഓർത്തു മാനസാന്തരപ്പെടുക. ദൈവമക്കൾ അവരുടെ ആത്മീയനിലയെക്കുറിച്ചു ബോധവാന്മാർ ആയിരിക്കണം. അവ രുടെ നിജസ്ഥിതി മനസ്സിലാക്കണം. അപ്പന്റെ വീട്ടിലെ സന്തോഷത്തെക്കുറിച്ച് ഓർക്കണം. അങ്ങനെ ഭവനത്തിലേക്ക് അനുതാപഹൃദയത്തോടെ മടങ്ങിവരണം. അല്ലാത്തപക്ഷം അവരുടെ നിലവിളക്കു മാറ്റപ്പെടും. നിലവിളക്കു പ്രകാശം പരത്തുവാനുള്ളതായിരുന്നു. ക്രിസ്തുവിന്റെ സാന്നിദ്ധ്യവും സഹായവും നഷ്ടപ്പെട്ട സഭകളുടെ സ്ഥിതി എത്ര ദുഃഖകരം. ക്രിസ്തുവിന്റെ വചന ത്തിനു പ്രാധാന്യം നൽകാതെ മാനുഷിക ആലോചനകൾക്ക് അടിമപ്പെടുന്ന സഭകൾ ക്രിസ്തുവിനെ പ്രതിഫലിപ്പിക്കയില്ല. ഇന്നു പല സഭകളും ക്രിസ്തുവിനു മഹത്വം നൽകാത്ത മാനുഷിക സ്ഥാപനങ്ങളായി തീർന്നിരിക്കുന്നു എന്നുള്ളത് ഒരു ദുഃഖസത്യമാകുന്നു. നമുക്ക് അങ്ങനെ സംഭവിക്കാ തിരിക്കുവാൻ കർത്താവിന്റെ സ്നേഹത്തിലേക്കു മടങ്ങാം (യൂദാ 21). കർത്താവിന്റെ ആഹ്വാനം സർവ്വാത്മനാ സ്വീകരിക്കാം. കർത്താവു സഭയോടു കല്പിക്കുന്നത് അനുസരിക്കണം. സഭകൾ ഉപദേശവും കല്പനയും പുറപ്പെടു

വിക്കുന്നതു ദൈവവചനത്തിനു നിരക്കുന്നതല്ല.

നിക്കൊലാവ്യരുടെ നടപ്പ് അവർ പകച്ചു എന്നു കർത്താവ് അവരെക്കുറിച്ചു ശ്ലാഘിക്കുന്നു. എന്താണ് അത്? കൃത്യമായി പറയുവാൻ പ്രയാസ മുള്ള ഒന്നാണ് ഇത്. ഈ വാക്കിന്റെ അർത്ഥം ജനത്തെ വശീകരിക്കുക, കീഴ ടക്കുക എന്നൊക്കെയാണെന്ന് അഭിപ്രായപ്പെടുന്നു. നിക്കൊലാവ്യർ അവരുടെ ഉപദേശം മൂലം വിശ്വാസികളെ വശീകരിക്കുന്ന ദുരുപദേഷ്ടാക്കൾ ആയിരുന്നു. അവരുടെ ഉപദേശവും ജീവിതവും തമ്മിൽ ഒരു പൊരുത്തവും ഇല്ല. അവർ ക്രിസ്തുവിന്റെ ഉപദേശത്തിൽ നിലനിൽക്കാതെ അതിർകടന്നുപോകുന്നവരാണ്. ഈ ദുരുപദേഷ്ടാ ക്കളെക്കുറിച്ചു മുന്നറിയിപ്പു നൽകിയിരുന്നു. കർത്താവ് അവരെ പകയ്ക്കുന്നു. അവരോടു നാം സംസർഗ്ഗം പുലർത്തു ന്നവർ ആകരുത് (2 യോഹ. 9–11).

'ജയിക്കുന്നവനു ഞാൻ ദൈവത്തിന്റെ പറുദീസയിൽ ഉള്ള ജീവവൃക്ഷത്തിന്റെ ഫലം തിന്മാൻ കൊടുക്കും' എന്നുള്ള വാഗ്ദത്തവും കർത്താവു നൽകുന്നു. പറുദീസ എന്ന വാക്കിന്റെ അർത്ഥം തോട്ടം എന്നാണ്. പാപം ചെയ്ത മനുഷ്യൻ പറുദീസ നഷ്ടപ്പെട്ടവനായി. ക്രിസ്തുവിലുള്ള വിശ്വാസം മൂലം അവൻ പറുദീസയുടെ അനു ഭവമുള്ളവനാകുന്നു. ക്രിസ്തുവിൽ കൂടി നമുക്കു ലഭിക്കുന്ന നിത്യജീവനെയാണ് ഇതു കാണിക്കുന്നത്. പുതിയ യെരൂശലേം ദൈവത്തിന്റെ നിവാസമായ പറുദീസയാണ് (വെളി. 21:3). അവിടെ ജീവവൃക്ഷം ഉണ്ട്. അവിടെ വിജ യിക്കുന്നവർക്കു ജീവവൃക്ഷത്തിന്റെ ഫലം തിന്മാൻ കൊടുക്കും. ദൈവജനത്തിനു ലഭിക്കുവാൻ പോകുന്ന ആത്മീയ ജീവന്റെ സമൃദ്ധിയെ ഇതു കാണിക്കുന്നു. അതിന്റെ അനുഭവക്കാരാകുവാൻ കർത്താവു നമ്മെ സഹായിക്കട്ടെ.

### സ്മുർന്നയിലെ സഭയ്ക്കുള്ള ദൂത് (2:8–11)

സ്മുർന്ന എന്ന പട്ടണം ആസ്യയിലെ ഒരു മനോഹര പട്ടണം ആയിരുന്നു. സുവിശേഷം കേട്ടതിന്റെ ഫല മായി അവിടെ ഒരു സഭ ഉണ്ടായി. വളരെ കഷ്ടതയിലൂടെ കടന്നുപോയ ഒരു സഭയായിരുന്നു ഇത്. അവർക്കുള്ള സന്ദേശ ത്തിൽ കർത്താവു മരണത്തെ ജയിച്ച രക്ഷിതാവാകുന്നു എന്നു വിശേഷിപ്പിക്കുന്നു. അതുകൊണ്ട് അവൻ കഷ്ടതകളിൽ സഹായിപ്പാൻ കഴിവുള്ളവനാണ്. കർത്താവ് അവരുടെ കഷ്ടത അറിയുന്നവനാണ്. പക്ഷേ കഷ്ട തയുടെ മദ്ധ്യത്തിലും അവർ ധനികർ ആണ്. ലോകം കാണുന്നതും കർത്താവു കാണുന്നതും തമ്മിലുള്ള വ്യത്യാസം ഇവിടെ കാണാം. കഷ്ടതയിൽ സന്തോഷിക്കുന്ന ജീവിതമാണ് യഥാർത്ഥ ക്രിസ്തീയ ജീവിതം (2 കൊരി. 6:10).

സ്മുർന്നയിലെ സഭ സാത്താന്റെ പള്ളിക്കാരുടെ ദൂഷണം സഹിച്ചിരുന്നു. ദൈവമക്കളെക്കുറിച്ചു ലോകം ദൂഷണം പറയുമ്പോൾ അത്ഭുതപ്പെടരുത്. അതു സാത്താന്റെ സ്വാധീനതയിൽ കഴിയുന്നു. ദൂഷണം പറയുന്നതു സാത്താന്റെ സ്വഭാവം ആകുന്നു (12:10). ദൈവജനത്തെ ദുഷിക്കുന്നവർക്കുള്ള പേർ സാത്താന്റെ പള്ളിക്കാർ എന്നാ ണ്. ദൈവമക്കൾ സഹിക്കുവാനുള്ള കഷ്ടതയും ദാരിദ്ര്യവും ദൂഷണവും കർത്താവ് അറിയുന്നു. എന്നാൽ കർത്താവ് അതിനെ ജയിച്ചവനാണ്. കഷ്ടതയുടെ ആക്കം കർത്താവു നിയന്ത്രിക്കുന്നതനുസരിച്ചേ സംഭവിക്കയുള്ളൂ. പത്തു ദിവസം സഹിക്കേണ്ടി വരുന്ന പരീക്ഷ അനേക വർഷങ്ങളിലെ വിജയത്തിനുള്ള ഒരുക്കം മാത്രമായിരിക്കും. നമുക്കു സഹിക്കാവുന്നതിൽ കൂടുതൽ നാം പരീക്ഷിക്കപ്പെടുകയില്ല (1 കൊരി. 10:13). പരീക്ഷയോടുകൂടെ നീക്കുപോക്കും നൽകുന്ന ഒരു രക്ഷിതാവാണ് നമ്മുടെ ദൈവം.

കഷ്ടതകളിൽ ദൈവജനം മരണപര്യന്തം വിശ്വസ്തരാകണം. എന്നാൽ ജീവകിരീടം പ്രാപിക്കും. മരണപ ര്യന്തം എന്നതുകൊണ്ടുള്ള ആശയം വിശ്വാസത്തിനുവേണ്ടി മരിക്കേണ്ടിവന്നാലും കർത്താവിലുള്ള ആശ്രയവും വിശ്വാസവും ഉള്ളവരാകണം എന്നത്രെ. പിശാചിനു ദേഹത്തെ മാത്രമേ കൊല്ലുവാൻ കഴികയുള്ളൂ. ദേഹിയെ രക്ഷിക്കുവാൻ ശക്തിയുള്ളവനാണ് ഉയിർത്തെഴുന്നേറ്റവനായ നമ്മുടെ രക്ഷിതാവ്. അവർ നിത്യജീവന്റെ അവ കാശികൾ ആകും.

### പെർഗ്ഗമൊസു സഭയ്ക്കുള്ള ദൂത് (2:12–17)

ഈ പട്ടണത്തെക്കുറിച്ചു ചരിത്രരേഖകളിൽ കാണാവുന്നതാണ്. വളരെ പ്രസിദ്ധി ആർജ്ജിച്ച ഒരു പട്ടണമാ യിരുന്നു ഇത്. അവിടെ ഒരു മലയുടെ മുകളിൽ 800 ൽ അധികം അടി ഉയരമുള്ള ഒരു യാഗപീഠം ഉണ്ടായിരുന്നു. രോഗശാന്തിക്കായി ജനങ്ങൾ അവിടെ തടിച്ചുകൂടാറുണ്ടായിരുന്നു. രണ്ടു ലക്ഷത്തോളം ചുരുളുകൾ ഉള്ള ഒരു ലൈബ്രറി ലോകശ്രദ്ധയെ ആകർഷിച്ചിരുന്നു. അങ്ങനെ മതപരമായും സാമൂഹ്യമായും തത്വജ്ഞാനപരമായും പ്രസിദ്ധി ആർജ്ജിച്ച ഒരു പട്ടണമായിരുന്നു പെർഗ്ഗമൊസ്. സുവിശേഷം കടന്നുചെന്നതിന്റെ ഫലമായി അവിടെ ഒരു സഭയുണ്ടായി. സാത്താന്യസ്വാധീനം ഉണ്ടായിരുന്ന അവിടെ വിശ്വാസജീവിതം അത്ര എളുപ്പമല്ലായിരുന്നു. ക്രിസ്തുവിന്റെ വിശ്വസ്ത സാക്ഷിയായ അന്തിപ്പാസ് കൊല്ലപ്പെട്ട സാഹചര്യത്തിൽപോലും വിശ്വാസം അവർ നിഷേധിച്ചില്ല.

എന്നാൽ അവർക്കു രണ്ടു ന്യൂനവശങ്ങൾ ഉണ്ടായിരുന്നു. അവർ ബിലെയാമിന്റെ ഉപദേശം സ്വീകരിക്കുന്ന വരും നിക്കൊലാവ്യരുടെ ഉപദേശം കൈ ക്കൊള്ളുന്നവരും ആയിരുന്നു. ബിലെയാം ദൈവിക അരുളപ്പാടുകൾ ലഭിച്ചവനായിരുന്നെങ്കിലും ദൈവത്തിന് അറപ്പായ കാര്യങ്ങൾ ചെയ്യുവാൻ ദൈവജനത്തെ ഉപദേശിച്ചു (സംഖ്യാ. 23,24). ഉപദേശവും ജീവിതവിശുദ്ധിയും ഒരുമിച്ചുപോകണം. താൽക്കാലിക ലാഭത്തിനായി ആത്മീയ മൂല്യങ്ങൾ ബലികഴിക്കുന്നത് ഇടർച്ചയ്ക്കു കാരണം ആകും. ബിലെയാമിന്റെ ഉപദേശം അപകടകരമാകുന്നു. നിക്കൊലാവ്യ രുടെ ഉപദേശവും ക്രിസ്തുവിന്റെ നാമം ദുഷിക്കപ്പെടുവാൻ കാരണം ആകും.

മാനസാന്തരപ്പെടുവാനുള്ള ആഹ്വാനമാണ് ഈ സഭയ്ക്കു നൽകുന്നത്. സഭ ആത്മീയമായി അധഃപതിക്കു

മ്പോൾ വിശ്വാസികൾ മൊത്തമായി ദുഃഖി ക്കയും മാനസാന്തരപ്പെടുകയും ചെയ്യണം. ദൈവം നമ്മെക്കുറിച്ച് ആഗ്ര ഹിക്കുന്ന ആത്മീയ നിലവാരത്തിലേക്കു മടങ്ങിവരുവാൻ മനസ്സുള്ളവരാകണം എന്നു സാരം. അപ്പോൾ അവർക്കു മറഞ്ഞിരിക്കുന്ന മന്നയും വെള്ളക്കല്ലും പുതിയ പേരും ലഭിക്കും. ക്രിസ്തു സ്വർഗ്ഗത്തിൽനിന്നും വന്ന അപ്പം ആകുന്നു. അവനെ ധ്യാനിക്കുന്നവർ അവനോടു സമ്പൂർണ്ണ ഐക്യമുള്ളവർ ആകും. ആത്മീയ ശക്തി പുതു ക്കും. വെള്ളക്കല്ല് ആത്മീയ വിശുദ്ധിയെ കാണിക്കുന്നു. കല്ലിൻമേൽ എഴുതിയ പേർ കളികളിൽ ജയിക്കുന്ന വർക്കു നൽകുന്ന മെഡലിനെ കാണിക്കുന്നു എന്ന് അഭിപ്രായപ്പെടുന്നു. അവർ കർത്താവിനാൽ അഭിനന്ദിക്കപ്പെ ടും. കർത്താവിന്റെ വീണ്ടും വരവിലാണ് അതു സംഭവിക്കുന്നത്. അതിനു യോഗ്യരാകുവാൻ കർത്താവു നമ്മെ സഹായിക്കട്ടെ.

### തുയഥൈരയിലെ സഭയ്ക്കുള്ള ദൂത് (2:18-29)

ഫിലിപ്പ്യയിൽ പൗലൊസു കണ്ടുമുട്ടിയ ലുദിയ എന്ന സ്ത്രീ തുയ ഥൈരാപട്ടണത്തിലുള്ളവൾ ആയിരുന്നു. അവൾ രക്താംബരം വിൽക്കുന്ന വളും ആയിരുന്നു. അവൾ മുഖാന്തരം ആയിരിക്കണം സുവിശേഷം പ്രചരിക്കു വാൻ കാരണമായത്. ഇവിടെയുള്ള സഭയ്ക്കുള്ള സന്ദേശത്തിൽ കർത്താവിനെ വിശേഷിപ്പിക്കുന്നത് അഗ്നിജ്വാ ലയ്ക്ക് ഒത്ത കണ്ണും വെള്ളോട്ടിനു സദൃശമായ കാലും ഉള്ള ദൈവപുത്രൻ എന്നാണ്. നമ്മുടെ കർത്താവു സകല രഹസ്യവും അറിയുന്നവനും കഷ്ടതയുടെ തീച്ചൂളയിലും നടക്കുന്നവനുമാണ്. കർത്താവ് അവരുടെ സ്നേഹം, വിശ്വാസം, സഹിഷ്ണുത, ശുശ്രൂഷ എന്നിവ അറിയുന്നു. അതിൽ സ്ഥിരതയും വർദ്ധിച്ചുവരുന്ന അനു ഭവവും ഉണ്ടായിരുന്നു. കർത്താവ് അതിനെ ശ്ലാഘിക്കുന്നു എന്നുള്ളത് ശ്രദ്ധേയമാണ്.

കർത്താവ് അവരുടെ കുറ്റവും ചൂണ്ടിക്കാണിക്കുന്നു. ഈസബേൽ എന്ന സ്ത്രീ ചെയ്യുന്ന കാര്യങ്ങൾ സഭ യിൽ അനുവദിക്കുന്നു എന്നതാണ് ആ തെറ്റ്. അവൾ പ്രവാചകി എന്നു തന്നെത്താൻ അവകാശപ്പെടുകയും ദൈവ ദാസന്മാരെ തെറ്റിച്ചുകളകയും ചെയ്യുന്നു. അവൾ ദുർന്നടപ്പുകാരിയാണ്. മറ്റുള്ളവരെ ദുർന്നടപ്പിനായി പ്രേരിപ്പി ക്കയും ചെയ്യുന്നു. മാനസാന്തരപ്പെടുവാൻ സമയം നൽകിയെങ്കിലും അവൾ മാനസാന്തരപ്പെട്ടില്ല എന്നു മാത്രമല്ല അതിന് അവൾക്കു മനസ്സുമില്ല. ക്രിസ്തുസഭയിൽ ഈ കാര്യങ്ങളുടെ അതിപ്രസരം ഏതു കാലത്തും ഉണ്ടായിട്ടു ണ്ട്. സ്ത്രീകളുടെ സ്വപ്നങ്ങൾക്കും ദർശനങ്ങൾ ക്കും പ്രാധാന്യം നൽകി അതു ദൈവിക വെളിപ്പാടാണെന്നു വ്യാഖ്യാനിക്കപ്പെടുന്ന പ്രവണത ഇന്നും കാണാവുന്നതാണ്. സഭയിൽ ഈസബേലിന്റെ മക്കളും ദൈവത്തിന്റെ മക്കളും ഉണ്ട്. അവരെ തിരിച്ചറിയുന്നവനാണ് നമ്മുടെ കർത്താവ്. ഈസബേലിന്റെ മക്കൾ ന്യായം വിധിക്കപ്പെടും എന്നു കർത്താവ് പറയുന്നു. കർത്താവിന് ഏതുകാലത്തും ഒരു ശേഷിപ്പ് ഉണ്ടായിരുന്നു. ഇന്നും ദൈവത്തെ സ്നേഹിക്കുകയും വിശുദ്ധ ജീവിതം നയിക്കുവാൻ ആഗ്രഹിക്കു കയും ചെയ്യുന്ന ഒരു ന്യൂനപക്ഷം സഭയിൽ ഉണ്ട്. അവർ സാത്താന്റെ ആഴ ങ്ങൾ അറിഞ്ഞിട്ടില്ലാത്തവരാണ്. ഈസബേലിന്റെ മക്കൾ സാത്താന്റെ ആഴങ്ങൾ അറിയുന്നവർ എന്ന് അവകാശപ്പെടുന്നു. ആത്മീയ മൂല്യങ്ങളെ ജഡിക മോഹങ്ങളുടെ തൃപ്തിക്കു മറചാരുന്ന പ്രവണതയുള്ളവരാണ് അവർ. ദൈവമക്കൾ വർജ്ജിക്കേണ്ട കാര്യങ്ങളെക്കുറിച്ച് അപ്പൊസ്തലന്മാർ കല്പിച്ചി രുന്നു. വിഗ്രഹാർപ്പിതം, രക്തം, പരസംഗം, ശ്വാസംമുട്ടി ചത്തത് എന്നിവ അതിൽ ഉൾപ്പെടും. അതു ഭാരമുള്ള കല്പനകളായിരുന്നില്ല.

കർത്താവു നമുക്കു നൽകിയിട്ടുള്ള ഉത്തരവാദിത്വങ്ങൾ നാം നിർവ്വഹി ക്കണം. കർത്താവിന്റെ വീണ്ടുംവരവു വരെ പിടിച്ചുകൊള്ളേണ്ട കാര്യങ്ങൾ ആണ് അവ. അതിൽ വിശ്വസ്തരായിരിക്കുന്നവർക്കു പ്രതിഫലം ലഭിക്കും. അവർക്കു ജാതികളുടെ മേൽ അധികാരം കൊടുക്കും. അവൻ ഇരിമ്പുകോൽ കൊണ്ട് അവരെ മേയിക്കും. അവർ കുശവന്റെ പാത്രങ്ങൾപോലെ നുറുങ്ങിപ്പോകും. കർത്താവു വിശ്വസ്തസേവ ചെയ്യുന്നവർക്ക് ഉദയനക്ഷത്രവും നൽകും. ഈ സത്യങ്ങൾ ഉൾക്കൊള്ളുവാൻ പ്രയാസമാണ്. എന്നാൽ കർത്താവ് അരുളിച്ചെയ്തിരിക്കുന്നതുകൊണ്ടു നമുക്കു വിശ്വസിക്കാം. ദൈവമക്കൾക്കുള്ള ഈ അനുഗ്രഹങ്ങൾ തുയഥൈരാസഭയിലെ ശേഷിപ്പിനു മാത്രമുള്ളത ല്ല. എല്ലാ സഭകൾക്കും ഇതു ബാധകമാകുന്നു. എന്തുകൊണ്ടെന്നാൽ 'ആത്മാവു സഭകളോടു പറയുന്നത് എന്തെന്നു ചെവിയുള്ളവൻ കേൾക്കട്ടെ' എന്നു കർത്താവു പറയുന്നു. 'ഞാൻ ശുഭ്രമായ ഉദയനക്ഷത്രമാകുന്നു' എന്നു ക്രിസ്തു പറയുന്നുണ്ട് (22:16). അവനെ നമുക്കു ലഭിക്കും. ക്രിസ്തുവാണ് നമ്മുടെ അതിമഹത്തായ പ്രതിഫലം. അവനെ സ്നേഹിക്കുവാനും സേവിക്കുവാനും ഇടയാകുന്നതു ജീവിതത്തിലെ മഹാഭാഗ്യം ആകുന്നു.

## അദ്ധ്യായം 3

### സർദ്ദിസിലെ സഭയ്ക്കുള്ള ദൂത് (3:1-6)

കർത്താവ് ഈ സഭയെ പൂർണ്ണമായും അറിയുന്നവനാണ്. സർദ്ദിസു സഭയെക്കുറിച്ചു കർത്താവിനു ശ്ലാഘി ക്കുവാനൊന്നും ഉണ്ടായിരുന്നില്ല. അവർക്കു പ്രവൃത്തികൾ ഉണ്ടായിരുന്നു. എന്നാൽ അവ ദൈവദൃഷ്ടിയിൽ പൂർണ്ണത ഉള്ളവയായിരുന്നില്ല. മനുഷ്യൻ കാണുന്നതുപോലെയല്ല ദൈവം കാണുന്നത്. മനുഷ്യൻ അഭിനന്ദി ക്കുന്ന അനേക കാര്യങ്ങൾ കർത്തൃസന്നിധി യിൽ കത്തിച്ചാമ്പലായിപ്പോകും എന്ന സത്യം ഇവിടെ കാണാം. ഈ സഭ ജീവനുള്ള സഭ എന്നു പേർ ഉള്ളതായിരുന്നെങ്കിലും മരിച്ചതായിരുന്നു. മരിച്ചു എന്നതുകൊണ്ടുള്ള ആശയം ദൈവവാസം ഇല്ലാത്ത അവസ്ഥ എന്നാണ്. കർത്താവ് ഈ സഭയോടു കല്പിക്കുന്നത് 'ഉണർന്നുകൊൾക, ചാവാ

റായ ശേഷിപ്പുകളെ ശക്തീകരിക്ക, കാത്തുകൊൾക, മാനസാന്തരപ്പെടുക' എന്നത്രെ. ഇന്ന് അനേക സഭകൾ ഉറക്കത്തിൽ കഴിയുന്നു. ഉണരുവാൻ ആഗ്രഹിക്കുന്ന സഭകൾ സജീവമാകും. ശക്തീകരിക്കുവാൻ ആളും സന്നദ്ധതയും ഉണ്ടെങ്കിൽ ചാവാറായ അവസ്ഥയിൽ കഴിയേണ്ട ആവശ്യം ഇല്ല. ആദ്യകാലത്തെ ഓർത്ത് അതിലേക്കു മാനസാന്തരപ്പെടുവാൻ കർത്താവ് ആഹ്വാനം ചെയ്യുന്നു. ദൈവവചനത്തിലേക്കും ആദ്യസ്നേഹത്തിലേക്കും മടങ്ങിവരണം. 'ഞാൻ കള്ളനെപ്പോലെ വരുന്നു' എന്നുള്ള ഭയനിർദ്ദേശവും കർത്താവു നൽകുന്നു. കർത്താവിന്റെ വീണ്ടും വരവിനെക്കുറിച്ചുള്ള ഒരു സൂചനയാണ് ഇത്. കർത്താവു പെട്ടെന്നു വരുന്നു. അതിനായി എപ്പോഴും ഒരുങ്ങി ഉണർന്നിരിക്കുവാൻ നമുക്ക് ഉത്തരവാദിത്വമുണ്ട്. ഉറങ്ങുന്നവരെക്കുറിച്ചു കർത്താവിനു വിശ്വസ്ത ദാസരെന്നു പറയുവാൻ കഴിയുന്നതല്ല. യജമാനന്റെ ശുശ്രൂഷയിൽ വിശ്വസ്തരാകുവാൻ കർത്താവു നമ്മെ ഏവരേയും സഹായിക്കട്ടെ.

സർദ്ദിസുസഭയിൽ ഉടുപ്പു മലിനമാകാത്ത കുറെ യോഗ്യന്മാർ കർത്താവിനുണ്ടായിരുന്നു. അവരെ കർത്താവ് പ്രത്യേകം ശ്രദ്ധിക്കുന്നു. അവർ ലോകത്തിൽ ജീവിച്ചിരുന്നെങ്കിലും ലോകത്താൽ മലിനപ്പെടാത്തവരായിരുന്നു. അവരുടെ യോഗ്യത കർത്താവു നൽകിയ യോഗ്യതയാണ്. മനുഷ്യദൃഷ്ടിയിൽ അവർക്കു യോഗ്യതകൾ ഒന്നും ഉണ്ടായിരുന്നില്ല. എന്നാൽ കർത്താവ് അവരെ അറിയുന്നു. അവർ കർത്താവിനു യോഗ്യന്മാരാണ്. വെള്ള ധരിച്ചുകൊണ്ടു കർത്താവിനോടു കൂടെ നടക്കുവാൻ അവർക്കു പദവി ലഭിക്കും. ലോകത്താൽ മലിനപ്പെടാതെ ജീവിച്ചതിന്റെ ഫലമായിട്ടാണ് അവർ കർത്താവിനോടു കൂടെ നടക്കുന്നവരാകുന്നത്. വെള്ള ദൈവതേജസ്സിനെ കാണിക്കുന്നു (2 കൊരി. 5:2,3). നമുക്കു ലഭിക്കുവാനുള്ള പദവി എത്ര ശ്രേഷ്ഠമാകുന്നു! മലിനപ്പെടാത്തവരുടെ പേർ ജീവപുസ്തകത്തിൽനിന്നും മായിച്ചുകളയാതെ പിതാ വിന്റെ സന്നിധിയിലും ദൂതന്മാരുടെ മുമ്പിലും അവരുടെ പേരുകൾ ഏറ്റുപറയും. ഈ വാക്യത്തെക്കുറിച്ചു പല വ്യാഖ്യാനങ്ങളും ഉണ്ടായിട്ടുണ്ട്. രക്ഷിക്കപ്പെട്ടവർ നിത്യജീവന്റെ അവകാശികൾ ആകുന്നു (യോഹ. 11:26). കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ പേരെഴുതപ്പെട്ടവർ എന്നെന്നേക്കും ജീവിക്കും. സർദ്ദിസുസഭയ്ക്കുള്ള ദൂതിൽ ജീവപുസ്തകത്തിൽനിന്നും മായിച്ചുകളയും എന്നു പറയുന്നതിന്റെ അർത്ഥം എന്താണ്? ദുഷ്ടന്മാരുടെ മരണത്തെക്കുറിച്ചു ജീവപുസ്തകത്തിൽനിന്നും മായിച്ചുകളയണമേ എന്നു പറഞ്ഞിട്ടുണ്ട് (സങ്കീ. 69:28). പണ്ടു പൗരന്മാർ മരിക്കുമ്പോൾ അവരുടെ പേരുകൾ മായിച്ചുകളയുന്ന സമ്പ്രദായം ഉണ്ടായിരുന്നു. മരണത്തെയാണ് ഇവിടെ മായിച്ചുകളയുന്നു എന്ന വാക്കുകൊണ്ട് അർത്ഥമാക്കുന്നത്. ജീവപുസ്തകംകൊണ്ടുള്ള ആശയം മനുഷ്യന്റെ മൊത്ത ജീവിത കാലയളവാണ്. വീണ്ടെടുക്കപ്പെട്ടവരെക്കുറിച്ചു കർത്താവു ദൈവസന്നിധിയിൽ ഏറ്റുപറയും. അവർ അവന്റെ രക്തത്തിന്റെ വിലയാണ്. അവന്റെ വിശ്വസ്ത ദാസന്മാരാണ്. ദൂതന്മാർ അതു കേട്ട് ആശ്ചര്യപ്പെടും. സ്വർഗ്ഗം സന്തോഷിക്കും. ഈ പ്രത്യാശയുള്ളവർ ലോകത്താൽ മലിന പ്പെടാതെ വിശുദ്ധജീവിതം നയിക്കുന്നവർ ആകണം. അതിനു കർത്താവു നമ്മെ സഹായിക്കട്ടെ.

## ഫിലദെൽഫ്യാ സഭയ്ക്കുള്ള ദൂത് (3:7-13)

ഫിലദെൽഫ്യാ സഭയ്ക്കു കർത്താവു തന്നെ വെളിപ്പെടുത്തുന്നതു വിശുദ്ധനും സത്യവാനും ദാവീദിന്റെ താക്കോലുള്ളവൻ ആയി ആരും അടയ്ക്കാതവണ്ണം തുറക്കുകയും ആരും തുറക്കാതവണ്ണം അടയ്ക്കുകയും ചെയ്യുന്നവൻ എന്നാണ്. കർത്താവു വിശുദ്ധനാണ്. അതു ക്രിസ്തുവിന്റെ ദൈവത്വത്തെ വെളിപ്പെടുത്തുന്നു. അവൻ സാക്ഷാൽ സത്യമാണ്. ദൈവം സത്യവാനാ കുന്നു (യോഹ. 14:6). ക്രിസ്തു ദാവീദിന്റെ താക്കോലുള്ളവൻ ആണ്. അത് അവന്റെ അധികാരത്തെ കാണിക്കുന്നു. കൂടാതെ കർത്താവു തന്റെ പ്രവൃത്തിക്കായി വാതിൽ തുറന്നാൽ അത് അടയ്ക്കുവാൻ ആർക്കും കഴികയില്ല. ഈ സഭയ്ക്ക് അല്പമേ ശക്തിയുള്ളൂ. എന്നാൽ അതു ദൈവവചനം കാത്തു സൂക്ഷിക്കുവാൻ ഉപയോഗിച്ചു. ദൈവവചനത്തിൽ ഉറച്ചുനിൽക്കുന്ന ഒരു സഭയായിരുന്നു ഇത്. സാത്താന്റെ പള്ളിക്കാർ ക്രിസ്തുവിശ്വാസികളെ വന്നു നമസ്കരിക്കും. കർത്താവ് അവരെ സ്നേഹിച്ചു എന്ന് അവർ അറിയും. 3:10,11 വാക്യങ്ങളിൽ കർത്താവിന്റെ വാഗ്ദത്തവും ആഹ്വാനവും കാണുന്നു. 'പരീക്ഷാകാലത്തു ഞാനും നിന്നെ കാക്കും. കർത്താവു വേഗം വരുന്നു. നിന്റെ കിരീടം ആരും എടുക്കാതിരിപ്പാൻ തക്കവണ്ണം നിനക്കുള്ളതു പിടിച്ചു കൊൾക.' ദൈവം മനുഷ്യരെ പരീക്ഷിച്ചുകൊണ്ടിരിക്കുന്നു. അവർ അനുതപിച്ചു ദൈവത്തിങ്കലേക്കു മടങ്ങണം എന്നു ദൈവം ആഗ്രഹിക്കുന്നു. അബ്രഹാം ദൈവത്താൽ പരീക്ഷിക്കപ്പെട്ടു. അവന്റെ വിശ്വാസത്തെ തെളിയിക്കുവാ നായിരുന്നു അത്. പരീക്ഷകളോടു കൂടെ നീക്കുപോക്കുകളും അവൻ ഒരു ക്കുന്നു (1 കൊരി. 10:13). അതിന്റെ മദ്ധ്യത്തിൽ തന്റെ ജനത്തെ സംരക്ഷിക്കുവാൻ ദൈവം ശക്തിയുള്ളവൻ ആകുന്നു. "ഞാൻ വേഗം വരുന്നു" എന്നുള്ള ഭാഗ്യകരമായ പ്രത്യാശ കർത്താവു നമുക്കു നൽകിയിരിക്കുന്നു. തുടർന്നു നമ്മുടെ ഉത്തര വാദിത്വം ചൂണ്ടിക്കാണിച്ചിരിക്കുന്നു. 'നിന്റെ കിരീടം ആരും എടുക്കാതിരിപ്പാൻ നിനക്കുള്ളതു പിടിച്ചുകൊൾക.' കിരീടം കർത്താവിലുള്ള നമ്മുടെ പ്രശംസയെ കാണിക്കുന്നു. അവന്റെ വചനത്തിലും അവനു നമ്മോടുള്ള കരുതലിലും പ്രശംസിച്ചുകൊണ്ടു ഭക്തിയോടെ അവനെ സേവിക്കുവാൻ നമുക്കു കഴിയണം.

12-ാം വാക്യത്തിൽ കർത്താവു നൽകുന്ന അനുഗ്രഹങ്ങളെക്കുറിച്ചു കാണുന്നു. കർത്താവിനായി കാത്തിരുന്ന് അവനിൽ പ്രശംസിക്കുന്നവരെ അവന്റെ ആലയത്തിന്റെ തൂണാക്കും. ദൈവത്തിന്റെ തൂണുകളായി കാണപ്പെടുന്നത് എത്ര ശ്രേഷ്ഠമായ പദവിയാകുന്നു! അതു നമ്മുടെ നിത്യമായ ഭദ്രതയെ കാണിക്കുന്നു. തൂണുകളിൽ മൂന്നു നാമങ്ങൾ എഴുതപ്പെടും. ദൈവത്തിന്റെ നാമം, ദൈവനഗരത്തിന്റെ നാമം, 'എന്റെ പുതിയ നാമം' അഥവാ യേശുവിന്റെ നാമം. പേരുകൾ ഉടമസ്ഥാവകാശത്തെയാണ് കാണിക്കുന്നത്. പരീക്ഷയിൽ ജയിക്കുന്നവർക്കുള്ള

പദവികൾ ആണ് ഇവ. ഇതു പരീക്ഷകളിൽ സഹിഷ്ണുതയുള്ളവരാകുവാൻ നമ്മെ സഹായിക്കുന്ന ചിന്തകൾ ആണ്. അതിനു കർത്താവു നമ്മെ ഏവരേയും സഹായിക്കട്ടെ.

### ലവൊദിക്ക്യ സഭയ്ക്കുള്ള ദൂത് (3:14-22)

ലവൊദിക്ക്യ കൊലൊസ്സ്യയ്ക്കു സമീപമുള്ള ഒരു സ്ഥലമായിരുന്നു. എപ്പഫ്രാസിന്റെ പ്രവർത്തനഫലമായി ഈ സഭ ഉണ്ടായതായി കരുതാം. കർത്താവ് ഈ സഭയ്ക്കു തന്നെ വെളിപ്പെടുത്തുന്നതു മൂന്നു വിധത്തിലാണ്. വിശ്വസ്തനും സത്യവാനുമായ സാക്ഷി, ദൈവസൃഷ്ടിയുടെ ആരംഭം, ആമേൻ. ക്രിസ്തു സത്യത്തിനു സാക്ഷിയാകുവാൻ മനുഷ്യനായി ജനിച്ച ദൈവപുത്രൻ ആകുന്നു. അവൻ സൃഷ്ടിയുടെ ആരംഭം ആകുന്നു. ആരംഭം കൊണ്ടുള്ള ആശയം സൃഷ്ടിയുടെ ഉത്ഭവസ്ഥാനം എന്നാണ്. ക്രിസ്തു സൃഷ്ടിക്കപ്പെട്ടവനല്ല. സ്രഷ്ടാവാണ് (യോഹ. 1:3). ആമേൻ എന്ന വാക്ക് കർത്താവിന്റെ ഒരു പേരാകുന്നു. ദൈവത്തിന്റെ സകല വാഗ്ദത്തങ്ങളും ക്രിസ്തുവിൽ സത്യമായിരിക്കുന്നു എന്നു സാരം. ലവൊദിക്ക്യ സഭയുടെ നിജസ്ഥിതി വെളിപ്പെടുത്തുവാൻ, അതു സത്യമായി പറയുവാൻ ആമേൻ എന്നു പേരുള്ളവനു മാത്രമേ സാധിക്കുകയുള്ളൂ. ലവൊദിക്ക്യ സഭയെക്കുറിച്ചു കർത്താവിനു പ്രശംസിച്ചു പറയുവാൻ യാതൊന്നും ഉണ്ടായിരുന്നില്ല. തുപ്പിക്കളയുവാൻ പ്രേരിപ്പിക്കുന്ന കാര്യങ്ങൾ മാത്രമാണ് കർത്താവ് ഈ സഭയിൽ കാണുന്നത്. നീ ശീതവാനുമല്ല, ഉഷ്ണവാനുമല്ല, ശീതോഷ്ണവാനാണ്. ശീതോഷ്ണാവസ്ഥ പ്രയോജനമില്ലാത്ത സ്ഥിതിയെ കാണിക്കുന്നു. അവർ മറ്റുള്ളവരുടെ ആത്മീയ പുരോഗതിക്കു തടസ്സം സൃഷ്ടിക്കുന്നവരും ആയിരിക്കും. ലവൊദിക്ക്യ സഭ സ്വയം പ്രശംസിക്കുന്ന സഭയായിരുന്നു. 'ഞാൻ ധനവാൻ, സമ്പന്നൻ, ഒന്നിനും മുട്ടില്ലാത്തവൻ' എന്ന് അവർ പറയുന്നു. അവരുടെ ആത്മീയ പാപ്പരത്തം അറിയാതെ നിർഭാഗ്യനും അരിഷ്ടനും ദരിദ്രനും നഗ്നനും ആയി അവർ കഴിയുന്നതായി കർത്താവു കാണുന്നു. നാം നമ്മെ കാണുന്നതു പലപ്പോഴും തെറ്റായ നിലയിലായിരിക്കും. കുരുടർ ആയിരിക്കുമ്പോൾ തന്നെ കാണുന്നു എന്നു പറയുന്നതു പാപമാണ് (യോഹ. 9:41). നമ്മുടെ ശരിയായ അവസ്ഥ അറിയുവാൻ ദൈവവചനം നാം പഠിക്കുന്നവർ ആകണം. ബുദ്ധികൊണ്ടു മാത്രം അറിയുന്നതുകൊണ്ടു പ്രയോജനം ഇല്ല. ഹൃദയംകൊണ്ടു സ്വീകരിച്ചു യഥാസ്ഥാനപ്പെ ടണം. ആത്മീയ അനുഗ്രഹങ്ങൾ സ്വന്ത കഴിവുകൾകൊണ്ടു സമ്പാദിക്കാവുന്നതല്ല. കർത്താവിൽനിന്നും ലഭിക്കണം. ഊതിക്കഴിച്ച പൊന്ന്, വെള്ളയുടുപ്പ്, കണ്ണിൽ എഴുതുവാൻ ലേപം എന്നിവ കർത്താവിൽനിന്നും വാങ്ങി യഥാസ്ഥാനപ്പെടണം. ആത്മീയ സമ്പത്ത് ഊതിക്കഴിച്ച പൊന്നിനു സമമാണ്. വെള്ളയുടുപ്പു വിശുദ്ധിയെ കാണിക്കുന്നു. കണ്ണിൽ എഴുതുവാനുള്ള ലേപം ആത്മീയ ദൃഷ്ടി പ്രകാശിച്ചു കിട്ടുന്നതിന്റെ ചിത്രമാണ്. ഇതൊക്കെ ലഭിക്കുവാൻ സ്വയം ത്യജിക്കുന്നവർ ആകണം. ആത്മീയ മൂല്യങ്ങൾക്കു വില കൊടുക്കുവാൻ മനസ്സുള്ളവർ ആകണം. ദൈവമക്കൾ ആത്മീയ സമ്പന്നരാകണം എന്നു കർത്താവ് ആഗ്രഹിക്കുന്നു.

തുടർന്നു കർത്താവിന്റെ സ്നേഹത്തിന്റെ വാക്കുകളാണ് കാണുന്നത്. കർത്താവു താൻ സ്നേഹിക്കുന്നവരെ ശിക്ഷിക്കുന്നു. അവരെ മാനസാന്തരത്തിലേക്കു നടത്തുക എന്നുള്ളതാണ് അതിന്റെ ലക്ഷ്യം. കർത്താവു നമ്മെ സ്നേഹിക്കുന്നു എന്നുള്ളതിന്റെ തെളിവാണ് അവൻ നമ്മെ ശിക്ഷിക്കുന്നു എന്നുള്ളത്. ദൈവമക്കൾ ആത്മീയ കാര്യങ്ങളിൽ ജാഗ്രത അഥവാ ഉത്സാഹ മുള്ളവർ ആയിരിക്കണം. അവരുടെ ശീതോഷ്ണാവസ്ഥയിൽനിന്നും മാനസാന്തരപ്പെടണം. അപ്പോൾ കർത്താവിനോട് അവർ കൂട്ടായ്മയും സമ്പർക്ക വും ഉള്ളവരാകും. അതിനായി കർത്താവു വ്യക്തിപരമായി ഏർപ്പെട്ടുകൊണ്ടിരിക്കുന്നു. വാതിൽക്കൽ നിന്നു മുട്ടുന്നു എന്നതിന്റെ അർത്ഥം അതാണ്. വാതിൽ തുറക്കുവാനുള്ള പൂർണ്ണ സ്വാതന്ത്ര്യം വിശ്വാസികൾക്കുള്ളതാണ്. കർത്താവിനു കടന്നുവരുവാൻ തടസ്സമായിരിക്കുന്ന കാര്യങ്ങൾ നീക്കി അവനെ സ്വാഗതം ചെയ്യുന്നവർ അവനോടുള്ള കൂട്ടായ്മയുടെ മാധുര്യം ആസ്വദിക്കും. അതിനു കർത്താവു നമ്മെ സഹായിക്കട്ടെ.

ജയിക്കുന്നവനു കർത്താവു തന്നോടുകൂടെ സിംഹാസനത്തിൽ ഇരിപ്പാൻ വരം നൽകും. നാം പലതിലും പരാജയപ്പെടുന്നവരാണ്. അതിൽനിന്നെ ല്ലാം ജയിക്കുവാനുള്ള ആത്മധൈര്യം നമുക്കുണ്ടാകണം. ക്രിസ്തീയ ജീവിതം ആരംഭിക്കുന്നതു ജയത്തിലാണ്. പുനരുത്ഥാനം ചെയ്ത ക്രിസ്തുവിൽ എന്നു സാരം. കർത്താവു ലോകത്തെ ജയിച്ചവനാണ്. കർത്താവു ജയജീവിതം നൽ കുവാൻ മതിയായവൻ ആകുന്നു. അതിനു നാം അവനിൽ ആശ്രയിക്കണം. അപ്പോൾ പൂർണ്ണജയം ഉള്ളവരാകും (റോമ. 8:37). അവർക്കു ലഭിക്കുന്ന അവകാശമാകുന്നു കർത്താവിനോടുകൂടെ തന്റെ സിംഹാസനത്തിൽ ഇരിക്കുക എന്നുള്ള പദവി. കർത്താവ് അതിനുള്ള സ്ഥലം ഒരുക്കുവാൻ പോയിരിക്കുന്നു (യോഹ. 14:1-3). ക്രിസ്തുവിനോടു കൂടെ കഷ്ടം സഹിക്കുന്നവർക്കുള്ള പദവിയാകുന്നു ഇത് (2 തിമൊ. 2:11,12). കർത്താവിനോടു കൂടെ ഇരുന്നു നാം യിസ്രായേൽ ഗോത്രങ്ങളെ ന്യായം വിധിക്കും എന്നു കാണുന്നു. ഈ സത്യങ്ങൾ ഉൾക്കൊള്ളുവാൻ പ്രയാസമുള്ളവയാണ്. എങ്കിലും കർത്താവ് അരുളിച്ചെയ്തിരിക്കുന്നതുകൊണ്ടു നമുക്കു പൂർണ്ണമായി വിശ്വസിക്കാം.

ഏഴു സഭകൾക്കുള്ള സന്ദേശങ്ങൾ സഭകൾക്കു മൊത്തത്തിലുള്ള ദൂതാകുന്നു. സഭകൾക്കുള്ള ബുദ്ധിയുപദേശങ്ങൾ ഇവിടെ കാണാം. നമ്മുടെ തെറ്റുകൾ തിരുത്തുവാനും, ഉപദേശത്തിൽ ഉറയ്ക്കുവാനും, പോരാട്ടത്തിൽ ജയിക്കുവാനും, പ്രത്യാശയിൽ സ്ഥിരപ്പെടുവാനും ഈ സന്ദേശങ്ങൾ മാർഗ്ഗനിർ ദ്ദേശം നൽകുന്നു. അതു പഠിക്കുന്നതു മൂലം വിശ്വാസത്തിൽ ഉറയ്ക്കുവാനും, സ്നേഹത്തിൽ വർദ്ധിക്കുവാനും, ആത്മാവിൽ ബലപ്പെടുവാനും, സഹിഷ്ണുത യിൽ സ്ഥിരതയുള്ളവരാകുവാനും കർത്താവു നമ്മെ സഹായിക്കട്ടെ.

### അദ്ധ്യായം 4

### ദൈവം ആരാധ്യനാകുന്നു (4:1-11)

ദൈവത്തെ ആരാധ്യനായി ഈ അദ്ധ്യായത്തിൽ വെളിപ്പെടുത്തുന്നു. യോഹന്നാനു സിംഹാസനസ്ഥനായ ദൈവത്തെക്കുറിച്ചുള്ള ദർശനം ലഭിച്ചു. അവന്റെ മഹത്വം മനുഷ്യഭാഷയിൽ വർണ്ണിച്ചിരിക്കുന്നതായി ഇവിടെ കാണാം. അതാണല്ലോ വിലയേറിയ രത്നങ്ങളുടെ ശോഭകൊണ്ടു മനസ്സിലാക്കാവുന്നത്.

സ്വർഗ്ഗത്തിൽ ഒരു വാതിൽ തുറന്നിരിക്കുന്നതായി യോഹന്നാൻ കാണുന്നു. സ്വർഗ്ഗം തുറന്നു എന്ന പ്രയോഗം ബൈബിളിൽ പലഭാഗത്തും പറഞ്ഞിട്ടുണ്ട് (പ്രവൃ. 7:56). ദൈവം തന്റെ ദാസന്മാർക്കു സ്വർഗ്ഗീയ കാര്യങ്ങൾ വെളിപ്പെടുത്തി കൊടുക്കുന്നവനാണ്. യോഹന്നാൻ "ഇവിടെ കയറിവരിക; മേലാൽ സംഭവിപ്പാനുള്ളതു ഞാൻ നിനക്കു കാണിച്ചുതരാം" എന്ന കാഹളത്തിനൊത്ത കർത്താവിന്റെ ശബ്ദം കേട്ടു. സഭ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടതിന്റെ ചിത്രമായി ഇതിനെ പല വേദവിദ്യാർത്ഥികളും കരുതുന്നു. "മേലാൽ സംഭവിപ്പാനുള്ളത്" സഭ എടുത്തുകൊള്ളപ്പെട്ടതിനുശേഷം സംഭവിപ്പാനുള്ളതാണെന്നു ചിന്തിക്കുന്നവർ ഉണ്ട്. യോഹന്നാനു കർത്താവു കാണിച്ചു കൊടുത്ത കാര്യങ്ങളാണ് തുടർന്നുള്ള അദ്ധ്യായങ്ങളിൽ കാണു ന്നത്. കർത്താവു സകല കാര്യങ്ങളെയും നിയന്ത്രിക്കുവാൻ കഴിവുള്ളവൻ ആകുന്നു. സംഭവിപ്പാനുള്ള കാര്യങ്ങളാണ് യോഹന്നാനു കാണിച്ചുകൊടുത്തത്. 16-ാം അദ്ധ്യായം 17-ാം വാക്യത്തിൽ "സംഭവിച്ചു തീർന്നു" എന്ന ഒരു മഹാശബ്ദം ഉണ്ടായി. 4-ാം അദ്ധ്യായത്തിൽ ആരംഭിച്ച സംഭവങ്ങൾ 16-ാം അദ്ധ്യായത്തിൽ സംഭവിച്ചുതീർന്നു എന്നു മനസ്സിലാക്കാം.

സ്വർഗ്ഗത്തിൽ ഒരു സിംഹാസനം ഉണ്ട്. അതിൽ ഒരുവൻ ഇരിക്കുന്നു. അതു ദൈവത്തിന്റെ പരമാധികാരത്തെ കാണിക്കുന്നു. അതിനെ ചോദ്യം ചെയ്യുവാൻ നമുക്ക് അധികാരം ഇല്ല. സിംഹാസനത്തിൽ ഇരിക്കുന്നവൻ സൗന്ദര്യപൂർണ്ണനാണ്. സിംഹാസനത്തിനു ചുറ്റും 24 സിംഹാസനങ്ങളും അവയിൽ വെള്ളയുടുപ്പു ധരിച്ച് തലയിൽ പൊൻകിരീടവുമായി 24 മൂപ്പന്മാരെയും യോഹന്നാൻ കണ്ടു. ഇവർ പഴയനിയമ പുതിയനിയമ വിശുദ്ധന്മാരുടെ പ്രതിനിധികളെന്നു ചിലർ അഭിപ്രായപ്പെടുന്നു. സിംഹാസനത്തിൽനിന്നു മിന്നലും നാദവും ഇടിമുഴക്കവും പുറപ്പെടുന്നു. അതു ദൈവസാന്നിദ്ധ്യത്തെ കാണിക്കുന്നു. പഴയനിയമത്തിൽ ഇവ പ്രത്യക്ഷപ്പെട്ടിരുന്നു. ദൈവം പാപത്തെ ന്യായം വിധിക്കുന്നവനാണ്. ഏഴു ദീപങ്ങൾ പരിശുദ്ധാത്മാവിന്റെ പൂർണ്ണതയെ വെളിപ്പെടുത്തുന്നു. ആറാം വാക്യത്തിൽ നാലു ജീവികളെക്കുറിച്ചു പറയുന്നു. അവരെ 24 മൂപ്പന്മാരോടു കൂടെയാണ് കാണുന്നത്. അവർ ദൈവസൃഷ്ടികളും ദൈവത്തെ ആരാധിക്കുന്നവരുമാകുന്നു. അവർ ദൈവത്തിന്റെ ഭരണത്തിലും പങ്കു കൊള്ളുന്നു. ദൈവം പരിശുദ്ധനാണെന്നു രാപ്പകൽ അവർ സർവ്വ സൃഷ്ടികളോടും അറിയിച്ചുകൊണ്ടിരിക്കുന്നു. മൂപ്പന്മാർ സിംഹാസന ത്തിൽ ഇരിക്കുന്നവനെ നമസ്കരിച്ചുകൊണ്ടു പറയുന്നതു ശ്രദ്ധേയമത്രെ. "കർത്താവേ, നീ സർവ്വവും സൃഷ്ടിച്ചവനും എല്ലാം നിന്റെ ഇഷ്ടം ഹേതുവാൽ ഉണ്ടായതും സൃഷ്ടിക്കപ്പെട്ടതും ആകയാൽ മഹത്വവും ബഹുമാനവും ശക്തിയും കൈക്കൊള്ളുവാൻ യോഗ്യൻ എന്നു പറഞ്ഞുകൊണ്ടു തങ്ങളുടെ കിരീടങ്ങളെ സിംഹാസനത്തിൻ മുമ്പിൽ ഇടും." സിംഹാസനത്തിൽ ഇരിക്കു ന്നവൻ സകലരുടേയും ആരാധനയ്ക്കു സർവ്വദാ യോഗ്യൻ ആകുന്നു.

### അദ്ധ്യായം 5

### അറുക്കപ്പെട്ട കുഞ്ഞാട് ആരാധനയ്ക്കു യോഗ്യൻ (5:1-14)

നാലാം അദ്ധ്യായത്തിന്റെ തുടർച്ചയാണ് അഞ്ചാം അദ്ധ്യായം. യോഹന്നാൻ സ്വർഗ്ഗത്തിൽ കാണുന്ന കാര്യങ്ങളാണ് വിവരിച്ചിരിക്കുന്നത്. ഇവിടെ സിംഹാസനത്തിൽ ഇരിക്കുന്നവന്റെ കയ്യിൽ ഒരു പുസ്തകം ഉണ്ട്. ആ പുസ്തകം തുറപ്പാൻ യോഗ്യനായിട്ട് ആരെങ്കിലും ഉണ്ടോ എന്നുള്ള ചോദ്യം ഉന്നയിക്കുന്നു. അതിനു യോഗ്യനായി ഒരുവൻ പ്രത്യക്ഷപ്പെടുന്നു. അവൻ പുസ്തകം വാങ്ങുന്നതും അപ്പോൾ സംഭവിക്കുന്നതുമായ കാര്യങ്ങളാണ് നാം 5-ാം അദ്ധ്യായത്തിൽ കാണുന്നത്.

പുസ്തകത്തിന് അകത്തും പുറത്തും എഴുത്തുള്ളതായി ഏഴു മുദ്രയുണ്ട്. ദൂതൻ അതിന്റെ മുദ്ര പൊട്ടിപ്പാൻ ആരെങ്കിലും ഉണ്ടോ എന്നു ചോദിക്കുന്നു. അതിനു യോഗ്യനായി ആരെയും കാണായ്കയാൽ യോഹന്നാൻ കരഞ്ഞു. അപ്പോൾ മൂപ്പന്മാരിൽ ഒരുത്തൻ തന്നോടു 'കരയേണ്ടാ, യെഹൂദാ ഗോത്രത്തിലെ സിംഹവും ദാവീദിന്റെ വേരുമായവൻ അതിനു യോഗ്യനായി ജയം പ്രാപിച്ചിരിക്കുന്നു' എന്നു പറഞ്ഞു. അവനാണ് അറുക്കപ്പെട്ട കുഞ്ഞാട്. അവൻ പുസ്തകം വാങ്ങി മുദ്രകൾ പൊട്ടിക്കുന്ന വിവരണമാണ് നാം 6-ാം അദ്ധ്യായം മുതൽ കാണുന്നത്.

യേശുക്രിസ്തുവിനുള്ള മൂന്നു പേരുകളാണ് യെഹൂദാഗോത്രത്തിലെ സിംഹം, ദാവീദിന്റെ വേര്, അറുക്കപ്പെട്ട കുഞ്ഞാട്. അകത്തും പുറത്തും ഉള്ള എഴുത്തുകൾ അറുക്കപ്പെട്ട കുഞ്ഞാട് അറിയുന്നു. പുസ്തകത്തിന്റെ മുദ്രകൾ പൊട്ടിക്കുമ്പോൾ സംഭവിക്കുന്ന കാര്യങ്ങളുടെ വിവരണമാണ് നാം 6 മുതൽ 18 വരെയുള്ള അദ്ധ്യായങ്ങളിൽ കാണുന്നത്. അപ്പോൾ ദൈവത്തിന്റെ ന്യായവിധി ലോകത്തിന്മേൽ ചൊരിയപ്പെടും. അറുക്കപ്പെട്ട കുഞ്ഞാടു യെഹൂദാഗോത്രത്തിലെ സിംഹമാകുന്നു. അതു തന്റെ രാജകീയ അധികാര ത്തെ കാണിക്കുന്നു (ഉല്പ. 49:8-12). അവൻ ദാവീദിന്റെ വേരാണ് (യെശ. 11:1,10). ക്രിസ്തു ദാവീദിന്റെ സിംഹാസനത്തിൽ ഇരുന്നു വാഴുവാൻ അബി

ഷേകം പ്രാപിച്ചവനാണ്. ക്രിസ്തുവിന്റെ രാജത്വം ജാതികൾക്കും അനുഗ്രഹം പകരുന്നതാണ്. അവൻ അറുക്കപ്പെട്ട കുഞ്ഞാടാണ്. അതു ക്രിസ്തുവിന്റെ വീണ്ടെടുപ്പുവേലയെ സൂചിപ്പിക്കുന്നു. വീണ്ടെടുക്കപ്പെട്ടവർ അവനെ പാടി സ്തുതിക്കും (5:9,10). അവൻ അവരെ മേയിക്കും. ദൈവത്തിന്റെ ന്യായവിധിയും വീണ്ടെടുപ്പും മൂലമുള്ള അനുഗ്രഹങ്ങളാണ് നാം വെളിപ്പാടു പുസ്തക ത്തിൽ കാണുന്നത്. പുനരുത്ഥാനം ചെയ്ത ക്രിസ്തു അതിനു സകല അധികാരവും ലഭിച്ചവനാണ് (മത്താ. 28:18). അതിന്റെ വിശദീകരണങ്ങളാണ് നാം 5-ാം അദ്ധ്യായത്തിൽ കാണുന്നത്. ദൈവത്തിന്റെ നിർണ്ണയപ്രകാരമാണ് ലോകത്തിൽ സംഭവങ്ങൾ നടക്കുവാൻ പോകുന്നത്. ലോകത്തെ ന്യായം വിധിക്കുന്നവൻ ദൈവജനത്തെ സംരക്ഷിക്കുന്നവൻ കൂടിയാണ്. അവനിൽ ആശ്രയിച്ചു സന്തോഷിക്കുന്നവരാകുവാൻ നമുക്ക് ഇടയാകട്ടെ.

കർത്താവു നമുക്കുവേണ്ടി വലിയ കാര്യങ്ങൾ ചെയ്യുന്നവനാണ്. കുഞ്ഞാടു പുസ്തകം വാങ്ങിയപ്പോൾ മൂപ്പന്മാരും ജീവികളും പാടി. വീണ്ടെടുക്കപ്പെട്ടവരെ കുഞ്ഞാടു രാജ്യവും പുരോഹിതന്മാരും ആക്കിയിരിക്കുന്നു. അവർ അവനോടുകൂടെ സഹസ്രാബ്ദവാഴ്ചയിൽ വാഴും. ദൂതന്മാരെ സൃഷ്ടിച്ചതു ഭൂമിയിൽ വാഴുവാനല്ല (എബ്രാ. 2:5). കുഞ്ഞാടിന്റെ രക്തം കൊടുത്തു വാങ്ങപ്പെട്ടവർ ഇന്നു രാജപുരോഹിതവർഗ്ഗമാണ്. അതു ദൂതന്മാരെ ആശ്ചര്യപ്പെടുത്തുന്ന വിഷയം ആകുന്നു. മനുഷ്യന്റെ വീണ്ടെടുപ്പു സ്വർഗ്ഗം സന്തോഷിക്കുന്നതിനു കാരണവും ദൂതന്മാർ ദൈവത്തെ ആരാധിക്കുന്നതിനു പ്രേരണ നൽകുന്നതുമായ വിഷയമാണ്. വീണ്ടെടുക്കപ്പെട്ടവർക്കു ലഭിച്ച പദവികൾ ഓർത്തു കർത്താവിനെ നന്ദിയോടെ ആരാധിക്കുവാൻ നമുക്കും ഇടയാകട്ടെ.

സ്വർഗ്ഗത്തിലും ഭൂമിയിലും ആർക്കും സാധിക്കാത്ത കാര്യങ്ങളാണ് കുഞ്ഞാടു ചെയ്തത്. അതുകൊണ്ട് അവൻ എല്ലാവരാലും ആരാധിക്കപ്പെടുവാൻ യോഗ്യനാണ്. മൂപ്പന്മാരും ജീവികളും കുഞ്ഞാടിന്റെ മുമ്പിൽ വീണ് അവനെ നമസ്കരിച്ചു. ഇവിടെ അവർ കുഞ്ഞാടിന്റെ ദൈവത്തെ അംഗീകരിക്കുന്നു. ദൈവം മാത്രം ആരാധനയ്ക്കു യോഗ്യൻ. ഇന്ന് അനേകർ ക്രിസ്തുവിന്റെ ദൈവത്വത്തെ നിഷേധിക്കുന്നുണ്ട്. അത് അവരുടെ അജ്ഞതകൊണ്ടാകുന്നു. ദൈവത്തെ സ്തുതിക്കുവാൻ വീണകൾ ഉപയോഗിച്ചിരുന്നു. മൂപ്പന്മാരും ജീവികളും വീണയും വിശുദ്ധന്മാരുടെ പ്രാർത്ഥന എന്ന ധൂപ വർഗ്ഗം നിറഞ്ഞ പൊൻകലശവും പിടിച്ചുകൊണ്ടു പാടുന്നതായി കാണുന്നു. ദൈവജനത്തെ മൊത്തത്തിൽ വിശുദ്ധന്മാർ എന്നു വിളിക്കുന്നു. അവർ ക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ടവരാണ്. അവരുടെ പ്രാർത്ഥന ദൈവത്തിന്റെ ന്യായവിധിക്കായുള്ള അപേക്ഷയും അവന്റെ രാജ്യം വരണമേ എന്നുള്ള യാചനയും ആകുന്നു. അതാണ് വെളിപ്പാടു പുസ്തകത്തിലെ മുഖ്യവിഷയം. 'അവർ ഭൂമിയിൽ വാഴുന്നു' എന്ന് ഒരു പുതിയ പാട്ടു യോഹന്നാൻ കേട്ടു. മുദ്രകൾ പൊട്ടിക്കുമ്പോൾ സംഭവിക്കുന്നതെല്ലാം ഭൂമിയിലാണ്.

മൂപ്പന്മാരുടെയും നാലു ജീവികളുടെയും പുതിയ പാട്ടിനെ തുടർന്നാണ് ഏറിയ ദൂതന്മാരുടെ പാട്ടു കേൾക്കുന്നത് (5:11). അവർ അത്യുച്ചത്തിൽ 'അറുക്കപ്പെട്ട കുഞ്ഞാടു ശക്തിയും, ധനവും, ജ്ഞാനവും, ബലവും, ബഹുമാനവും, മഹത്വവും, സ്തോത്രവും ലഭിപ്പാൻ യോഗ്യൻ' എന്നു പാടുന്നു. കുഞ്ഞാടു ദൂതന്മാരുടെ ആരാധ്യനാണ്. അവൻ സകലരുടെയും ആരാധ്യനാകുവാൻ യോഗ്യൻ ആകുന്നു. ഈ വീണ്ടെടുപ്പുകാരനെ നാം ആരാധിക്കുന്നവരാണോ? അവന്റെ മഹിമ അംഗീകരിക്കുന്നുണ്ടോ? അവൻ നമ്മെ ആരാധിക്കുവാൻ യോഗ്യരാക്കിയത് ഓർത്തു നന്ദിയുള്ളവരാണോ? നമ്മുടെ രക്ഷിതാവ് എത്ര ശ്രേഷ്ഠൻ ആകുന്നു. അവനു മഹത്വം നൽകുന്ന ഒരു ജീവിതം നയിക്കുവാൻ കർത്താവു നമ്മെ ഏവരേയും സഹായിക്കട്ടെ.

## അദ്ധ്യായം 6

### കുഞ്ഞാടിന്റെ ക്രോധം (6:1-17)

ആറാം അദ്ധ്യായത്തിൽ കുഞ്ഞാടു മുദ്രകൾ പൊട്ടിക്കുന്നതിന്റെ വിവരണ മാണ് കാണുന്നത്. ഇവിടെ ആറു മുദ്രകളാണ് പൊട്ടിക്കുന്നത്. ആദ്യത്തെ നാലു മുദ്രകൾ പൊട്ടിക്കുമ്പോൾ സിംഹാസനത്തിലെ നാലു ജീവികൾ 'വരിക' എന്ന് ഇടിമുഴക്കംപോലെ പറയുന്നതു യോഹന്നാൻ കേൾക്കുന്നു. അപ്പോൾ വ്യത്യസ്ത നിറമുള്ള നാലു കുതിരകൾ പ്രത്യക്ഷപ്പെടുന്നു. ഈ കുതിരകളെയും അതിന്മേൽ ഇരിക്കുന്നവരെയും ശ്രദ്ധിച്ചാൽ ഭൂമിയിൽ എങ്ങും ഓരോരോ കാലത്ത് ഉണ്ടാകുന്ന സംഭവങ്ങൾക്ക് ഇവർ കാരണമായിത്തീരുന്നു എന്നു മനസ്സിലാക്കാം.

ഒന്നാം മുദ്ര പൊട്ടിച്ചപ്പോൾ ഒരു വെള്ളക്കുതിരയെ കണ്ടു. അതിന്മേൽ ഇരിക്കുന്നവന്റെ കയ്യിൽ ഒരു വില്ലുണ്ട്. അവന് ഒരു കിരീടവും ലഭിച്ചു. അവൻ ജയിക്കുന്നവനായും ജയിപ്പാനായും പുറപ്പെട്ടു. ഈ കുതിര അന്തിക്രിസ്തുവിനെ കാണിക്കുന്നു എന്നും മറ്റും അഭിപ്രായപ്പെടുന്നുണ്ട്. വെള്ളനിറമുള്ള കുതിര സമാധാനത്തിന്റെ ചിഹ്നമാകുന്നു. കിരീടം അധികാരത്തെ കാണിക്കുന്നു. കയ്യിലുള്ള വില്ല് യുദ്ധത്തെ സൂചിപ്പിക്കുന്നു. ഇന്നു സമാധാനത്തിന്റെ പേരിൽ രാജ്യങ്ങൾ മാരകായുധങ്ങൾ ശേഖരിക്കുന്നു. യുദ്ധസന്നാഹങ്ങൾ എവിടെയും കാണാം. കർത്താവിനു മാത്രമേ യഥാർത്ഥ സമാധാനം നൽകുവാൻ കഴികയുള്ളൂ. ഇന്നു കുന്നുകൂട്ടുന്ന മാരകായുധങ്ങൾ ഭൂമിയുടെ നാശത്തിനായി പരിണമിക്കുമെന്നുള്ള സത്യം ലോകം അറിഞ്ഞിരുന്നെങ്കിൽ കൊള്ളാമായിരുന്നു.

രണ്ടാം മുദ്ര പൊട്ടിച്ചപ്പോൾ ഒരു ചുമന്ന കുതിര പ്രത്യക്ഷപ്പെടുന്നു. അതിന്റെ പുറത്തിരിക്കുന്നവൻ മനുഷ്യർ അന്യോന്യം കൊല്ലുവാൻ തക്കവണ്ണം ഭൂമിയിൽനിന്നും സമാധാനം എടുത്തുകളയേണ്ടതിന് അധികാരം ലഭിച്ചവനായിരുന്നു. സകല അധികാരവുമുള്ള കുഞ്ഞാടാണ് ഈ അധികാരം കൊടുത്തത്. സമാധാനം എടുത്തുകളയുവാനുള്ള അധികാരമായിരുന്നു ഇത്. ഒരു വാളും അവനുണ്ടായിരുന്നു. അത് അന്യോന്യം മനുഷ്യർ കൊല്ലു

ന്നതിനെ കാണിക്കുന്നു. സമാധാനം ഇല്ലാത്തതുകൊണ്ടാണ് അന്യോന്യം കൊല്ലുന്നത്. കർത്താവ് ഒലിവുമല പ്രഭാഷണത്തിൽ ഈ കാര്യം പറയുന്നുണ്ട്.

മൂന്നാം മുദ്ര പൊട്ടിച്ചപ്പോൾ ഒരു കറുത്ത കുതിര പ്രത്യക്ഷപ്പെടുന്നു. അതിന്മേൽ ഇരിക്കുന്നവന്റെ കയ്യിൽ ഒരു തുലാസുണ്ട്. ലോകത്തിലെ ബിസിനസ്സിനോടു ബന്ധമുള്ളതാണ് കറുത്ത കുതിര. ഇതു ഭൂമിയിലെ ക്രയ വിക്രയ ത്തിനു നിയന്ത്രണം വരുത്തുന്നു. ധാന്യങ്ങളുടെ വില നിയന്ത്രിക്കുന്നു. എണ്ണയ്ക്കും വീഞ്ഞിനും കേടുവരുത്തരുത് എന്നാണ് അനുശാസനം. ഇതൊക്കെയും നിയന്ത്രിക്കുന്നതു കുഞ്ഞാടാണ്. ഭൂമിയിൽ ഭയങ്കര ക്ഷാമം ഉണ്ടാകും.

നാലാമത്തെ മുദ്ര പൊട്ടിച്ചപ്പോൾ ഒരു മഞ്ഞനിറമുള്ള കുതിര പ്രത്യക്ഷ പ്പെടുന്നു. അതിൽ ഇരിക്കുന്നവനു മരണം എന്നു പേർ. പാതാളം അവനെ പിന്തുടർന്നു. അവർക്കു വാളുകൊണ്ടും ക്ഷാമംകൊണ്ടും മഹാവ്യാധി കൊണ്ടും ഭൂമിയിലെ കാട്ടുമൃഗങ്ങളെക്കൊണ്ടും കൊന്നുകളവാൻ ഭൂമിയുടെ കാലംശത്തിന്മേൽ അധികാരം ലഭിച്ചു. വാളുകൊണ്ടും ക്ഷാമംകൊണ്ടും മഹാവ്യാധികൊണ്ടുമുള്ള ന്യായവിധിയെ ഇതു കാണിക്കുന്നു. കാലങ്ങൾ കഴിയു ന്തോറും അതിന്റെ ശക്തി വർദ്ധിച്ചുകൊണ്ടിരിക്കും. മനുഷ്യർ അതു കണ്ടു ദൈവത്തിങ്കലേക്കു തിരിയുവാൻ ദൈവം ആഗ്രഹിക്കുന്നു.

അഞ്ചാം മുദ്ര പൊട്ടിച്ചപ്പോൾ ദൈവവചനം നിമിത്തവും ക്രിസ്തുവിന്റെ സാക്ഷ്യം ഹേതുവായും അറുക്കപ്പെട്ടവരുടെ ആത്മാക്കൾ പ്രതികാരത്തിനായി നിലവിളിക്കുന്നതായി കാണുന്നു. ഏതു കാലത്തും ഉണ്ടായിട്ടുള്ള രക്തസാക്ഷികളുടെ ഒരു കൂട്ടത്തെയാണ് ഇവിടെ കാണുന്നത്. അവർ ദൈവവചനവും യേശുവിന്റെ സാക്ഷ്യവും നിമിത്തമാണ് രക്തസാക്ഷികൾ ആയത്. അവരുടെ നിലവിളി പ്രതികാരത്തിനുള്ളതായിരുന്നു. പ്രതികാരം യഹോവയ്ക്കുള്ളതെന്ന് അവർ മനസ്സിലാക്കിയിരുന്നു. അല്പകാലം കഴിയുമ്പോൾ പ്രതികാരം ഉണ്ടാകും എന്ന സൂചന ഇവിടെ ഉണ്ട്. അതുവരെ അവർ സ്വസ്ഥമായി പാർക്കണം. ക്രിസ്തുവിന്റെ രണ്ടാം വരവിൽ അത് ഉണ്ടാകും. അന്നു പീഡ അനുഭവിക്കുന്നവർക്ക് ആശ്വാസവും പീഡിപ്പിക്കുന്നവർക്കു പ്രതികാരവും ലഭിക്കും (2 തെസ്സ. 1:6–8). ക്രിസ്തുവിനുവേണ്ടി മരണപര്യന്തം വിശ്വസ്തരായി ജീവിക്കുവാൻ നമുക്ക് ഇടയാകട്ടെ.

6:12–17 വരെയുള്ള വാക്യങ്ങളിൽ ആറാം മുദ്ര പൊട്ടിക്കുമ്പോൾ സംഭവിക്കുന്ന കാര്യങ്ങളാണ് കാണുന്നത്. അപ്പോൾ വലിയ ഭൂകമ്പം ഉണ്ടായി. സൂര്യനും ചന്ദ്രനും നക്ഷത്രങ്ങൾക്കും മാറ്റം സംഭവിച്ചു. എല്ലാറ്റിനും ഇളക്കം സംഭവിക്കുന്നു. 'കുഞ്ഞാടിന്റെ കോപം വന്നു' എന്നു പറഞ്ഞുകൊണ്ടു മനുഷ്യർ പരിഭ്രാന്തരാകുന്നു. രക്ഷപ്പെടുവാൻ സങ്കേതങ്ങൾ അന്വേഷിക്കുന്നു. കർത്താവ് ഈ കാര്യങ്ങൾ തന്റെ ഒലിവുമല പ്രഭാഷണത്തിൽ സൂചിപ്പിച്ചിട്ടുണ്ട് (ലൂക്കൊ. 21:25,26). പ്രപഞ്ചത്തിൽ ഉണ്ടാകുന്ന ഇളക്കം മൂലം മനുഷ്യർ മലകളോടും പാറകളോടും തങ്ങളുടെ മേൽ വീഴുവാൻ പറയും. എന്നാൽ കുഞ്ഞാടിന്റെ ക്രോധത്തിൽനിന്നും രക്ഷപ്പെടുവാൻ അവർക്കു കഴിയുന്നതല്ല. അതിനുള്ള ഏകമാർഗ്ഗം മനുഷ്യവർഗ്ഗത്തിന്റെ പാപത്തിനു പരിഹാരം ഒരുക്കിയ ക്രിസ്തുവിൽ വിശ്വസിക്കുക എന്നുള്ളതാണ്.

## അദ്ധ്യായം 7

ആറാം മുദ്രയ്ക്കും ഏഴാം മുദ്രയ്ക്കും ഇടയിലുള്ള സംഭവമാണ് ഏഴാം അദ്ധ്യായത്തിൽ കാണുന്നത്. ഏഴാം അദ്ധ്യായം വളരെ വിലയേറിയ സത്യങ്ങൾ വെളിപ്പെടുത്തുന്ന ഒരു അദ്ധ്യായമാകുന്നു. മഹോപദ്രവകാലഘട്ടത്തിൽ സംഭവിക്കുന്ന കാര്യങ്ങളാണ് ഇതെന്നു പല പണ്ഡിതന്മാരും അഭിപ്രായപ്പെടുന്നുണ്ട്. ആദ്യത്തെ എട്ടു വാക്യങ്ങളിൽ ദൈവത്തിന്റെ മുദ്ര ഏറ്റ 144000 പേരെക്കുറിച്ചു കാണുന്നു. അവർ യിസ്രായേൽ ഗോത്രങ്ങളിൽനിന്നും മുദ്ര ഏറ്റവരാണ്. ഈ 144000 പേരെ കുഞ്ഞാടിനോടുകൂടെ സീയോൻ മലയിൽ കാണുന്നുണ്ട്. അവർ ദൈവത്താൽ പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ടവരും ദൈവത്താൽ സംരക്ഷിക്കപ്പെടുന്നവരുമാകുന്നു.

9 മുതലുള്ള വാക്യങ്ങളിൽ എണ്ണിക്കൂടാത്ത ഒരു മഹാപുരുഷാരത്തെ യോഹന്നാൻ കാണുന്നു. അവർ 'രക്ഷ എന്നുള്ളതു സിംഹാസനത്തിൽ ഇരിക്കുന്നവനായ നമ്മുടെ ദൈവത്തിന്റെയും, കുഞ്ഞാടിന്റെയും ദാനം' എന്ന് അത്യുച്ചത്തിൽ ആർത്തുകൊണ്ടിരുന്നു. അവർ ദൈവത്തെ നമസ്കരിച്ച് ആരാധിച്ചു. കുഞ്ഞാടിന്റെ രക്തത്തിൽ അങ്കി അലക്കി വെളുപ്പിച്ചവരാണ് ഇവർ. രക്ഷ ദാനമായി ലഭിച്ചവരാണ്. അതുകൊണ്ടാണ് അവർ ആർത്തു സന്തോഷിക്കുന്നത്. അവർ സകല ജാതിയിൽനിന്നും, ഗോത്രത്തിൽനിന്നും, വംശത്തിൽനിന്നും, ഭാഷയിൽനിന്നും രക്ഷിക്കപ്പെട്ടവരാണ്. ദൂതന്മാർ ഇവർക്കു ചുറ്റും നിന്നുകൊണ്ടു ദൈവത്തെ നമസ്കരിക്കുന്നു.

ഇവർ ആരാണെന്നും എവിടെനിന്നു വന്നു എന്നും മൂപ്പന്മാരിൽ ഒരുവൻ യോഹന്നാനോടു പറയുന്നു. ഇവർ മഹാകഷ്ടത്തിൽനിന്നും വന്നവരാണ്. അവർ ദൈവത്തെ രാപ്പകൽ ആരാധിക്കുന്നു. അവർ കുഞ്ഞാടിനാൽ പരിപാലിക്കപ്പെടുന്നവരാണ്. അവരുടെ അനുഗ്രഹങ്ങളെക്കുറിച്ചും പദവികളെക്കുറിച്ചും 15–17 വരെയുള്ള വാക്യങ്ങളിൽ വിവരിച്ചിരിക്കുന്നു. ഏതു കാലത്തും രക്ഷ ദൈവത്തിന്റെ ദാനം ആകുന്നു. അതു ക്രിസ്തുവിലുള്ള വിശ്വാസത്താൽ ലഭിക്കുന്നു. നാം രക്ഷയുടെ സന്തോഷം അനുഭവിക്കുന്നവരാണോ?

## അദ്ധ്യായം 8

### മഹോപദ്രവകാലത്തുണ്ടാകുന്ന ന്യായവിധികൾ (8:1-13)

ഏഴാം മുദ്ര പൊട്ടിക്കുമ്പോൾ സംഭവിക്കുന്ന കാര്യങ്ങളാണ് എട്ടാമദ്ധ്യാ യത്തിൽ കാണുന്നത്. ആ മുദ്ര പൊട്ടിച്ചപ്പോൾ സ്വർഗ്ഗത്തിൽ ഏകദേശം അരമണിക്കൂറോളം മൗനത ഉണ്ടായി. അതു വരുവാനുള്ള ഭയാനകമായ ന്യായവിധിക്കുള്ള ഒരുക്കമായിരുന്നു. ഏഴു ദൂതന്മാർ ദൈവസന്നിധിയിൽ നിൽക്കുന്നതും അവർക്ക് ഏഴു കാഹളങ്ങൾ ലഭിക്കുന്നതായും കാണുന്നു. അതിനിട യ്ക്കു വേറൊരു ദൂതൻ സ്വർഗ്ഗത്തിലെ യാഗപീഠത്തിനരികെ നിന്നു. സ്വർണ്ണ ധൂപകലശം അവന്റെ കയ്യിൽ ഉണ്ട്. സകല വിശുദ്ധന്മാരുടെയും പ്രാർത്ഥനയോടുകൂടെ ചേർക്കുവാൻ വളരെ ധൂപവർഗ്ഗം അവനു ലഭിക്കുന്നു. വിശുദ്ധന്മാരുടെ പ്രാർത്ഥന ധൂപവർഗ്ഗത്തോടു ചേർന്നു ദൈവസന്നിധിയിൽ ഉയരുന്നു. ദൂതൻ യാഗപീഠത്തിലെ കനൽനിറച്ചു ധൂപകലശം ഭൂമിയിലേക്ക് എറിയുന്നു. ഉടനെ ഇടിമുഴക്കവും നാദവും മിന്നലും ഭൂകമ്പവും ഉണ്ടാകുന്നു. വിശുദ്ധന്മാരുടെ പ്രാർത്ഥന ദൈവസന്നിധിയിലേക്ക് ഉയരുകയും അതിന്റെ ഫലമായി ദൈവത്തിന്റെ ന്യായവിധി ഭൂമിയിൽ ഉണ്ടാകയും ചെയ്യുന്ന കാര്യങ്ങളാണ് ഇവിടെ കാണുന്നത്.

മഹാപീഡനത്തിന്റെ മദ്ധ്യത്തിൽ ഊതുന്ന കാഹളങ്ങൾ ന്യായവിധിക്കുള്ള കാഹളങ്ങൾ ആകുന്നു. അതിലെ ആദ്യത്തെ നാലു കാഹളങ്ങൾ പ്രകൃതിയോടും ഒടുവിലത്തെ മൂന്നെണ്ണം മനുഷ്യനോടും ബന്ധമുള്ള തത്രെ. ഒന്നാം ദൂതൻ ഊതുമ്പോൾ രക്തം കലർന്ന കല്മഴയും തീയും ഭൂമി യിൽ ചൊരിഞ്ഞു. ഭൂമിയിലെ മൂന്നിലൊന്നു വെന്തുപോയി. വൃക്ഷങ്ങളിൽ മൂന്നിലൊന്നു വെന്തുപോയി. എല്ലാ പച്ചപ്പുല്ലും വെന്തുപോയി. രണ്ടാമത്തെ ദൂതൻ ഊതുമ്പോൾ സമുദ്രത്തിൽ നാശം സംഭവിക്കുന്നു. മൂന്നാമത്തെ ദൂതൻ ഊതുമ്പോൾ ഒരു മഹാനക്ഷത്രം ആകാശത്തുനിന്നു വീണു. നദികളിലും നീരുറവകളിലും മൂന്നിലൊന്നു കൈപ്പായിത്തീർന്നു. നാലാമത്തെ കാഹളം ഊതുമ്പോൾ സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ എന്നിവയിൽ മൂന്നിലൊന്ന് ഇരുണ്ടുപോയി എന്നു കാണുന്നു. തുടർന്ന് ഒരു കഴുകൻ 'കാഹളം ഊതുവാനുള്ള മൂന്നു ദൂതന്മാരുടെ കാഹളം ഹേതുവായി ഭൂവാസികൾക്കു കഷ്ടം, കഷ്ടം, കഷ്ടം' എന്ന് ഉറക്കെ പറഞ്ഞുകൊണ്ട് ആകാശമദ്ധ്യേ പറക്കുന്നതു കണ്ടു. അതു ന്യായവിധിയുടെ ശക്തി കൂടിക്കൊണ്ടിരിക്കുന്നു എന്ന സത്യം വ്യക്തമാക്കുന്നു. ഇതു കണ്ടു മനുഷ്യർ മാനസാന്തരപ്പെടണം എന്നു ദൈവം ആഗ്രഹിക്കുന്നു.

## അദ്ധ്യായം 9

### അഞ്ചും ആറും കാഹളങ്ങൾ ഊതുന്നു (9:1-21)

അഞ്ചാമത്തെ ദൂതൻ കാഹളം ഊതിയപ്പോൾ ഒരു നക്ഷത്രം ആകാശ ത്തുനിന്നും ഭൂമിയിൽ വീണുകിടക്കുന്നതാണ് യോഹന്നാൻ കണ്ടത്. ഇവിടെ നക്ഷത്രം എന്നതുകൊണ്ട് ഒരു ദൂതൻ ആയിരുന്നു അത് എന്നു മനസ്സിലാക്കാം. ദൂതന്മാർക്കു നക്ഷത്രങ്ങൾ എന്നു പറഞ്ഞിട്ടുണ്ട് (വെളി. 1:20). അവന് അഗാധകൂപത്തിന്റെ താക്കോൽ ലഭിച്ചു. അവൻ അഗാധകൂപം തുറന്നു. അഗാധകൂപം പിശാചിന്റെ വാസസ്ഥലമാണ്. അതു തുറക്കുവാനും പൂട്ടുവാനും ദൈവത്തിന്റെ അനുവാദത്തോടുകൂടെ മാത്രമേ സാധിക്കുകയുള്ളൂ. അഗാധകൂപം തുറന്നപ്പോൾ അതിൽനിന്നും പുക പുറപ്പെട്ടു. പുകയിൽനിന്നും വെട്ടുക്കിളി ഭൂമിയിൽ പുറപ്പെട്ടുവന്നു. മനുഷ്യരെ ദണ്ഡിപ്പിക്കുവാൻ അവ യ്ക്ക് അധികാരം ലഭിച്ചു. നെറ്റിയിൽ മുദ്രയില്ലാത്തവരെ മാത്രമേ ദണ്ഡിപ്പിക്കയുള്ളൂ. അഗാധദൂതൻ അവയ്ക്കു രാജാവായിരുന്നു. അവന് എബ്രായ ഭാഷയിൽ അബദ്ദോൻ എന്നും യവനഭാഷയിൽ അപ്പൊല്ലുവോൻ എന്നും പേർ. ഭൂവാസികളെ അഞ്ചുമാസത്തോളം ദണ്ഡിപ്പിക്കുവാൻ വെട്ടുക്കിളികൾ ക്ക് അധികാരം ലഭിച്ചിരുന്നു.

ദൈവത്തെ അനുസരിക്കാത്ത മനുഷ്യരെ ദണ്ഡിപ്പിക്കുവാൻ വേണ്ടി ദൈവം ചെയ്യുന്ന കാര്യങ്ങളുടെ ഒരു ചിത്രമാണ് നാം ഇവിടെ കാണുന്നത്. ദണ്ഡനങ്ങളുടെ കാഠിന്യം നിമിത്തം മനുഷ്യർ മരണം അന്വേഷിക്കും; കാണുകയില്ലതാനും. മരണം അവരെ വിട്ട് ഓടിപ്പോകും. മനുഷ്യൻ കണ്ടുപിടി ച്ചിട്ടുള്ള മാരകായുധങ്ങൾ ഉളവാക്കുന്ന അർബുദം തുടങ്ങിയ രോഗങ്ങൾ മൂലം മനുഷ്യർ കഷ്ടം അനുഭവിക്കും; മരിക്കയില്ലതാനും.

ആറാമത്തെ ദൂതൻ കാഹളം ഊതിയപ്പോൾ ദൈവസന്നിധിയിൽനിന്നും ഒരു ശബ്ദം ഉണ്ടായി. 'യൂഫ്രാത്തേസ് മഹാനദീതീരത്തു ബന്ധിച്ചിരുന്ന നാലു ദൂതന്മാരെ അഴിച്ചുവിടുക' എന്ന കല്പന ആറാമത്തെ ദൂതനു ലഭിച്ചു. മനുഷ്യരിൽ മൂന്നിലൊന്നിനെ കൊല്ലുവാൻ സമയം നോക്കി ഒരുങ്ങിയിരുന്നവരായിരുന്നു ഈ നാലു ദൂതന്മാർ. 1200 നാഴിക നീളമുള്ള ഒരു മഹാനദിയായിരുന്നു ഇത്. ഇന്നത്തെ ഇറാക്കിലൂടെയാണ് ഈ നദി ഒഴുകുന്നത്. 9:16-19 വരെയുള്ള വാക്യങ്ങളിൽ ഒരു കുതിരപ്പടയുടെ ആക്രമണമാണ് വിവരിച്ചിരിക്കുന്നത്. തീ, പുക, ഗന്ധകം എന്നിവയാണ് കുതിരകളുടെ വായിൽനിന്നും പുറപ്പെടുന്നത്. ഇന്നത്തെ യുദ്ധോപകരണങ്ങളുടെ ശക്തിയെ ഇതു കാണിക്കുന്നു. ദൈവത്തിന്റെ പ്രത്യേക നിർദ്ദേശപ്രകാരമായിരിക്കും ഇതൊക്കെയും സംഭവിക്കുന്നത്. എന്നാൽ ഈ കാലഘട്ടത്തിലും മനുഷ്യഹൃദയം കഠിനപ്പെട്ടുകൊണ്ടിരുന്നു. അവർക്കു മാനസാന്തരപ്പെടുവാൻ മനസ്സായില്ല എന്നു കാണുന്നു. അവർ മനശാന്തിക്കുവേണ്ടി ഭൂതങ്ങളിലും വിഗ്രഹങ്ങളിലും ആശ്രയിക്കുന്നവരായി. ദൈവത്തെ അവർ പരിഹസിച്ചുപേക്ഷിച്ചു നിത്യനാശത്തിലേക്കു നീങ്ങിപ്പോയി എന്നു കാണുന്നു. ലോകത്തിൽ എവിടെയും

ഈ പ്രവണത കാണാവുന്നതാണ്. അതിന്റെ മദ്ധ്യത്തിൽ മുദ്രയേറ്റവരുടെ അത്യല്പമായ ഒരു ശേഷിപ്പു ദൈവത്തിനുണ്ടായിരിക്കും.

## അദ്ധ്യായം 10

### ശക്തനായ ദൂതനും ചെറുപുസ്തകവും (10:1-11)

'ബലവാനായ മറ്റൊരു ദൂതൻ സ്വർഗ്ഗത്തിൽനിന്നും ഇറങ്ങുന്നതു ഞാൻ കണ്ടു' എന്ന പ്രസ്താവനയോടു കൂടെയാണ് ഈ അദ്ധ്യായം ആരംഭിക്കുന്നത്. 1,2 വാക്യങ്ങളിൽ ദൂതന്റെ പ്രത്യേകതകൾ വർണ്ണിക്കുന്നു. ഇത് ഒരു ദൈവദൂതൻ മാത്രമാണ്. ദൂതൻ സത്യം ചെയ്യുന്നതു സകലവും സൃഷ്ടിച്ച സ്രഷ്ടാവിനെ ചൊല്ലിയാണ്. അതുകൊണ്ട് ഇതു ക്രിസ്തുവല്ല എന്നു മനസ്സിലാക്കാം. ദൂതന്റെ കയ്യിൽ തുറന്നൊരു പുസ്തകം ഉണ്ടായിരുന്നു. അതിൽ വരുവാനുള്ള ന്യായവിധിയെക്കുറിച്ചു രേഖപ്പെടുത്തിയിരുന്നു. അവന്റെ വലതുകാൽ സമുദ്രത്തിന്മേലും ഇടതു കാൽ കരയിലും വെച്ചിരിക്കുന്നു. അവൻ ലോകം മുഴുവൻ ആധിപത്യം ഉള്ളവനാണ് എന്ന് അതു വ്യക്തമാക്കുന്നു. അവൻ സിംഹം അലറുംപോലെ അത്യുച്ചത്തിൽ ആർത്തു. ആർത്തപ്പോൾ ഏഴ് ഇടിയും നാദം മുഴക്കി. അത് എഴുതുവാൻ യോഹന്നാനെ അനുവദിച്ചില്ല. 'ഇനി കാലം ഉണ്ടാകയില്ല' എന്ന പ്രസ്താവന ശ്രദ്ധേയമത്രെ. അതു കാലത്തിന്റെ അന്ത്യത്തിലേക്കു സകലവും വന്നെത്തിയിരിക്കുന്നു എന്നതിന്റെ സൂചനയാണ്. ഈ കാലയളവിൽ ദൈവം തന്റെ ദാസന്മാരായ പ്രവാചകന്മാർ മുഖാന്തരം അരുളിച്ചെയ്തതുപോലെ സകലവും നിവർത്തിയാകും. ദൈവഹൃദയത്തിലെ രഹസ്യങ്ങൾ കാലാകാലങ്ങളിൽ ദൈവം വെളിപ്പെടുത്തിയിട്ടുണ്ട്. തന്റെ മർമ്മങ്ങൾ പ്രവാചകന്മാർക്കു വെളിപ്പെടുത്തുന്നു. ദൈവത്തിനുമാത്രം അറിയാവുന്നതും ദൈവം വെളിപ്പെടുത്താതെ മനുഷ്യന് അറിയുവാൻ കഴിയാത്തതുമായ കാര്യങ്ങൾ ദൈവത്തിന്റെ മർമ്മങ്ങൾ എന്ന് അറിയപ്പെടുന്നു. ദൈവത്തിന്റെ മർമ്മങ്ങൾ അതിന്റെ പൂർണ്ണനിവൃത്തിയിലേക്ക് എത്തിച്ചേരുന്നു എന്ന പ്രഖ്യാപനം നമ്മുടെ കർത്താവിന്റെ വരവ് ആസന്നമായിരിക്കുന്നു എന്നു കാണിക്കുന്നു.

ദൂതന്റെ കയ്യിലുള്ള പുസ്തകം യോഹന്നാൻ വാങ്ങി തിന്നുന്നതായി കാണുന്നു. പുസ്തകം വായിൽ തേൻപോലെ മധുരവും വയറ്റിൽ കൈപ്പും ആയിരുന്നു. ഭൂമിയിലെ വംശങ്ങളേയും ജാതികളേയും ഭാഷകളേയും രാജാക്കന്മാരേയും കുറിച്ചു പ്രവചിക്കേണ്ട കാര്യങ്ങളാണ് പുസ്തകത്തിലെ ഉള്ളടക്കം. വായിൽ അതു മധുരമായിരിക്കുന്നതു ദൈവവചനമായതിനാലാണ് (സങ്കീ. 119:103). വയറ്റിൽ കൈപ്പായിരിക്കുന്നത് ആ വചനം ദൈവത്തിന്റെ ന്യായവിധിയെക്കുറിച്ചായതുകൊണ്ടാണ്.

## അദ്ധ്യായം 11

### രണ്ടു സാക്ഷികൾ (11:1-13)

യോഹന്നാനു ദൈവത്തിന്റെ ആലയത്തെയും യാഗപീഠത്തെയും അതിൽ നമസ്കരിക്കുന്നവരെയും അളക്കുവാനുള്ള കല്പന ലഭിച്ചു. കോലുകൊണ്ടാണ് അളക്കേണ്ടത്. ഈ ഭാഗത്തെക്കുറിച്ചു വളരെയധികം വ്യാഖ്യാനങ്ങൾ ഉണ്ടായിട്ടുണ്ട്. അളക്കുക എന്നതുകൊണ്ടുള്ള ആശയം സൂക്ഷിക്കുക എന്നത്രെ. 1-13 വരെയുള്ള വാക്യങ്ങളിൽ ദൈവം യോഹന്നാനോടു കല്പിക്കുന്ന കാര്യങ്ങൾ കാണുന്നു. 14-19 വരെ ഏഴാമത്തെ ദൂതൻ കാഹളം ഊതുമ്പോൾ സംഭവിക്കുന്ന കാര്യങ്ങൾ വിവരിക്കുന്നു. ജാതികളുടെ പ്രാകാരം അളക്കാതെ വിട്ടേക്കണം എന്നു കല്പിക്കുന്നു. അതു മഹോപദ്രവ ത്തിന്റെ രണ്ടാം പകുതിയായ 42 മാസക്കാലത്തു ജാതികളാൽ ചവിട്ടപ്പെടും എന്നു കാണുന്നു. ദൈവത്തിനായി എന്നും ഒരു ശേഷിപ്പ് ഉണ്ടായിരിക്കും.

3-ാം വാക്യത്തിൽ 'അന്ന് ഞാൻ എന്റെ രണ്ടു സാക്ഷികൾക്കു വരം നൽകും' എന്നു പറയുന്നു. ജാതികൾ വിശുദ്ധ സ്ഥലത്തെ അഥവാ നഗരത്തെ ചവിട്ടുന്ന 42 മാസക്കാലം ദൈവത്തിന്റെ രണ്ടു സാക്ഷികൾ എന്തു ചെയ്യുന്നു എന്നാണ് തുടർന്നു പറയുന്നത്. വെളിപ്പാട് 20:1-3 വരെയുള്ള വാക്യങ്ങളിൽ ഈ 42 മാസക്കാലത്തു സംഭവിക്കുന്ന കാര്യങ്ങളാണ് വിവരിക്കുന്നത്. മൃഗം അവരോടു പടവെട്ടി ജയിക്കുന്നു. ഭൂവാസികൾ സന്തോഷിക്കുന്നു. അവർ ഉയിർത്തെഴുന്നേല്ക്കുന്നു. അവർ മേഘത്തിൽ സ്വർഗ്ഗാരോഹണം ചെയ്യുന്നു. വലിയൊരു ഭൂകമ്പം ഉണ്ടാകുന്നു. നഗരത്തിൽ പത്തിലൊന്ന് ഇടിഞ്ഞുവീഴുന്നു എന്നിങ്ങനെയാണ് വിവരണം. ഈ രണ്ടു സാക്ഷികൾ ആരാണെന്നു ഖണ്ഡിത മായി പറയുവാൻ പ്രയാസമാണ്. ഇവർ മോശെയും ഏലീയാവുമാണെന്നു ചിലർ അഭിപ്രായപ്പെടുന്നു. അവർ ജനത്തിന്റെ പാപത്തെ ഓർമ്മിപ്പിക്കയും ന്യായവിധിയെക്കുറിച്ചു മുന്നറിയിപ്പു നൽകയും ചെയ്യും. അവർ സത്യത്തിനു സാക്ഷികളാകും. മൂന്നര വർഷം അവർ ഉപദ്രവങ്ങളിൽനിന്നും സംരക്ഷിക്കപ്പെടും. അവരുടെ വായിൽനിന്നും തീ പുറപ്പെട്ടു ശത്രുക്കളെ ദഹിപ്പിക്കും. അവരുടെ ശുശ്രൂഷ പൂർത്തിയാകുമ്പോൾ പാതാളത്തിൽനിന്നും കയറിവരുന്ന മൃഗം അവരെ കൊല്ലും. ഇതു കണ്ടു ഭൂവാസികൾ സന്തോഷിക്കും. അവരുടെ ശവം മറവുചെയ്യാൻ ആരും ഉണ്ടാകയില്ല. മൂന്നര ദിവസത്തിനുശേഷം ദൈവം അവരെ ഉയിർപ്പിക്കും. ശത്രുക്കൾ നോക്കി നിൽക്കേ അവർ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെടും. ഈ സാക്ഷികൾ മരണപര്യന്തം വിശ്വസ്തരായിരുന്നു. പ്രതികൂലസാഹചര്യങ്ങളിൽ കർത്താവ് അവരെ സഹായിച്ചു അവരിൽ കൂടി തന്റെ ദൗത്യം നിർവ്വഹിക്കയും ചെയ്യും.

### ഏഴാമത്തെ കാഹളം ഊതുന്നു (11:14-19)

ഏഴാമത്തെ കാഹളം ഊതിയപ്പോൾ സ്വർഗ്ഗത്തിൽ ഒരു മഹാഘോഷം ഉണ്ടായി. അത് ഇരുപത്തിനാലു മൂപ്പന്മാർ ദൈവത്തെ നമസ്കരിച്ചു സ്തുതിക്കുന്ന ഘോഷമാണ്. അതിനുള്ള കാരണങ്ങൾ ശ്രദ്ധേയമാണ്. ഒന്ന്, ലോകരജത്വം നമ്മുടെ കർത്താവിനും അവന്റെ ക്രിസ്തുവിനും ആയിത്തീർന്നിരിക്കുന്നു. രണ്ട്, ജാതികൾ കോപിച്ചു, നിന്റെ കോപവും വന്നു. മൂന്ന്, മരിച്ചവരുടെ ന്യായവിധി വന്നിരിക്കുന്നു. നാല്, ദൈവദാസന്മാരായ പ്രവാചകന്മാർക്കും വിശുദ്ധന്മാർക്കും ചെറിയവരും വലിയവരുമായ അവന്റെ ഭക്തന്മാർക്കും പ്രതിഫലം കൊടുപ്പാനുള്ള കാലം വന്നിരിക്കുന്നു. അഞ്ച്, ഭൂമിയെ നശിപ്പിക്കുന്നവരെ നശിപ്പിക്കുന്ന കാലവും സമാഗതമായിരിക്കുന്നു (11:15-18). "നിന്റെ രാജ്യം വരണമേ" എന്നു പ്രാർത്ഥിക്കുവാൻ ക്രിസ്തു ശിഷ്യന്മാരെ പഠിപ്പിച്ചു. ലോകരാജത്വം ഏറ്റെടുക്കുന്ന കർത്താവു ഭൂമിയിലെ എല്ലാ രാജത്വങ്ങളും അവസാനിപ്പിക്കും. ദൈവജനത്തിന്റെ പ്രത്യാശ അവരുടെ രാജാവിന്റെ വരവാണ്. അവർ അവനോടുകൂടെ വാഴും.

11:19-ാം വാക്യത്തിൽ ദൈവത്തിന്റെ ജനമായ യിസ്രായേലിനോടുള്ള ഉടമ്പടി മറന്നിട്ടില്ല എന്ന സത്യം വ്യക്തമാക്കുന്നു എന്ന് അഭിപ്രായപ്പെടുന്നു. ദൈവം യിസ്രായേലിനോടു ചെയ്ത നിയമത്തിന്റെ അടയാളമാണ് പെട്ടകം. അവരോടുള്ള വാഗ്ദത്തങ്ങൾ നിറവേറ്റപ്പെട്ടുവെന്നുള്ളതിന്റെ അടയാളമാണ് മിന്നലും നാദവും ഇടിമുഴക്കവും മറ്റുമെന്നു കരുതാം.

## അദ്ധ്യായം 12

### മഹാസർപ്പവും സ്ത്രീയും (12:1-17)

11-ാം അദ്ധ്യായം വരെ പറഞ്ഞിട്ടുള്ള കാര്യങ്ങളിൽ പലതിന്റെയും വിശദീകരണങ്ങളാണ് 12 മുതലുള്ള അദ്ധ്യായങ്ങളിൽ കാണുന്നത്. 12-ാം അദ്ധ്യായത്തിൽ കാണുന്നത് ഒരു സ്ത്രീയെക്കുറിച്ചും അവളെ നിരന്തരമായി ഉപദ്രവിച്ചുകൊണ്ടിരിക്കുന്ന മഹാസർപ്പത്തെക്കുറിച്ചുമാണ്. സൂര്യനെ അണിഞ്ഞ ഒരു സ്ത്രീ. അവളുടെ കാല്ക്കീഴ് ചന്ദ്രനും അവളുടെ തലയിൽ പന്ത്രണ്ടു നക്ഷത്രങ്ങൾകൊണ്ടുള്ള ഒരു കിരീടവും ഉണ്ടായിരുന്നു. സ്ത്രീ യിസ്രായേലിനെ കാണിക്കുന്നു. സ്ത്രീ ഒരു ആൺകുട്ടിയെ പ്രസവിക്കുന്നു. സകല ജാതികളെയും ഇരുമ്പുകോലുകൊണ്ടു മേയിപ്പാനുള്ളൊരു ആൺകുട്ടിയെ ആണ് അവൾ പ്രസവിച്ചത്. രണ്ടാമത്തെ അടയാളം മഹാസർപ്പമാണ്. ഏഴു തലയും പത്തു കൊമ്പും തലയിൽ ഏഴു രാജമുടിയുമായി തീനിറമുള്ളൊരു മഹാസർപ്പം. സ്ത്രീ പ്രസവിച്ച ആൺകുഞ്ഞിനെ തിന്നുകളയുവാൻ മഹാസർപ്പം തയ്യാറാകുന്നു. ഈ സർപ്പം പിശാചാണ്. ക്രിസ്തുവിനെതിരെ ലോകശക്തികളെ തയ്യാറാക്കുന്നതു സാത്താനാണ്. മീഖായേലും അവന്റെ ദൂതന്മാരും മഹാസർപ്പത്തോടു യുദ്ധം ചെയ്ത് അതിനെ തോല്പിച്ചു ഭൂമിയിലേക്കു തള്ളിക്കളയുന്നു. അവൻ ഭൂതലത്തെ മുഴുവൻ തെറ്റിക്കുന്ന സാത്താനാണ്. സഹോ ദരന്മാരെ രാപ്പകൽ ദൈവസന്നിധിയിൽ അവൻ കുറ്റം ചുമത്തുന്നു. ദൈവ ജനം കുഞ്ഞാടിന്റെ രക്തം മൂലം മഹാസർപ്പത്തെ ജയിക്കുന്നു. സ്ത്രീയെ ഉപദ്രവിക്കുന്നു. അവളുടെ സന്തതികളിൽ ശേഷിച്ചവരോടു യുദ്ധം ചെയ്യുവാൻ പുറപ്പെടുന്നു. ആൺകുട്ടി യേശുക്രിസ്തുവിനെയാണ് സൂചിപ്പിക്കുന്നത് (12:5). ഹെരോദാവു ശിശുവായ യേശുവിനെ കൊന്നുകളയുവാൻ ശ്രമിച്ചു.

12:5,6 വാക്യങ്ങളിൽ യെഹൂദജാതിയുടെ ശേഷിപ്പു മരുഭൂമിയിലേക്കു ജീവരക്ഷയ്ക്കായി ഓടിപ്പോകയും ഒരു രഹസ്യസങ്കേതം കണ്ടെത്തുകയും ചെയ്യുമെന്നു ചിലർ അഭിപ്രായപ്പെടുന്നു. പെട്രാ എന്ന ഈ സ്ഥലത്ത് അവർ സുരക്ഷിതരായി മൂന്നര വർഷം ഒളിച്ചിരിക്കും. സ്വർഗ്ഗത്തിൽ നടക്കുന്ന യുദ്ധത്തിൽ മഹാസർപ്പം തോല്പിക്കപ്പെടും. അവനെ സ്വർഗ്ഗത്തിൽനിന്നും തള്ളിയിട്ടതോടെ അവിടെ വലിയ സന്തോഷം ഉണ്ടാകും. സ്വർഗ്ഗത്തിൽ ഒരു മഹാശബ്ദം കേട്ടു. ക്രിസ്തുവിന്റെ ആധിപത്യം തുടങ്ങിയിരിക്കുന്നു എന്ന് സ്വർഗ്ഗം ഉച്ചത്തിൽ ഘോഷിക്കും. സഹസ്രാബ്ദവാഴ്ചയെക്കുറിച്ചുള്ള പ്രതീക്ഷയാണ് ഇത്. ഇതിനിടെ അപവാദിയായ സാത്താനെ സ്വർഗ്ഗത്തിൽനിന്നും തള്ളിയിടും. കുഞ്ഞാടിന്റെ രക്തം നിമിത്തവും സാക്ഷ്യം ഹേതുവായിട്ടും ഉപദ്രവം സഹിക്കുന്ന യെഹൂദന്മാരുടെ ശേഷിപ്പു ജയം പ്രാപിക്കും. അവരുടെ വിശ്വസ്തതകൊണ്ട് അവർ തങ്ങളുടെ സാക്ഷ്യം മുദ്രയിടും. ഭൂമിയിൽ വീണ സാത്താൻ യിസ്രായേലിനോടുള്ള പോരാട്ടത്തിന്റെ പാരമ്യത്തിലേക്ക് എത്രയും വേഗം വരുന്നു. ക്രിസ്തു ലോകത്തിൽ വരുവാൻ കാരണമായ യിസ്രായേൽ ജാതിയോടുള്ള ക്രോധം ശക്തമാകും. എന്നാൽ യിസ്രായേലിനു രഹസ്യസങ്കേതത്തിൽ മൂന്നര വർഷം ദൈവം സംരക്ഷണം നൽകും. യിസ്രായേലിന്റെ ഓടിപ്പോക്കിനെ തടയുവാൻ സാത്താൻ വലിയൊരു നദി അവന്റെ വായിൽനിന്നും പുറപ്പെടുവിക്കും. എന്നാൽ ഭൂമി പിളർന്നു നദിയെ വിഴുങ്ങുകയാൽ സർപ്പത്തിന്റെ പരിശ്രമം പരാജയപ്പെടും. സാത്താൻ ദൈവജനത്തെ ഇല്ലായ്മ ചെയ്യുവാനുള്ള പരിശ്രമത്തിൽ തുടരുന്നതായി കാണാം.

## അദ്ധ്യായം 13

### ഏഴു തലയുള്ള മൃഗം (13:1-18)

രണ്ടു മൃഗങ്ങളെയാണ് ഈ അദ്ധ്യായത്തിൽ കാണുന്നത്. 1-10 വരെയുള്ള വാക്യങ്ങളിൽ ഒരു മൃഗത്തെക്കു

റിച്ചു വിവരിക്കുന്നു. 11 മുതലുള്ള വാക്യങ്ങളിൽ മറ്റൊരു മൃഗത്തെക്കുറിച്ചും വിശദീകരിക്കുന്നു. മഹോപദ്രവകാലത്തു സുപ്രധാനമായ പങ്ക് ഈ മൃഗങ്ങൾ വഹിക്കുന്നു. ദാനീയേൽ 7:3-7 വരെയുള്ള വാക്യങ്ങളിൽ കാണുന്ന നാലു മൃഗങ്ങളുടെ സ്വഭാവത്തോട് ഇവയ്ക്കു യോജിപ്പുണ്ട്. ആ മൃഗം സമുദ്രത്തിൽനിന്നും കയറിവരുന്നു. അതിനു പത്തു കൊമ്പുകൾ ഉണ്ട്. ഈ വിവരണങ്ങൾ പുനർജ്ജീവിക്കപ്പെടുന്ന റോമാസാമ്രാജ്യത്തെ കാണിക്കുന്നു എന്ന് അഭിപ്രായപ്പെടുന്നു. അത് ഒരു ദശരാഷ്ട്ര സംഘടനയായിരിക്കും. മൃഗം പുള്ളിപ്പുലിക്കു സദൃശം. അതിന്റെ കാൽ കരടി യുടെ കാലുപോലെയും വായ് സിംഹത്തിന്റെ വായ്പോലെയും ആയിരുന്നു. ദാനീയേൽ പ്രവചനം 7-ാം അദ്ധ്യായത്തിൽ പുള്ളിപ്പുലി ഗ്രീസു സാമ്രാജ്യത്തെയും, കരടി മേദോ-പാർസ്യയെയും, സിംഹം ബാബിലോണിനെയുമാണ് ചിത്രീകരിക്കുന്നത്. പുനരുദ്ധരിക്കപ്പെട്ട റോമാസാമ്രാജ്യം അതിന്റെ മുൻഗാമികളെ പ്രതിനിധാനം ചെയ്യുന്നു.

മൃഗത്തിന്റെ തലയിൽ മാരകമായ മുറിവ് ഏറ്റതായി യോഹന്നാൻ കണ്ടു. അതു ചക്രവർത്തിഭരണം നിന്നുപോയതിനെ കാണിക്കുന്നു എന്ന് അഭിപ്രായപ്പെടുന്നു. ആ മുറിവു കരിഞ്ഞതു കണ്ടു സർവ്വഭൂമിയും വിസ്മയിക്കുന്നു. അവർ മഹാസർപ്പത്തെ ആരാധിക്കുന്നു. മൂന്നര വർഷം ദൈവദൂഷണം പറയുവാനും യുദ്ധം ചെയ്യുവാനും അധികാരം അതിനു ലഭിച്ചു. മൃഗം പലരേയും ജയിച്ച് ഏകലോകാധിപതിയായി. യഥാർത്ഥ വിശ്വാസികൾ അല്ലാത്തവർ മൃഗത്തിന്റെ വമ്പും ദൂഷണവും വിശ്വസിച്ചുകൊണ്ട് അവനെ ആരാധിക്കുവാൻ തയ്യാറാകുന്നു. അവരുടെ പേർ ജീവപുസ്തകത്തിൽ എഴുതിയിട്ടില്ല. യഥാർത്ഥ വിശ്വാസികൾ സഹിഷ്ണുതയും വിശ്വാസവും ഉള്ളവരാകുവാനുള്ള ഒരു കാലഘട്ടമായിരിക്കും ഇത്. പത്തു കൊമ്പും ഏഴു തലയും ഉള്ള മൃഗം ദൈവത്തോടു മത്സരിച്ച ഭരണകൂടങ്ങളെ കാണിക്കുന്നു. ഏഴു തല ശീനാർ ദേശത്തെ ബാബേൽ, മിസ്രയീം, അശ്ശൂർ, ബാബിലോൺ, മേദ്യ -പേർഷ്യ, ഗ്രീസ്, റോമാ സാമ്രാജ്യം എന്നിവയെ കാണിക്കുന്നു എന്നാണ് പണ്ഡിതാഭിപ്രായം.

13:11 മുതലുള്ള വാക്യങ്ങളിൽ മറ്റൊരു മൃഗം ഭൂമിയിൽനിന്നും കയറു ന്നതു യോഹന്നാൻ കാണുന്നു. അതിനു കുഞ്ഞാടിനുള്ളതുപോലെ രണ്ടു കൊമ്പുണ്ടായിരുന്നു. മൃഗത്തിന്റെ രൂപത്തെക്കുറിച്ച് അധികമൊന്നും പറയുന്നില്ല. അതിന്റെ സംസാരവും പ്രവൃത്തിയുമാണ് കൂടുതൽ വിവരിച്ചിട്ടുള്ളത്. ഒന്നാമത്തെ മൃഗത്തിനുവേണ്ടിയാണ് രണ്ടാമത്തെ മൃഗം പ്രവർത്തിക്കുന്നത്. ഒന്നാമത്തെ മൃഗത്തെ നമസ്കരിക്കുവാൻ അതു പ്രേരിപ്പിക്കുന്നു. അതിന്റെ പ്രതിമ ഉണ്ടാക്കണം, മുദ്ര ഏൽക്കണം. അതിനുവേണ്ടി വലിയ അടയാളങ്ങൾ ചെയ്യുന്നു. അതിനുള്ള ശക്തി മൃഗത്തിൽനിന്നു ലഭിച്ചു എന്നു പറയുന്നു. ഭൂവാസികളുടെ മേൽ വളരെ സ്വാധീനം ഈ മൃഗത്തിനുണ്ട്. ഈ മൃഗം കള്ളപ്രവാചകനാണെന്നു 16,19 എന്നീ അദ്ധ്യായങ്ങളിൽനിന്നും മനസ്സിലാക്കാം.

ഈ മൃഗത്തിനു കുഞ്ഞാടിനുള്ളതുപോലെ രണ്ടു കൊമ്പുണ്ട്. നിരുപ ദ്രവിയായി സൗമ്യതയോടെ പ്രത്യക്ഷപ്പെടുന്ന ഈ മൃഗത്തെ ദൈവകുഞ്ഞാടിന്റെ മൂർത്തിഭാവമായി ലോകം തെറ്റിദ്ധരിക്കും. മൃഗത്തിന്റെ പ്രതിമ സംസാരിക്കുവാൻ അതിനു ശക്തി ലഭിക്കും. അധർമ്മമൂർത്തി, അന്തിക്രിസ്തു എന്നിങ്ങനെ ഇതിനെ വിശേഷിപ്പിക്കുന്നു. അന്തിക്രിസ്തുവിനെ ആരാധിക്കുവാൻ വിസമ്മതിക്കുന്നവർ ശിക്ഷ അനുഭവിക്കും.

മൃഗത്തിന്റെ പ്രതിമ എന്തായിരിക്കും എന്നതിനു വ്യക്തമായ ഒരു വ്യാഖ്യാനം പ്രയാസമാണ്. ഇന്നത്തെ ടെലിവിഷനും കമ്പ്യൂട്ടറും സ്വയം സംസാരിക്കുന്നു. സാമ്പത്തിക കാര്യങ്ങൾ ഇന്ന് എവിടെയും ചെയ്യുന്നതു കമ്പ്യൂട്ടർ വഴിയാണ്. കാർഡും നമ്പറും ഇല്ലെങ്കിൽ ക്രയവിക്രയം ചെയ്യാൻ പാടില്ലാത്ത സമ്പ്രദായം എവിടെയും കാണാം. മൃഗത്തിന്റെ സംഖ്യ ഒരു മനുഷ്യന്റെ സംഖ്യയത്രെ. അത് 666 ആകുന്നു. 7 ദൈവത്തിന്റെ പൂർണ്ണതയെ കാണിക്കുന്നു. 6 മനുഷ്യന്റെ പൂർണ്ണതയുടെ ചിത്രമാണ്. മനുഷ്യന് എത്താവുന്നതിന്റെ പാരമ്യം രണ്ടു മൃഗങ്ങളിൽ കാണുന്നു. ഒരു ഏകലോകഭരണം, ഒരു ഏകലോകമതം, ഒരു ഏകലോകവ്യവസ്ഥിതി. ഇവ മൂന്നും ഒത്തുചേർന്നാൽ എന്തായിരിക്കുമോ അതിനെയത്രെ 666 കാണിക്കുന്നത്. എന്നാൽ ക്രിസ്തു രാജാവായി വെള്ളക്കുതിരപ്പുറത്ത് ഇറങ്ങിവരുമ്പോൾ രണ്ടു മൃഗങ്ങളും ഗന്ധകപ്പൊയ്കയിൽ തള്ളപ്പെടും. മൃഗത്തെയും കള്ളപ്രവാചകനെയും അനുഗമിക്കുന്നവർക്കുണ്ടാകുന്ന ഗതിയും അതുതന്നെയായിരിക്കും.

## അദ്ധ്യായം 14

### കുഞ്ഞാടു സീയോൻ മലയിൽ

സീയോൻ മലയിൽ കുഞ്ഞാടും 144000 പേരും നില്ക്കുന്ന കാഴ്ചയോടെയാണ് 14-ാം അദ്ധ്യായം ആരംഭിക്കുന്നത്. അവർ ദൈവരാജ്യത്തിൽ പ്രവേശിക്കുവാനുള്ള സമയമായി. സീയോൻ പർവ്വതത്തിലാണ് യെരൂശലേം പട്ടണം സ്ഥിതിചെയ്തിരുന്നത്. അത് എന്നേക്കും നിലനിൽക്കുന്ന മഹാരാജാവിന്റെ നഗരമാണ്. 'വിശുദ്ധ പർവ്വതമായ സീയോനിൽ ഞാനെന്റെ രാജാവിനെ വാഴി ച്ചിരിക്കുന്നു' എന്നു ദൈവം അരുളിച്ചെയ്യുന്നുണ്ട്. അവർ അവിടെ പാട്ടു പാടുന്നു. മറ്റാർക്കും ആ പുതിയ പാട്ടു പഠിപ്പാൻ കഴികയില്ല. ഈ വിശുദ്ധ ന്മാർ സ്ത്രീകളോടുകൂടെ മാലിന്യപ്പെടാത്ത കന്യകമാരാണ്. അവർ ദൈവത്തിനും കുഞ്ഞാടിനും ആദ്യഫലമായ കുറ്റമറ്റവരത്രെ. അന്തിക്രിസ്തുവിനെ ആരാധിക്കാത്തവരാണ്. സഹസ്രാബ്ദഭൂമിയെ നിറയ്ക്കുവാൻ വന്നവരാണ്.

ഓരോ ദൂതൻ മുഖാന്തരമാണ് കാര്യങ്ങൾ ഇവിടെ പ്രദർശിപ്പിക്കുന്നത്. ദൈവത്തെ ഭയപ്പെട്ടു ദൈവത്തെ നമസ്കരിക്കേണ്ടതിന്റെ ആവശ്യം ഇവിടെ ഭൂവാസികളെ ബോദ്ധ്യപ്പെടുത്തുന്നു. അവർ പ്രസംഗിക്കുന്നതു നിത്യസുവിശേഷമാണ്. സുവിശേഷം ഒന്നേയുള്ളൂ. ഏതുകാലത്തും മനുഷ്യനോടു ദൈവം അരുളിച്ചെയ്തിട്ടുള്ള കാര്യങ്ങ

ളുടെ ആകെത്തുകയാണ് സുവിശേഷം. സുവിശേഷത്തിൽ വിശ്വസിക്കുന്നവർക്കു നിത്യജീവനും വിശ്വസിക്കാത്തവർക്കു നിത്യശിക്ഷാവിധിയും ലഭിക്കും. സകല ഭൂവാസികളും അറിയുവാൻ ആവശ്യമുള്ള ദൂതാകുന്നു സുവിശേഷം. മഹാപീഡനകാലത്തു സുവിശേഷം മനുഷ്യരെ മൃഗത്തെ ആരാധിക്കുന്നതിൽനിന്നും വേർപ്പെടുത്തി ദൈവരാജ്യത്തിനു യോഗ്യത ഉള്ളവരാക്കും.

രണ്ടാമത്തെ ദൂതൻ ബാബിലോണിന്റെ വീഴ്ചയെ പ്രഖ്യാപിക്കുന്നു. വെളിപ്പാടു 17 ഉം 18 ഉം അദ്ധ്യായങ്ങളിൽ മഹതിയാം ബാബിലോണിന്റെ വീഴ്ചയെക്കുറിച്ചു വിവരിച്ചിട്ടുണ്ട്. ഭൂരാജാക്കന്മാരുടെമേൽ രാജത്വമുള്ള മഹാനഗരം, മൃഗത്തെ നിയന്ത്രിക്കുന്ന സ്ത്രീ, ഭൂവാസികളെ മത്തരാക്കിയ മഹാവേശ്യ എന്നീ യോഗ്യതകളാണ് മഹതിയാം ബാബിലോണിനുള്ളത്. ദൈവം അവളെ ന്യായം വിധിച്ചു നശിപ്പിക്കും. അപ്പോൾ തന്നെ തന്റെ ഭക്തന്മാരെ സംരക്ഷിക്കയും ചെയ്യും. അവർ ഒരിക്കലും ഇളകിപ്പോകാത്ത നഗരത്തിൽ പ്രവേശിക്കും. വിശ്വാസത്യാഗികളായ യെഹൂദമതവും ക്രൈസ്തവ ലോകവും ചേർന്ന് ഏകീഭവിച്ച് മതത്തിന്റെയും വ്യാപാരത്തിന്റെയും കേന്ദ്രസ്ഥാനമായിത്തീരുന്ന സ്ഥലമാണ് ബാബിലോൺ. അവളുടെ സ്വാധീനതയാൽ സകല ജാതികളും മത്തരാകും.

14-ാം അദ്ധ്യായം 9-12 വരെയുള്ള വാക്യങ്ങളിൽ ദൈവത്തിന്റെ ന്യായവിധിയുടെ വേറൊരു ചിത്രമാണ് വിവരിക്കുന്നത്. ഇവിടെ ഒരു മുന്നറിയിപ്പു കൊടുക്കുന്നതാണ് യോഹന്നാൻ കാണുന്നത്. ദൈവകല്പന അനുസരിച്ചു യേശുവിലുള്ള വിശ്വാസം കാത്തുകൊള്ളാതെ മൃഗത്തിന്റെ മുദ്ര ഏൽക്കയും മൃഗത്തെ നമസ്കരിക്കയും ചെയ്യുന്നവർക്കുണ്ടാകുവാൻ പോകുന്ന ന്യായവിധി എന്തായിരിക്കും എന്നാണ് ഈ ഭാഗത്തു വിവരിക്കുന്നത്. അവർ ദൈവക്രോധത്തിന്റെ മദ്യം കുടിക്കേണ്ടിവരും. അതു മഹാപീഡനകാലത്തു സഹിക്കേണ്ടിവരുന്ന യാതനയെ കാണിക്കുന്നു. മനുഷ്യർ ദൈവകോപത്തിന് ഇരയായ ചരിത്രം ബൈബിൾ നൽകുന്നുണ്ട്. അതൊക്കെയും കലർപ്പുചേർന്ന ക്രോധമായിരുന്നു. ദൈവത്തിന്റെ കരുണയും ദയയും അതിൽ കലർത്തിയിരുന്നു. ക്രിസ്തു ക്രൂശിൽ കലർപ്പില്ലാത്ത ദൈവക്രോധം സഹിച്ചു. അതു വിശ്വസിക്കുന്ന ഏവർക്കും രക്ഷപ്പെടുവാൻ കഴിയുന്നതാണ്. ക്രിസ്തുവിനെ ത്യജിക്കുന്നവർ കലർപ്പില്ലാത്ത ദൈവക്രോധം സഹിക്കേണ്ടിവരും. അവർ നരകത്തിലുള്ള നിത്യദണ്ഡനം അനുഭവിക്കേണ്ടി വരും. അവിടെ രാവും പകലും യാതൊരു സ്വസ്ഥതയും ഉണ്ടായിരിക്കയില്ല. ദുഷ്ടന്മാർക്കു പിൻവരുന്ന നാശം വിശുദ്ധന്മാർക്കു കഷ്ടതയിൽ സഹിഷ്ണുത ഉള്ളവരാകുവാൻ പ്രചോദനം നൽകണം.

14 മുതലുള്ള വാക്യങ്ങളിൽ ദൈവം ന്യായവിധി ഭൂമിയിൽ നടത്തുന്നതിനെക്കുറിച്ചാണ് വിവരിക്കുന്നത്. അതിനിടയിൽ സ്വർഗ്ഗത്തിൽനിന്നും ഒരു ശബ്ദം കേട്ടു. 'എഴുതുക' എന്ന കല്പനയും ഉണ്ടായി. 'ഇന്നു മുതൽ കർത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ.' ദൈവത്തിന്റെ ന്യായവിധിയോടു ബന്ധപ്പെട്ടാണ് ഇതിരിക്കുന്നത്. മൃഗത്തിന്റെ ഭരണകാലത്തു കർത്താവിനുവേണ്ടി ജീവിക്കുന്നതു പ്രയാസമുള്ള കാര്യമാണ്. മൃഗത്തെ നമസ്കരിക്കാത്തവർ കൊല്ലപ്പെടുന്ന കാലഘട്ടം. അതിന്റെ മദ്ധ്യത്തിൽ കർത്താവിനെ തള്ളിപ്പറയാതെ ജീവിക്കുന്നതു മരണത്തെ സ്വാഗതം ചെയ്യുന്ന അനുഭവമാണ്. അതു തിരഞ്ഞെടുക്കുന്നവർ ഭാഗ്യവാന്മാരാകുന്നു. അവർ സഹസ്രാബ്ദവാഴ്ചയിലെ അനുഗ്രഹങ്ങൾ നഷ്ടമാക്കയില്ല. അവരുടെ പ്രയത്നങ്ങൾക്കു പ്രതിഫലം ലഭിക്കും. സകല പ്രതികൂലങ്ങളുടെയും മദ്ധ്യത്തിൽ കർത്താവിനെ സേവിക്കുന്ന അനുഭവം എത്ര ധന്യമാകുന്നു. ദൈവം അതു പ്രത്യേകാൽ ശ്രദ്ധിക്കുന്നു. നിത്യതയിലും ആ പ്രവൃത്തികൾ സ്മരിക്കപ്പെടും.

14-20 വരെയുള്ള വാക്യങ്ങളിൽ മനുഷ്യപുത്രനു സദൃശനായ ഒരുവൻ മേഘത്തിന്മേൽ ഇരിക്കുന്നതായി യോഹന്നാൻ കാണുന്നു. അവന്റെ കയ്യിൽ അരിവാളുണ്ട്. അവൻ കൊയ്യുന്നതായി കാണുന്നു. വേറൊരു ദൂതൻ മൂർച്ചയുള്ള കോങ്കത്തിയുമായി പ്രത്യക്ഷപ്പെടുന്നു. 'മുന്തിരിങ്ങ പഴുത്തിരിക്കയാൽ കോങ്കത്തി അയച്ചു മുന്തിരിക്കുല അറുക്കുക' എന്ന് വേറൊരു ദൂതൻ പറ യുന്നു. മുന്തിരിക്കുല അറുത്തു ദൈവകോപത്തിന്റെ വലിയ ചക്കിലിടുന്നു. ചക്കു മെതിക്കുന്നതായി കാണുന്നു.

മനുഷ്യപുത്രനു സദൃശനായവൻ നമ്മുടെ കർത്താവാണ്. ഗോതമ്പു കളപ്പുരയിൽ കൂട്ടിവയ്ക്കയും കള തീയിലിട്ടു നശിപ്പിക്കയും ചെയ്യുമെന്നു കർത്താവ് അരുളിച്ചെയ്തിരുന്നു (മത്താ. 13:24-43). കൊയ്ത്ത് ലോകാവസാനമാണെന്നു കർത്താവു തന്നെ വ്യാഖ്യാനിച്ചിട്ടുണ്ട്. വിളവു കൊയ്യുന്നതു കർത്താവാണ്. കർത്താവു തന്റെ ജനത്തെ കൂട്ടിച്ചേർക്കുവാൻ വരുന്നു. മുന്തിരിങ്ങ ചക്കിലിട്ടു മെതിക്കുന്നതു ദൈവത്തിന്റെ ന്യായവിധിയെ കാണിക്കുന്നു. യിസ്രായേലിന്റെ മേലുണ്ടാകുവാൻ പോകുന്ന ഒടുവിലത്തെ ന്യായവിധിയെ ഇതു കാണിക്കുന്നു എന്ന് അഭിപ്രായപ്പെടുന്നു. തീയുടെമേൽ അധികാരമുള്ള ദൂതൻ വരുവാനുള്ള ന്യായവിധിയെ കാണിക്കുന്നു. അന്നു സംഭവിക്കുന്ന രക്തച്ചൊരിച്ചിൽ അതിഭയങ്കരമായിരിക്കും. ഏകദേശം 180 മൈൽ ദൂരം രക്തം ഒഴുകുന്നതായി വിശേഷിപ്പിക്കുന്നു. ലോകം ദൈവത്തിന്റെ ന്യായവിധിക്ക് ഒരുങ്ങിയിരിക്കുന്നു. എന്നാൽ തന്റെ ജനത്തെ അവൻ സംരക്ഷിക്കുന്നു.

## അദ്ധ്യായം 15

### മോശെയുടെയും കുഞ്ഞാടിന്റെയും പാട്ട്

15-ാം അദ്ധ്യായം ആരംഭിക്കുന്നതു ദൈവക്രോധം തീർന്നു എന്ന പ്രസ്താവനയോടു കൂടെയാണ്. ദൈവക്രോധം തീർന്നു മഹോപദ്രവത്തിന്റെ അന്ത്യത്തിലേക്ക് എത്തിയിരിക്കുന്നു എന്നു സാരം. ഇവിടെ കാണുന്ന വലുതും അത്ഭുതകരവുമായ അടയാളം 16-ാം അദ്ധ്യായത്തിലാണ് വിവരിക്കുന്നത്. ഏഴു ദൂതന്മാർ ഏഴു ക്രോധകലശങ്ങൾ ഭൂമിയിൽ ഒഴിക്കുന്നതാണ് ഈ അടയാളം. ദൈവത്തിന്റെ പ്രവൃത്തികൾ വലുതും അത്ഭുതവുമായവയാണെന്ന്

ഒരു കൂട്ടർ പളുങ്കുകടലിനരികെ നിന്നു പാടുന്നു. ദൈവത്തിന്റെ ദീർഘക്ഷമ ഇവിടെ അവസാനിക്കയും ബാധയുടെ ആക്കം കൂടുകയും ചെയ്യുന്നതുകൊണ്ടാണ് ഇതു വലിയ ബാധയായിരിക്കുന്നത്. അതു പകരുമ്പോൾ മനുഷ്യരിൽ അത്ഭുതം ഉളവാക്കും. മൃഗത്തെ നമസ്കരിക്കാതെ രക്തസാക്ഷികളായവരാണ് പാടുന്നതെന്നു ചിന്തിക്കാം. മോശെയുടെയും കുഞ്ഞാടിന്റെ യും പാട്ട് അവർ സ്വർഗ്ഗത്തിൽ പാടുകയാണ്. പാട്ടിന്റെ സാരാംശമോ ദൈവം സർവ്വശക്തൻ, അവന്റെ പ്രവൃത്തികൾ വലുതും അത്ഭുതവുമായവ, അവൻ സർവ്വജാതികളുടേയും രാജാവാണ്, അവന്റെ വഴികൾ നീതിയും സത്യവും ഉള്ളവ എന്നായിരുന്നു. അവർ അങ്ങനെ ദൈവത്തെ സ്തുതിക്കും. ദൈവത്തിന്റെ ന്യായവിധി ശത്രുക്കളുടെമേൽ ചൊരിഞ്ഞതും, ദൈവത്തിന്റെ രക്ഷ തങ്ങൾ അനുഭവിച്ചതും അവരെ പാടുവാൻ പ്രേരിപ്പിച്ചു. മോശെയുടെ പാട്ടും കുഞ്ഞാടിന്റെ പാട്ടും ആശയത്തിൽ ഒന്നുതന്നെയാണ്. വെളിപ്പാട് 5 ൽ കുഞ്ഞാടിനെക്കുറിച്ചുള്ള പാട്ടു കാണുന്നു. അതു വീണ്ടെടുപ്പിന്റെ പാട്ടായിരുന്നു.

അതിന്റെ ശേഷം സ്വർഗ്ഗത്തിലെ സാക്ഷ്യകൂടാരമായ ദൈവാലയം തുറന്നത് യോഹന്നാൻ കണ്ടു. ഏഴു ബാധയുള്ള ഏഴു ദൂതന്മാർ ക്രോധകലശവുമായി പുറപ്പെടുന്നതു ദൈവാലയത്തിൽനിന്നുമാണ്. നാലു ജീവികളിൽ ഒരുവൻ ക്രോധകലശം ദൂതന്മാർക്കു കൊടുക്കുന്നു. ദൈവത്തിന്റെ ശത്രുക്കളുടെമേൽ വരുവാനുള്ള ന്യായവിധികൾ ഉൾക്കൊള്ളുന്നതാണ് ഈ ഏഴു കലശങ്ങൾ. അപ്പോൾ ദൈവത്തിന്റെ ആലയം ദൈവത്തിന്റെ തേജസ്സും ശക്തിയും ഹേതുവായി പുകകൊണ്ടു നിറഞ്ഞു. ദൈവസാന്നിദ്ധ്യത്തെ അതു കാണിക്കുന്നു. ഏഴു ബാധകൾ തീരുവോളം ദൈവാലയത്തിൽ പ്രവേശിപ്പാൻ ആർക്കും കഴിയുന്നതല്ല. ഇന്നു ലോകത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന കാര്യങ്ങൾ ദൈവത്തിന്റെ ക്രോധകലശങ്ങൾ ചൊരിയുവാനുള്ള സമയം ആസന്നമായിരിക്കുന്നു എന്നു വിളിച്ചറിയിക്കുന്നു. അതുകൊണ്ടു ഹൃദയം കഠിനപ്പെടുത്താതെ ദൈവത്തിങ്കലേക്കു തിരിയുവാൻ നമുക്ക് ഇടയാകട്ടെ.

**അദ്ധ്യായം 16**

## ദൈവത്തിന്റെ ക്രോധകലശങ്ങൾ

ദൈവത്തിന്റെ ന്യായവിധികൾ ഭൂമിയിൽ ചൊരിയുന്നതാണ് ഈ അദ്ധ്യായത്തിലെ വിഷയം. ദൈവത്തിന്റെ നിയന്ത്രണത്തിലാണ് ക്രോധകലശം ഒഴിക്കപ്പെടുന്നത്. അത് ഈ പ്രപഞ്ചത്തെ മുഴുവൻ ബാധിക്കുന്ന താണ്. ദൂതന്മാർ ഓരോരുത്തരായി ക്രോധകലശങ്ങൾ ഒഴിക്കുന്നു. ഈ ബാധയെ മിസ്രയീമിലുണ്ടായ ബാധയോടു താരതമ്യപ്പെടുത്താവുന്നതാണ്. ആദ്യത്തെ നാലു കലശങ്ങൾ ഒഴിക്കപ്പെടുന്നതു ഭൂമി, സമുദ്രം, നീരുറവകൾ, സൂര്യൻ എന്നിവയിലാണ്.

ഒന്നാമത്തെ ബാധയാൽ മൃഗത്തിന്റെ മുദ്രയുള്ളവരും അതിന്റെ പ്രതി മയെ നമസ്കരിക്കുന്നവരുമായ മനുഷ്യർക്കു വല്ലാത്ത ദുർവ്രണങ്ങൾ ഉണ്ടായി. രണ്ടാമത്തെ ക്രോധകലശം ഒഴിച്ചതു സമുദ്രത്തിലാണ്. അപ്പോൾ സമുദ്രം മരിച്ചവന്റെ രക്തം പോലെയായി. മൂന്നാമത്തെ ബാധയാൽ കുടിവെള്ളം രക്തമായിത്തീർന്നു. നാലാമത്തെ കലശം സൂര്യനിലാണ് ഒഴിക്കുന്നത്. അപ്പോൾ മനുഷ്യർ അത്യുഷ്ണത്താൽ വെന്തുപോയി. എങ്കിലും മാനസാന്തരപ്പെടാതെ ദൈവത്തെ ശപിച്ചു. അഞ്ചാമത്തെ ബാധ മൃഗത്തിന്റെ സിംഹാസനത്തിൽ ഇരുട്ട് ഉളവാക്കി. കഷ്ടത നിമിത്തം നാവു കടിച്ചെങ്കിലും അവർ മാനസാന്തരപ്പെട്ടില്ല. ആറാമത്തെ കലശം യൂഫ്രാത്തേസ് മഹാനദിയിൽ ഒഴിച്ചു. അതു വറ്റിവരണ്ടുപോയി. അതു കിഴക്കുനിന്നും രാജാക്കന്മാർ യുദ്ധത്തിനു വരുവാൻ വഴി തുറന്നു. 17 ഉം 19 ഉം അദ്ധ്യായങ്ങളിൽ ഈ യുദ്ധങ്ങളെക്കുറിച്ചു വിവരിക്കുന്നുണ്ട്. കർത്താവു വീണ്ടും വരുമ്പോൾ നടക്കുന്ന യുദ്ധമാണിതെന്നു മനസ്സിലാക്കാം.

മഹാസർപ്പത്തിന്റെ വായിൽനിന്നും, മൃഗത്തിന്റെ വായിൽനിന്നും, കള്ളപ്രവാചകന്റെ വായിൽനിന്നും തവളയെപ്പോലെ മൂന്ന് അശുദ്ധാത്മാക്കൾ പുറപ്പെടുന്നതു യോഹന്നാൻ കണ്ടു. ഇതു സാത്താന്യ ത്രിത്വത്തെയത്രെ കാണിക്കുന്നത്. ലോകത്തിലെ രാജാക്കന്മാരെ ക്രിസ്തുവിനെതിരെ യുദ്ധത്തിനു വരുവാൻ വഞ്ചിക്കുന്ന ഭൂതാത്മാക്കളാണ് ഇവ. മഹാപീഡനകാലത്തു കർത്താവു കള്ളനെപ്പോലെ വരും. അവന്റെ പ്രത്യക്ഷത പ്രതീക്ഷിക്കാത്തവർക്കു നഷ്ടം സംഭവിക്കും. ലോകസൈന്യങ്ങൾ ഹർമ്മഗെദ്ദോൻ എന്ന സ്ഥലത്തു യുദ്ധത്തിനായി ഒന്നുചേരും. ഏഴാമത്തെ ദൂതൻ തന്റെ കലശം ആകാശത്തിൽ ഒഴിച്ചു. അപ്പോൾ 'സംഭവിച്ചു തീർന്നു' എന്ന മഹാശബ്ദം ദൈവാലയത്തിലെ സിംഹാസനത്തിൽനിന്നു വന്നു. മഹാപീഡനകാലത്തെ ദൈവക്രോധം ഇവിടെ അവസാനിക്കുന്നു. ഒടുവിലത്തെ കലശം ഒഴിച്ചപ്പോൾ വലിയ പ്രകൃതിക്ഷോഭം ഉണ്ടായി. ദൈവക്രോധം സഹിച്ച മഹാനഗരമായ ബാബിലോൺ മൂന്നായി വിഭജിക്കപ്പെട്ടു. ഈ സമയത്തുതന്നെ സകല ദ്വീപുകളും ഓടിപ്പോയി. മലകൾ കാണ്മാനില്ലാതായി. ആകാശത്തുനിന്നും കന്മഴ പെയ്തു. എങ്കിലും അവർ മാനസാന്തരപ്പെട്ടില്ല. ദൈവത്തിന്റെ ക്രോധകലശം ഭൂമിയിൽ ചൊരിഞ്ഞു കഴിഞ്ഞാൽ പിന്നെ മാനസാന്തരപ്പെടുവാൻ ആഗ്രഹിച്ചാലും സാധിക്കാതെ പോയി എന്നു വരാം.

### അദ്ധ്യായം 17

## മഹതിയാം ബാബിലോണിന്റെ പതനം

17, 18 എന്നീ അദ്ധ്യായങ്ങളിൽ മഹതിയാം ബാബിലോണിന്റെ പതന മാണ് കാണുന്നത്. മഹതിയാം ബാബിലോണിനെ മഹാവേശ്യയായി ചിത്രീകരിക്കുന്നു. 17-ാം അദ്ധ്യായത്തിൽ ആത്മീയ ബാബിലോണിനെക്കുറിച്ചും 18-ാം അദ്ധ്യായത്തിൽ വ്യാവസായിക ബാബിലോണിന്റെ ന്യായവിധിയെക്കുറിച്ചുമാണ് പറയുന്നതെന്ന് അഭിപ്രായപ്പെടുന്നു. ആത്മീയ ബാബിലോണിൽ വിശ്വാസത്യാഗികളായ ക്രൈസ്തവലോകം ഉൾപ്പെടുന്നു. എക്യുമെനിക്കൽ സഭയുടെ ചിത്രമായിരിക്കാം ഇത്. പെരുവെള്ളത്തിന്മീതെ ഇരുന്നുകൊണ്ടു ലോകരാജാക്കന്മാരെ വേശ്യ സ്വാധീനിക്കയും നിയന്ത്രിക്കയും ചെയ്യുന്നു. അങ്ങനെ അവർ അവളുടെ അകൃത്യത്തിനു പങ്കാളികൾ ആകും. വിശ്വാസത്യാഗിനിയായ സഭ ഒരു കടും ചുവപ്പുള്ള മൃഗത്തിന്മീതെ ഇരിക്കുന്നു. അതിനു ഏഴു തലയുണ്ട്. മൃഗത്തിന്റെ ഏഴു തല സ്ത്രീ ഇരിക്കുന്ന ഏഴു മലകൾ ആണെന്നുള്ള ദൂതന്റെ വിശദീകരണം ശ്രദ്ധേയമാണ്. റോമാനഗരം ഏഴുമലകളിന്മേൽ പണിതിരിക്കുന്നു. അതുകൊണ്ട് ഈ സ്ത്രീ റോമാനഗരം ആണെന്നു ചിന്തിക്കുന്നവർ ഉണ്ട്. 13-ാം അദ്ധ്യായത്തിൽ മൃഗത്തെക്കുറിച്ചു പഠിച്ചപ്പോൾ 7 തലകൾ ലോകചരിത്രത്തിലെ ഏഴു ഭരണകൂടങ്ങൾ ആണെന്നു നാം കാണുകയുണ്ടായി. അതുകൊണ്ട് ഇവിടെ കാണുന്നതു പുനർജ്ജീവിക്കുന്ന റോമാസാമ്രാജ്യത്തെ ആണെന്നു കരുതാം. സ്ത്രീയുടെ വേശ്യാവൃത്തി ദൈവത്തെ ത്യജിച്ചുകൊണ്ട് അന്യദൈവങ്ങളെ സേവിക്കുന്നതിനെ കാണിക്കുന്നു. ഭൂവാസികളെ മൊത്തത്തിൽ ദൈവത്തിൽനിന്നും അകറ്റുവാൻ അവളുടെ തന്ത്രങ്ങൾക്കു കഴിവുണ്ട്. ബഹുദൈവവിശ്വാസവും വിഗ്രഹാരാധനയും അവൾ അടിച്ചേൽപ്പിക്കുന്നു. മൃഗത്തിന്റെ മുദ്രയേല്ക്കാതെ വിൽക്കുവാനോ വാങ്ങുവാനോ കഴിയുന്നതല്ല. അതു ലോകക്രയവിക്രയങ്ങളിൽ അവൾ വരുത്തുന്ന നിയന്ത്രണത്തെ കാണിക്കുന്നു.

സ്ത്രീയുടെ കയ്യിൽ സ്വർണ്ണപാനപാത്രമുണ്ട്. അതു വളരെ ഭംഗിയുള്ളതാണ്. അതിൽ പകർന്നിരിക്കുന്നത് അശുദ്ധി നിറഞ്ഞ മ്ലേച്ഛതയാകുന്നു. പുറമെയുള്ള അലങ്കാരങ്ങളും ആകർഷണീയങ്ങളായ ആചാരങ്ങളും ഭക്തിനിർഭരമായ അനുഷ്ഠാനങ്ങളും വർദ്ധിച്ചുകൊണ്ടിരിക്കുന്ന കാഴ്ച എവിടെയും കാണാം. വിശുദ്ധിയുടെ മറവിൽ അവർ മ്ലേച്ഛത പ്രവർത്തിക്കുന്നു. വേശ്യമാരുടെയും മ്ലേച്ഛതകളുടെയും മാതാവ് എന്ന പേർ മഹതിയാം ബാബിലോണിന്റെ നെറ്റിയിൽ എഴുതിയിരിക്കുന്നു. അവളിൽനിന്നുമാണ് സകല മ്ലേച്ഛതകളും ഉത്ഭവിച്ചിട്ടുള്ളത് എന്നു സാരം. അവരുടെ പാരമ്പര്യങ്ങളിൽ അഭിമാനിച്ചുകൊണ്ടു ദൈവവചനത്തെ അവഗണിക്കുന്നു. വിശുദ്ധന്മാരുടെ രക്തം കുടിച്ച് അവൾ മത്തയായിരിക്കുന്നു. സഭാചരിത്രത്തിലെ മൊത്തം രക്തസാക്ഷികളെ ഉദ്ദേശിച്ചാണ് ഈ സൂചന നൽകുന്നത്. സ്ത്രീയെയും മൃഗത്തെയും കണ്ട് അവിശ്വാസികൾ അതിശയിക്കും. ഏഴു രാജാക്കന്മാർ ഏഴു വ്യത്യസ്ത ഭരണകൂടങ്ങളെ കാണിക്കുന്നു. എട്ടാമത്തെ രാജാവു പുനർജ്ജീവിക്കപ്പെട്ട റോമാസാമ്രാജ്യത്തിന്റെ നേതാവും അന്തിക്രിസ്തുവുമാണ്. അവന്റെ ന്യായവിധി പെട്ടെന്നുണ്ടാകും. പത്തു കൊമ്പുകൾ റോമൻ സാമ്രാജ്യത്തിൽ സേവ ചെയ്യുവാനുള്ള രാജാക്കന്മാരെ കാണിക്കുന്നു. അവർ അല്പകാലം വാഴും. അവരുടെ ആധിപത്യം മൃഗത്തിനു സമർപ്പിക്കും. കർത്താവിന്റെ വീണ്ടുംവരവിൽ അവനോടു യുദ്ധം ചെയ്യുവാൻ ദശരാഷ്ട്രങ്ങൾ ഒത്തുചേരും. എന്നാൽ യുദ്ധത്തിൽ അവർ പരാജയപ്പെടും.

15-ാം വാക്യത്തിൽ വേശ്യ വെള്ളത്തിന്മേൽ ഇരിക്കുന്നതായി കാണുന്നു. അതു ഭൂമിയിലെ സകല ജാതികളെയും സൂചിപ്പിക്കുന്നു എന്ന് അഭിപ്രായപ്പെടുന്നു. അവർ സ്ത്രീയുടെ സ്വാധീനതയിൽ കഴിയുന്നു. അല്പകാലം അവൾ റോമാസാമ്രാജ്യത്തെ ഭരിക്കും. എന്നാൽ അവളുടെ അസഹനീയമായ നുകം വലിച്ചെറിഞ്ഞുകൊണ്ടു വേശ്യയെ മൃഗം തീകൊണ്ടു ദഹിപ്പിക്കും. ഇവിടെ ദൈവം സകല കാര്യങ്ങളെയും നിയന്ത്രിക്കുന്നു.

### അദ്ധ്യായം 18

## മഹാവേശ്യയുടെ ന്യായവിധി

18-ാം അദ്ധ്യായം ആരംഭിക്കുന്നതു സ്വർഗ്ഗത്തിൽനിന്നും ഒരു ദൂതൻ ഇറങ്ങിവരുന്ന കാഴ്ചയോടെയാണ്. അവൻ വലിയ അധികാരമുള്ളവനാണ്. അവൻ വിളിച്ചു പറയുന്നതു 'മഹതിയാം ബാബിലോൺ വീണുപോയി' എന്നാണ്. ഇത് ഒരു വിലാപഗീതമാണ്. വേശ്യാസഭയ്ക്കുണ്ടാകുന്ന നാശത്തെ ക്കുറിച്ചു പ്രഖ്യാപിക്കുവാൻ വന്ന ദൂതന്റെ തേജസ്സിനാൽ ഭൂമി പ്രകാശിച്ചു.
4 മുതലുള്ള വാക്യങ്ങളിൽ ദൈവജനത്തിനുള്ള സന്ദേശമാണ് കാണുന്നത്. മഹാവേശ്യയെ അഥവാ വിശ്വാസത്യാഗിയായ സഭയെ വിട്ടുപോകുവാനുള്ള ആഹ്വാനമാണ് ഇവിടെ ഉള്ളത്. അവളുടെ ന്യായവിധിക്കു കാരണം അവളുടെ പാപം ആകുന്നു. മഹതിയാം ബാബിലോൺ ഏതെങ്കിലും ഒരു സഭയെ കാണിക്കുന്നു എന്നു ചിന്തിക്കുവാൻ പ്രയാസമാകുന്നു. അതു ദൈവത്തിൽ നിന്നും അകന്ന് മനുഷ്യരെ ദൈവത്തിൽനിന്നും അകറ്റിക്കളയുന്ന ദോഷത്തിന്റെയും തിന്മയുടെയും അതിപ്രസരമുള്ള സംസ്കാരവും തത്വജ്ഞാനവും മതസംഘടനകളുമാകുന്നു എന്ന് അഭിപ്രായപ്പെടുന്നു. ഇതിനോടു സഹകരിക്കുന്നവർ അതിന്റെ പാപത്തിനു പങ്കാളികൾ ആകുന്നു. അവളുടെ അകൃത്യത്തിന് ഇരട്ടി പങ്കു ശിക്ഷ അവൾ ഏൽക്കേണ്ടിയിരിക്കുന്നു. അവൾ തന്നെത്താൻ രാജ്ഞിയെന്ന് അഭിനയിക്കയും മദിക്കയും ചെയ്യുന്നു. എന്നാൽ അവളുടെ ന്യായവിധി പെട്ടെന്നു സംഭവിക്കും. അവൾ ദൈവത്താൽ ന്യായം

വിധിക്കപ്പെടും. ഭൂമിയിലെ രാജാക്കന്മാർ അതു കണ്ടു വിലപിക്കും. അവർ അതു കണ്ടു ഭ്രമിക്കും. ഭൂമിയിലെ വ്യാപാരികളും വിലപിക്കും. അവളുടെ വസ്തുക്കൾ വാങ്ങുവാൻ ആരും ഉണ്ടാകയില്ല. അവൾ നിമിത്തം സമ്പന്ന രായവർ ഒരു മണിക്കൂർകൊണ്ട് അവൾക്കുണ്ടായ ന്യായവിധി കണ്ടു കരഞ്ഞു ദുഃഖിക്കും. അവളോടു കൂടി തൊഴിൽ ചെയ്തവർ അവളുടെ ന്യായവിധി കണ്ടു സ്തംഭിച്ചുപോകും.

18-20 വരെയുള്ള വാക്യങ്ങളിൽ മഹാനഗരം ഒരു മണിക്കൂർകൊണ്ടു നശിച്ചുപോയല്ലോ എന്നു പറഞ്ഞു കര യുന്ന കാഴ്ച കാണുന്നു. ദൈവത്തെ കൂടാതെയുള്ള ദുഃഖം കണ്ടു സ്വർഗ്ഗം സന്തോഷിക്കുന്നു. ദൈവം വിശുദ്ധ ന്മാർക്കുവേണ്ടി പ്രതികാരം നടത്തിയതാണ് മഹാസന്തോഷത്തിന്റെ കാരണം. ശക്തനായ ഒരു ദൂതൻ തിരിക ല്ലോളം വലിപ്പമുള്ള ഒരു കല്ലു സമുദ്രത്തിൽ എറിഞ്ഞു. ബാബിലോണിന്റെ നിർമ്മൂലനാശത്തെ ഇതു സൂചിപ്പിക്കു ന്നു. അതിന്റെ പ്രതാപവും സന്തോഷവും എന്നേക്കുമായി അവസാനിച്ചിരിക്കുന്നു. അവളുടെ ക്ഷുദ്രപ്രയോഗത്താൽ ഇനിയും ആരും വശീകരിക്കപ്പെടുകയില്ല. അവളുടെ രക്തച്ചൊരിച്ചിലിനു തക്ക പ്രതികാരം ലഭിച്ചിരിക്കുന്നു.

**അദ്ധ്യായം 19**

## ക്രിസ്തുവിന്റെ പുനരാഗമനം

19-ാം അദ്ധ്യായത്തിലെ ആദ്യത്തെ 10 വാക്യങ്ങളിൽ സ്വർഗ്ഗത്തിലെ ആഘോഷമാണ് യോഹന്നാൻ കേൾക്കുന്നത്. 'ഹല്ലേലുയ്യാ രക്ഷയും മഹത്വവും ശക്തിയും നമ്മുടെ ദൈവത്തിനുള്ളത്' എന്നാണ് ഘോഷിക്കു ന്നത്. ഹല്ലേലുയ്യാ എന്ന വാക്കിന്റെ അർത്ഥം യഹോവയെ സ്തുതിപ്പിൻ എന്നാണ്. നാലു കാര്യങ്ങളോടു ബന്ധ പ്പെട്ടാണ് ഹല്ലേലുയ്യാ പാടുന്നത്. മഹതിയാം ബാബിലോണിന്റെ ന്യായവിധി, സർവ്വശക്തിയുള്ള നമ്മുടെ ദൈവ മായ കർത്താവു രാജത്വം ഏറ്റെടുത്തു, കുഞ്ഞാടിന്റെ കല്യാണം, കുഞ്ഞാടിന്റെ കാന്ത ഒരുങ്ങിയിരിക്കുന്നു എന്നി വയാണ് അവ. 24 മൂപ്പന്മാരും 4 ജീവികളും ഉച്ചത്തിൽ ആമേൻ, ഹല്ലേലുയ്യാ എന്നു പറഞ്ഞു. അവരും ഹല്ലേലുയ്യാ ഗാനത്തിൽ പങ്കുകൊണ്ടു എന്നു സാരം. തുടർന്നു യോഹന്നാൻ കേൾക്കുന്നതു സിംഹാസനത്തിൽനിന്നും പുറ പ്പെടുന്ന ശബ്ദമാണ്. 'നമ്മുടെ ദൈവത്തിന്റെ സകല ദാസന്മാരുമായ ചെറിയവരും വലിയവരുമായുള്ളോരേ, ദൈവത്തെ വാഴ്ത്തുവിൻ' എന്ന ആഹ്വാനമാണ് കേട്ടത്. തുടർന്നു ക്രിസ്തു രാജത്വം ഏറ്റെടുത്തിരിക്കുന്നു എന്നുള്ള ഗാനം ആലപിക്കുന്നതായി കാണുന്നു. അതു പെരുവെള്ളത്തിന്റെ ഇരച്ചിൽപോലെ മുഴക്കമുള്ളതായിരുന്നു. മഹോ പദ്രവം തീർന്നു. ബാബിലോണു നാശം സംഭവിച്ചു. കുഞ്ഞാടിന്റെ കല്യാണം വന്നിരിക്കുന്നു. വിശുദ്ധന്മാരുടെ നീതിപ്രവൃത്തികളാകുന്ന ശുഭ്രവും ശുദ്ധവുമായ വിശേഷവസ്ത്രങ്ങൾകൊണ്ടു സഭ തന്നെത്താൻ അലങ്കരിച്ചിരി ക്കുന്നു. സഭ രക്ഷിക്കപ്പെട്ടവരുടെ സമൂഹം അത്രെ.

കുഞ്ഞാടിന്റെ കല്യാണത്തിനു ക്ഷണിക്കപ്പെട്ടവർ ഭാഗ്യവാന്മാരാകുന്നു. യോഹന്നാൻ ദൂതനെ ആരാധിക്കു വാൻ കാല്ക്കൽ വീണു. അവൻ അതിനു സമ്മതിച്ചില്ല. ദൈവം മാത്രം ആരാധ്യനാകുന്നു. ദൂതൻ യേശുവിന്റെ സാക്ഷ്യം ഉള്ളവർക്കു സഹഭൃത്യനാണ്. പ്രവചനം യേശുവിന്റെ സാക്ഷ്യവും യേശു വിനെ മഹത്വപ്പെടുത്തുവാനു ള്ളതുമാണ്. 11 മുതലുള്ള വാക്യങ്ങളിൽ ക്രിസ്തുവിനെ വെളിപ്പെടുത്തുന്നു. സ്വർഗ്ഗത്തിൽനിന്നും ഒരു വെള്ളക്കു തിര ഇറങ്ങി വരുന്നു. അതിന്മേൽ ഇരിക്കുന്നവന്റെ പേരുകൾ ശ്രദ്ധിക്കുക. വിശ്വസ്തനും സത്യവാനും, ദൈവവച നം, രാജാധിരാജാവ്, കർത്താധികർത്താവ്. ഇവ കൂടാതെ എഴുതിയിട്ടുള്ള ഒരു നാമവും ഉണ്ട്. അത് അവനല്ലാതെ ആർക്കും അറിഞ്ഞുകൂടാ. ഈ പേരുകൾ നമ്മുടെ കർത്താവിന്റെ സ്ഥാനമാനങ്ങളെ കാണിക്കുന്നു. കർത്താവിന്റെ പുനരാഗമനത്തെക്കുറിച്ചാണ് നാം ഇവിടെ കാണുന്നത്. അത് ആഡംബരത്തോടെ ആയിരിക്കും സംഭവിക്കുന്നത്.

അവന്റെ കണ്ണ് അഗ്നിജ്വാലയ്ക്കൊത്തതാണ്. അവൻ സകലവും കാണുന്നു. നീതിയോടെ ന്യായംവിധിക്കും. അവന്റെ തലയിൽ അനേകം രാജമുടികൾ ഉണ്ട്. അവൻ വിജയാളിയാണ്. അവൻ രക്തത്തിൽ മുക്കിയ ഉടുപ്പു ധരി ച്ചിരിക്കുന്നു. അതു കളങ്കമില്ലാത്ത പ്രായശ്ചിത്തരക്തമാണ്. അതിൽ അങ്കിയലക്കി വെടിപ്പാക്കുന്നവർ ഭാഗ്യവാ ന്മാർ. അവന്റെ വായിൽനിന്നും പുറപ്പെടുന്ന വചനംകൊണ്ടു ജാതികളെ നശിപ്പിക്കും. ഇരുമ്പുകോലുകൊണ്ട് അവരെ ഭരിക്കും. നമ്മുടെ കർത്താവു രാജാധിരാജാവും കർത്താധികർത്താവുമാകുന്നു. 17,18 വാക്യങ്ങളിൽ ഒരു ദൂതൻ സൂര്യനിൽ നിന്നുകൊണ്ടു സകല പക്ഷികളോടും മഹാദൈവത്തിന്റെ അത്താഴത്തിനായി കൂടുവാൻ ആഹ്വാനം ചെയ്യുന്നു. ദൈവത്തിന്റെ ശത്രുക്കളുടെ ശവങ്ങൾ അവ തിന്നുതീർക്കും. കർത്താവു രാജത്വം സ്വീകരിക്കുന്നതിനെ എതിർക്കുന്നവരാണ് മൃഗവും കൂട്ടാളികളും. അവർ കർത്താവിനോടും അവന്റെ സൈന്യത്തോടും യുദ്ധം ചെയ്യു വാൻ വരും. കർത്താവിന്റെ വായിൽനിന്നും വരുന്ന വചനത്താൽ അവർ സംഹരിക്കപ്പെടും. പക്ഷികൾക്ക് അവ രുടെ ശവം തിന്നു തൃപ്തി വരും. മൃഗവും കള്ളപ്രവാചകനും ഗന്ധകം കത്തുന്ന തീപ്പൊയ്കയിൽ ജീവനോടെ എറിയപ്പെടും.

**അദ്ധ്യായം 20**

## സാത്താൻ ബന്ധിക്കപ്പെടുന്നു

പിശാചിനും സാത്താനും വരുവാനുള്ള ന്യായവിധിയെക്കുറിച്ചാണ് ഈ അദ്ധ്യായത്തിൽ ചൂണ്ടിക്കാണിക്കു ന്നത്. ബൈബിളിൽ മറ്റൊരിടത്തും പറഞ്ഞിട്ടില്ലാത്ത കാര്യങ്ങൾ ഈ അദ്ധ്യായത്തിൽ കാണാം. വേദപണ്ഡിത ന്മാർ ഈ അദ്ധ്യായത്തിലെ വിഷയങ്ങൾ വ്യാഖ്യാനിക്കുന്നതിൽ ഒരേ അഭിപ്രായക്കാരല്ല.

ആദ്യത്തെ മൂന്നു വാക്യങ്ങളിൽ സാത്താനെ അഗാധത്തിൽ പൂട്ടിയിടുന്നതായി കാണുന്നു. ആയിരമാണ്ടുകാലത്തേക്കാണ് സാത്താനെ പൂട്ടിയിടുന്നത്. ജാതികളെ വഞ്ചിക്കാതിരിക്കുവാനാണ് അങ്ങനെ ചെയ്യുന്നത്. അല്പ കാലം കഴിഞ്ഞ് അവനെ അഴിച്ചുവിടേണ്ടതാകുന്നു. മനുഷ്യനെ വഞ്ചിക്കുന്ന അവന്റെ പ്രവൃത്തി മനുഷ്യനോളം തന്നെ പഴക്കമുള്ളതാകുന്നു.

അഗാധകൂപം എന്ന വാക്കിന്റെ അർത്ഥം അടിയില്ലാത്ത കുഴി എന്നാണ്. സഹസ്രാബ്ദവാഴ്ചയുടെ കാലം മുഴുവൻ സാത്താൻ അഗാധകൂപത്തിലായിരിക്കും. അപ്പോൾ സംഭവിക്കുന്ന കാര്യങ്ങൾ നാം 4–6 വരെയുള്ള വാക്യങ്ങളിൽ കാണുന്നു. ന്യായാസനങ്ങൾ, അതിൽ ഇരിക്കുന്നവർ ന്യായം വിധിക്കുന്നു, യേശുവിന്റെ സാക്ഷ്യവും ദൈവവചനവും നിമിത്തം തല ഛേദിക്കപ്പെട്ടവരും മൃഗത്തെയോ അതിന്റെ പ്രതിമയെയോ നമസ്കരിക്കാത്തവരും ജീവിച്ചു ക്രിസ്തുവിനോടു കൂടെ വാഴുന്നു, ഒന്നാം പുനരുത്ഥാനം നടക്കുന്നു. ഇതാണ് ആയിരമാണ്ടുവാഴ്ച. അങ്ങനെ ഒരു വാഴ്ച ഭൂമിയിൽ ഉണ്ടാകയില്ല എന്നു വാദിക്കുന്നവരുണ്ട്. അതു സ്വർഗ്ഗത്തിലാണെന്നും അഭിപ്രായപ്പെടുന്നവർ ഉണ്ട്. കർത്താവ് വിശ്വാസികളിൽ കൂടി ഇന്നു വാണുകൊണ്ടിരിക്കുന്നു എന്നു മറ്റു ചിലർ പറയുന്നു. നമ്മുടെ കർത്താവ് എന്നേക്കും രാജാവാണ്. നിത്യമായ ആ കാലയളവിന് അലങ്കാര ഭാഷയിൽ ആയിരമാണ്ടുവാഴ്ച എന്നു പറയുന്നു എന്നു വിശ്വസിക്കുന്നവരുമുണ്ട്. എന്നാൽ ഇവിടെ പറയുന്നത് 'അവർ ജീവിച്ച് ആയിരമാണ്ടു ക്രിസ്തുവിനോടു കൂടെ വാണു, മരിച്ചവരിൽ ശേഷമുള്ളവർ ആയിരമാണ്ടു കഴിയുവോളം ജീവിച്ചില്ല, ഇത് ഒന്നാമത്തെ പുനരുത്ഥാനം' എന്നത്രെ (20:4,5). അതുകൊണ്ട് ആയിരമാണ്ട് ഒരു നിശ്ചിത കാലയളവാണെന്നു മനസ്സിലാക്കാം. രണ്ടു പുനരുത്ഥാനങ്ങൾക്ക് ഇടയിലുള്ള കാലയളവാണെന്നും ഗ്രഹിക്കുവാൻ പ്രയാസമില്ല. ക്രിസ്തുവിനോടുകൂടെ വാഴേണ്ടവരാണ് ഒന്നാം പുനരുത്ഥാനത്തിൽ പങ്കുള്ളവർ. വീണ്ടെടുക്കപ്പെട്ടവർ കർത്താവിനോടു കൂടെ വാഴുന്ന യുഗമാണ് ഇത്. സാത്താനെ ബന്ധിച്ച് അവന്റെ വഞ്ചനയിൽനിന്നും സംരക്ഷിച്ച് ദൈവ സൃഷ്ടിയുടെമേൽ മനുഷ്യൻ ആധിപത്യം നടത്തുന്ന സമാധാനത്തിന്റെയും സമൃദ്ധിയുടെയും സമ്പൂർണ്ണയുഗമാണ് ഇത്. അതിനായി തിരഞ്ഞെടുക്കപ്പെട്ടവർ ഭാഗ്യവാന്മാർ!

ഒന്നാം പുനരുത്ഥാനത്തിനു പല ഘട്ടങ്ങൾ ഉണ്ടെന്ന് അഭിപ്രായപ്പെടുന്നവർ ഉണ്ട്. ഒന്നാം പുനരുത്ഥാനം നീതിമാന്മാരുടെയും രണ്ടാം പുനരുത്ഥാനം ന്യായവിധിക്കായുള്ള ദുഷ്ടന്മാരുടെയും ആയിരിക്കും (യോഹ. 5:29; പ്രവൃ. 24:15).

ആയിരമാണ്ടുവാഴ്ചയ്ക്കുശേഷം സാത്താൻ സ്വതന്ത്രൻ ആകും. അവൻ ലോകജാതികളെ ക്രിസ്തുവിനെതിരെ വശീകരിക്കും. ദൈവത്തിനും ദൈവജനത്തിനും എതിരെ യുദ്ധം ചെയ്യുവാനാണ് അവരെ വശീകരിക്കുന്നത്. ഭൂമിയുടെ നാലു ദിക്കിലുള്ള ജാതികളെ യുദ്ധത്തിനായി കൂട്ടിവരുത്തും. ഇവിടെ ഗോഗ്, മാഗോഗ് എന്ന പ്രയോഗം ശ്രദ്ധിക്കേണ്ടതാണ്. യെഹെസ്കേൽ 38:1–3; 39:1 ൽ കാണുന്ന മാഗോഗ് യിസ്രായേലിനു വടക്കുള്ള ഒരു ദേശമായിരുന്നു. ഗോഗ് ഒരു പ്രഭുവും മാഗോഗ് ഒരു ദേശവുമാണ് (യെഹെ. 38,39). എന്നാൽ വെളിപ്പാടിലെ ഗോഗ്, മാഗോഗ് ഭൂമിയിലെ സകല ജാതികളേയും കാണിക്കുന്നു. അവർ വിശുദ്ധന്മാരുടെ പാളയത്തെയും പ്രിയ നഗരത്തെയും വളയും. എന്നാൽ സ്വർഗ്ഗത്തിൽനിന്നും തീയിറങ്ങി അവരെ ദഹിപ്പിക്കും. സാത്താനെ മൃഗവും കള്ള പ്രവാചകനും കിടക്കുന്ന തീപ്പൊയ്കയിൽ രാപ്പകൽ ദണ്ഡനം അനുഭവിക്കുവാൻ തള്ളിയിടും. നരകത്തിൽ ആരും ഇല്ലാതെയാകയില്ല എന്ന സത്യം ഇവിടെ തെളിയുന്നു (20:10).

20:11–15 വരെ നാം കാണുന്നത് അന്ത്യന്യായവിധിയെക്കുറിച്ചാണ്. വെള്ളസിംഹാസനത്തിലെ ന്യായവിധി എന്ന് ഇത് അറിയപ്പെടുന്നു. കർത്താവു തന്റെ സമ്പൂർണ്ണതയിൽ ഇരിക്കുന്ന സിംഹാസനമാണ് ഇത്. മരിച്ചവർ ആബാലവൃദ്ധം ഇവിടെ പ്രത്യക്ഷപ്പെടുന്നു. ഒന്നാം പുനരുത്ഥാനത്തിൽ ഉയിർ ത്തെഴുന്നേൽക്കാത്തവരാണ് ഇവർ. സകല കാലങ്ങളിലുമുള്ള അവിശ്വാസികൾ ഇതിൽ ഉൾപ്പെടും. രണ്ടു പുസ്തകങ്ങൾ തുറക്കപ്പെടും. അവരവരുടെ പ്രവൃത്തികൾ രേഖപ്പെടുത്തിയ പുസ്തകവും ജീവപുസ്തകവും ആണ് അവ. ജീവന്റെ പുസ്തകത്തിൽ പേരില്ലാത്ത ഏവരേയും തീപ്പൊയ്കയിൽ തള്ളിയിടും. അവർ രക്ഷിക്കപ്പെടാത്ത അവിശ്വാസികൾ ആണ്. കൂടാതെ ഓരോരുത്തന് അവനവന്റെ പ്രവൃത്തികൾക്കു യോഗ്യമായ ന്യായവിധി ഉണ്ടാകും. നരകത്തിൽ ലഭിക്കുന്ന ശിക്ഷ വ്യത്യസ്തമായിരിക്കും എന്നു സാരം. മനുഷ്യരുടെ രഹസ്യങ്ങളെ വെളിപ്പെടുത്തുന്ന ദിവസമായിരിക്കും അത്. നമ്മുടെ പ്രവൃത്തി നാം എന്തു വിശ്വസിക്കുന്നു എന്നു തെളിയിക്കുന്നു. ക്രിസ്തുവിൽ വിശ്വസിക്കുന്നവർ അവനെ അനുസരിക്കുന്നു. അന്ത്യന്യായവിധിയിങ്കൽ പരിശോധിക്കപ്പെടുന്ന പ്രവൃത്തി നാം ക്രിസ്തുവിൽ വിശ്വസിച്ചവരാണോ എന്നുള്ളതത്രെ (റോമ. 2:16). അന്ത്യന്യായവിധിയിൽ മരണത്തെയും പാതാളത്തെയും തീപ്പൊയ്കയിൽ തള്ളിയിട്ടു. ഈ തീപ്പൊയ്ക രണ്ടാമത്തെ മരണം എന്നു പറയുന്നു. പാതാളവും നരകവും ഒന്നല്ല. പാതാളം പാപികളുടെ ആത്മാവു മരണത്തിനും വെള്ളസിംഹാസനത്തിലെ ന്യായവിധിക്കും മദ്ധ്യേ വസിക്കുന്ന സ്ഥലം ആകുന്നു. വിശ്വാസികൾ മരിക്കുമ്പോൾ അവരുടെ ആത്മാവു കർത്തൃസന്നിധിയിലേക്കു മാറ്റപ്പെടുന്നു (ഫിലി. 1:23). മരണവും പാതാളവും തീപ്പൊയ്കയിൽ തള്ളപ്പെടും. പിന്നെ മരണം ഉണ്ടാകയില്ല. ഒടുക്കത്തെ ശത്രുവായ മരണം നീങ്ങിപ്പോകും. പുതിയ ആകാശവും പുതിയ ഭൂമിയും ഉളവാകും. ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവരേയും തീപ്പൊയ്കയിൽ തള്ളിയിടും.

## അദ്ധ്യായം 21

## പുതിയ ആകാശവും പുതിയ ഭൂമിയും

21-ാം അദ്ധ്യായം ആരംഭിക്കുന്നതു യോഹന്നാൻ പുതിയ ആകാശവും പുതിയ ഭൂമിയും കണ്ടു എന്ന പ്രസ്താവനയോടെയാണ്. “ഇതാ, ഞാൻ സകലവും പുതുതാക്കുന്നു.” പുതുതാക്കിയ സകലത്തേയും യോഹന്നാൻ വിവരിക്കുന്നില്ല. എന്നാൽ പുതിയ യെരൂശലേമിനെക്കുറിച്ചു ചില കാര്യങ്ങൾ പറയുന്നുണ്ട്. യെശയ്യാപ്രവചനത്തിലും പുതിയ ആകാശഭൂമികളെക്കുറിച്ചു പറയുന്നുണ്ട് (യെശ. 66:22). ദൈവമക്കൾ നീതി വസിക്കുന്ന പുതിയ ആകാശത്തിനും പുതിയ ഭൂമിക്കുമായി കാത്തിരിക്കുന്നവരാകുന്നു (2 പത്രൊ. 3:13). എബ്രായലേഖന കർത്താവ് ഇളകാത്ത രാജ്യത്തെക്കുറിച്ചു പ്രസ്താവിക്കുന്നുണ്ട് (എബ്രാ. 12:28).

യോഹന്നാൻ കണ്ട പുതിയ ഭൂമിയിൽ സമുദ്രം ഇല്ല. എന്നാൽ അതിൽ ജീവജലനദിയും ജീവവൃക്ഷവും ഉണ്ട് (22:1,2). അവിടെ മരണമില്ല, ദുഃഖവും മുറവിളിയും കഷ്ടതയും ഇല്ല. സൂര്യചന്ദ്രന്റെ ആവശ്യം ഇല്ല. പാപികൾ ഇല്ല. പാപത്തിന്റെ സാന്നിദ്ധ്യവും ശാപവും അവിടെയില്ല. അതാണ് വിശ്വാസികളുടെ പ്രത്യാശ. പുതിയ യെരൂശലേം മണവാട്ടിയെപ്പോലെ സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങിവരുന്നതു യോഹന്നാൻ കണ്ടു. താൻ ഒരു മഹാശബ്ദവും കേട്ടു. “ഇതാ, മനുഷ്യരോടുകൂടെ ദൈവത്തിന്റെ കൂടാരം; അവൻ അവരോടു കൂടെ വസിക്കും.” ഇവിടെ ദൈവജനത്തെയും കുഞ്ഞാടിന്റെ കാന്തയെയും വിശുദ്ധനഗരത്തെയും ഒരുമിച്ചുകാണുന്നു. ദൈവം മനുഷ്യരോടുകൂടെ വസിക്കുവാൻ എന്നും ആഗ്രഹിച്ചിരുന്നു. സമാഗമനകൂടാരത്തിലും ദൈവാലയത്തിലും അവന്റെ സാന്നിദ്ധ്യം ഉണ്ടായിരുന്നു. ഇന്നു ദൈവം സഭയിലും വിശ്വാസികളിലും വസിക്കുന്നു. അതിന്റെ സമ്പൂർണ്ണ വെളിപ്പാടാണ് പുതിയ യെരൂശലേം.

വിശുദ്ധനഗരത്തെക്കുറിച്ച് യോഹന്നാൻ കണ്ട വിവരണമാണ് നാം 9-22 വരെയുള്ള വാക്യങ്ങളിൽ കാണുന്നത്. വിശുദ്ധനഗരം തേജസ്സുള്ളതാണ്. ദൈവത്തിന്റെ വിശുദ്ധിയും തേജസ്സുമുള്ള നഗരം എന്നു സാരം. തേജസ്സു ദൈവത്തിന്റെ സമ്പൂർണ്ണതയെ കാണിക്കുന്നു. അതിനെ അലങ്കരിച്ചിരിക്കു ന്നതു വിവിധ രത്നങ്ങൾകൊണ്ടാണ്. അതിനു പൊക്കമുള്ള മതിലും 12 ഗോപുരവും ഗോപുരത്തിൽ 12 ദൂതന്മാരും ഉണ്ട്. യിസ്രായേൽ ഗോത്രത്തിന്റെ 12 പേരുകൾ കൊത്തിയിട്ടുണ്ട്. മതിലിന്റെ 12 അടിസ്ഥാനങ്ങളിൽ കുഞ്ഞാടിന്റെ 12 അപ്പൊസ്തലന്മാരുടെ പേരുകൾ ഉണ്ട്. പൊന്നുകൊണ്ടുള്ള കോലുകൊണ്ടു ദൂതൻ അളക്കുന്നു. ഇതൊക്കെയും യോഹന്നാൻ വിവരിക്കുന്നതു ദൈവജനത്തിന്റെ മഹത്വം മനുഷ്യസങ്കല്പങ്ങൾക്ക് അതീതമാണെന്നു വ്യക്തമാക്കുവാനാണ്. 12, ഭരണത്തെയോ ഭരണകൂടങ്ങളെയോ പ്രതിനിധാനം ചെയ്യുന്നതായി പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു.

22-ാം വാക്യത്തിൽ മന്ദിരം അതിൽ കണ്ടില്ല. സർവ്വശക്തിയുള്ള ദൈവമായ കർത്താവും കുഞ്ഞാടും അതിന്റെ മന്ദിരം ആകുന്നു എന്നു കാണുന്നു. മന്ദിരം ദൈവസാന്നിദ്ധ്യത്തെ കാണിക്കുന്നു. പുതിയ യെരൂശലേം ദൈവസാന്നിദ്ധ്യംകൊണ്ടു നിറഞ്ഞിരിക്കും എന്നു സാരം. 24-27 വരെയുള്ള വാക്യങ്ങളിൽ നഗരത്തിലെ ജീവിതരീതികളെക്കുറിച്ചാണ് വിവരിക്കുന്നത്. ജാതികൾ അതിന്റെ വെളിച്ചത്തിൽ നടക്കും. ഭൂമിയിലെ രാജാക്കന്മാർ തങ്ങളുടെ മഹത്വം അതിലേക്കു കൊണ്ടുവരും. ഇവരെക്കുറിച്ചു വ്യക്തമായ ഒരു വിശദീകരണം അസാദ്ധ്യമാകുന്നു. രാത്രി അവിടെയില്ല. ദൈവതേജസ്സിനാൽ നഗരം പ്രകാശിതം ആയിരിക്കും. യാതൊരു അശുദ്ധിയും അവിടെ ഉണ്ടായിരിക്കയില്ല.

### അദ്ധ്യായം 22

## പുതിയ യെരൂശലേമിനെക്കുറിച്ചുള്ള വിവരണം (22:1-5)

നഗരത്തിന്റെ വീഥിയിൽ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനം ഉണ്ടായിരിക്കും. സിംഹാസനത്തിൽനിന്നും ജീവജലനദി പുറപ്പെടുന്നു. നദിയുടെ ഇരുകരകളിലും ജീവവൃക്ഷം ഉണ്ട്. അതു പന്ത്രണ്ടു മാസവും അതതു ഫലം കായിക്കുന്നു. ഇതൊക്കെയും നിത്യജീവന്റെ സമൃദ്ധിയെയും ദൈവത്തിന്റെ കരുതലിനെയും കാണിക്കുന്നു. വൃക്ഷത്തിന്റെ ഇല ജാതികളുടെ രോഗശാന്തിക്ക് ഉതകുന്നു. അതു രോഗമില്ലാത്ത സമ്പൂർണ്ണതയെ കാണിക്കുന്നു. ശാപം ഇനിയും ഉണ്ടാകയില്ല. ശാപത്തിന്റെ കാരണം പാപമാണ്. നഗരം വിശുദ്ധി നിറഞ്ഞതാണ്. അവന്റെ ദാസന്മാർ അവനെ ആരാധിക്കും. അവർ എന്നേക്കും രാജാക്കന്മാർ ആയിരിക്കും. ദൈവജനത്തിന്റെ രണ്ടു ശുശ്രൂഷകൾ ഇവിടെ കാണാം. അവർ ആരാധിക്കുന്ന പുരോഹിതന്മാരാണ്; അപ്പോൾ തന്നെ ജാതികളുടെ മേൽ ആധിപത്യം നടത്തുന്ന രാജാക്കന്മാരും ആകുന്നു. ദൈവജനം രാജപുരോഹിതവർഗ്ഗം ആകുന്നു. അവർ അവന്റെ മുഖം കാണും. കർത്താവിനെ നാം അവന്റെ തേജസ്സിൽ കാണും. അവന്റെ നാമം അവരുടെ നെറ്റിയിൽ ഇരിക്കും. ദൈവത്തിന്റെ വകയാണ് അവർ എന്നു തിരിച്ചറിയുവാനുള്ള മുദ്രയാണ് അത്. അങ്ങനെ ‘കുഞ്ഞാടിന്റെ കാന്തയായ മണവാട്ടി എന്ന നിലയിൽ കർത്താവിന്റെ സ്നേഹബന്ധവും ദൈവത്തിന്റെ നിവാസമായ നഗരം എന്ന നിലയിൽ ദൈവത്തിന്റെ മഹത്വവും ദൈവരാജ്യം എന്ന നിലയിൽ ദൈവത്തിന്റെ ഭരണവും ഒന്നുചേർന്ന അനുഭവമായിരിക്കും പുതിയ യെരൂശലേമിന്റെ അനുഭവം’ എന്ന് ഒരു ഭക്തൻ പറഞ്ഞിട്ടുണ്ട്.

## അന്ത്യമുന്നറിയിപ്പും ആശീർവാദവും (22:6-21)

യോഹന്നാൻ കാണുകയും കേൾക്കുകയും ചെയ്ത കാര്യങ്ങളാണ് നാം പഠിച്ചുകൊണ്ടിരുന്നത്. ദൂതൻ വെളിപ്പെടുത്തിക്കൊടുത്ത കാര്യങ്ങളുടെ വിശ്വാസ്യതയെ ഉറപ്പിച്ചു പ്രസ്താവിക്കുന്നതായി കാണാം. ഈ പ്രവചനം ദൈവം തന്റെ ആത്മാവു മുഖാന്തരം യോഹന്നാനെക്കൊണ്ട് എഴുതിപ്പിച്ചതാണ്. കർത്താവു വേഗം വരുവാൻ പോകുന്നു. ഈ പ്രവചനത്തിൽ കല്പിച്ചിരിക്കുന്നതു പ്രമാണിക്കുന്നവർ ഭാഗ്യവാന്മാർ. ദൂതൻ ആരാധ്യനല്ല. അവൻ കേവലം സഹഭൃത്യനാകുന്നു. ദൈവം മാത്രം ആരാധ്യനാകുന്നു. രക്ഷിക്കപ്പെട്ടവരെ ശുശ്രൂഷിക്കുവാൻ ദൂതന്മാരെ നിയമിച്ചിരിക്കുന്നു (എബ്രാ. 1:13,14). ഈ വചനം മുദ്രയിടരുതെന്നു പറയുന്നു. അത് അന്ത്യകാലത്തിന്റെ കാര്യങ്ങളും എല്ലാവരും അറിയേണ്ടതുമാണ്. നീതിമാൻ ഇനിയും നീതിചെയ്യട്ടെ. വിശുദ്ധൻ ഇനിയും തന്നെ വിശുദ്ധീകരിക്കട്ടെ. ദൈവമക്കളുടെ പ്രവൃത്തികൾ ദൈവത്തിന്റെ നീതിക്കു ചേർന്നതായിരിക്കണം. കർത്താവു പ്രതിഫലവുമായി വരുന്നു. കർത്താവു യഥാവാനാകുന്നു. കർത്താവിന്റെ കല്പനകൾ അനുസരിക്കുന്നവർ ഭാഗ്യവാന്മാരാണ്. പാപത്തിൽ ജീവിക്കുന്നവർ തീയും ഗന്ധകവും കത്തുന്ന തീപ്പൊയ്കയ്ക്കു യോഗ്യരാകും.

യേശു ഈ ദൂതു സഭയെ അറിയിക്കുവാൻ തന്റെ ദൂതനെ അയച്ചിരിക്കുന്നു. കർത്താവിനെ ഉദയനക്ഷത്രം എന്നു വിളിച്ചിരിക്കുന്നു. അവൻ രോഗോപശാന്തിയോടുകൂടെ നീതിസൂര്യനായി ഭൂമിയിലേക്കു വരും. 17-ാം വാക്യത്തിൽ ആത്മാവും മണവാട്ടിയും നൽകുന്ന ആഹ്വാനം ശ്രദ്ധേയമാണ്. 'ദാഹിക്കുന്നവൻ വരട്ടെ; ഇച്ഛിക്കുന്നവൻ ജീവജലം സൗജന്യമായി വാങ്ങട്ടെ.' കേൾക്കുന്നവരും ഇതു പറയുവാൻ ആവശ്യമുണ്ട്. ആർക്കും വരാം. ജീവജലത്തിനായിട്ടാണ് വരേണ്ടത്. കുടിക്കുന്നവർക്കു ദാഹശമനം ഉണ്ടാകും. നിത്യമായ നാശത്തിലേക്ക് അതിവേഗം കുതിച്ചുകൊണ്ടിരിക്കുന്ന ലോകത്തിന് ഈ ആഹ്വാനം നൽകുവാൻ നാം കടപ്പെട്ടവരാകുന്നു. അതിനു കർത്താവു നമ്മെ ഏവരേയും സഹായിക്കട്ടെ.

വെളിപ്പാടു പുസ്തകത്തോടു യാതൊന്നും കൂട്ടിച്ചേർക്കുവാൻ പാടുള്ളതല്ല. ഈ പുസ്തകത്തിലെ ബാധകൾ അവർക്കുണ്ടാകും. അതിൽനിന്ന് ഒന്നും നീക്കിക്കളയരുത്. ദൈവവചനത്തിന്റെ ദൈവനിശ്വസ്തതയും പൂർണ്ണതയും ചോദ്യം ചെയ്യുന്നവർ ശിക്ഷാർഹരാണ്. വെളിപ്പാടു പുസ്തകം അനുഗ്രഹാശംസയോടെയാണ് ഉപസംഹരിക്കുന്നത്. കർത്താവു വേഗം വരുന്നു എന്നുള്ള വാഗ്ദത്തവും നൽകിയിരിക്കുന്നു. ഈ പ്രത്യാശയുള്ളവർ യോഹന്നാനോടു ചേർന്ന് 'ആമേൻ, കർത്താവായ യേശുവേ, വരണമേ' എന്നു പറയുന്നവർ ആകും. അതിനു കർത്താവു നമ്മെ ഏവരേയും സഹായിക്കട്ടെ. കർത്താവിന്റെ വിലയേറിയ നാമം ഇന്നും എന്നേക്കും മഹത്വപ്പെടുമാറാകട്ടെ. ആമേൻ!

***